# പഞ്ചായത്ത് രാജ്

പുസ്തകം 49 ♦ ലക്കം 3

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

ജൂൺ 2009




## വയനാട്ടിലെ പഞ്ചായത്തുകൾ ഒരു പടികൂടി മുന്നോട്ട്

# ഫ്രണ്ട് ഓഫീസ് സംവിധാനം എല്ലാ ഗ്രാമപഞ്ചായത്തുകളിലേയ്ക്കും

## ജനനം രജിസ്റ്റർ ചെയ്യുമ്പോൾത്തന്നെ കുട്ടിയുടെ പേരു ചേർക്കണമോ?

‘നമ്മുടെ പഞ്ചായത്ത്
ശുചിത്വത്തിന്റെ പാതയിൽ

പഞ്ചായത്തിന്റെ ശുചിത്വം
നമ്മുടെ കൈകളിൽ’



- പകർച്ചവ്യാധികളെ അകറ്റി നിർത്തുക
- പരിസര ശുചിത്വ പ്രവർത്തനങ്ങൾക്ക് മുൻകൈ എടുക്കുക

**നമ്മുടെ ലക്ഷ്യം**
**മാലിന്യമുക്ത കേരളം**



പബ്ലിസിറ്റി വിഭാഗം, പഞ്ചായത്ത് വകുപ്പ്

# ഉള്ളടക്കം


5 എഡിറ്ററുടെ പേജ്

6 ഫ്രണ്ട് ഓഫീസ്
വയനാട് ജില്ലാതല പ്രഖ്യാപനം
പഞ്ചായത്ത് ന്യൂസ് സർവ്വീസ്

10 ഫ്രണ്ട് ഓഫീസ് സംവിധാനം
എല്ലാ ഗ്രാമപഞ്ചായത്തുകളിലേയ്ക്കും
പഞ്ചായത്ത് ന്യൂസ് സർവ്വീസ്

12 അർത്ഥപൂർണ്ണമായ രണ്ട് ദിവസങ്ങൾ
കാർമ്മൽ ജോർജ്

14 പഞ്ചായത്ത് അസോസിയേഷൻ
ഗവേഷണ മേഖലയിലേയ്ക്ക്
പഞ്ചായത്ത് ന്യൂസ് സർവ്വീസ്






18 തണ്ണീർതടങ്ങൾക്കൊരു
സംരക്ഷണ നിയമം
എൻ.സുരാജ്



20 മഴക്കാലരോഗങ്ങളും
പ്രതിവിധിയും - 2
ഡോ. ജോസ്മോൻ ജോർജ്

24 അധികാര വികേന്ദ്രീകരണ
ചർച്ചാ വേദിയിൽ നിന്ന്
ഡോ. ജോയ് ഇളമൺ



26 ജനന മരണ രജിസ്ട്രേഷൻ
നിരന്തരം ഉന്നയിക്കുന്ന ചോദ്യങ്ങൾ
പഞ്ചായത്ത് ന്യൂസ് സർവ്വീസ്



30 സുസ്ഥിര ആരോഗ്യം
യോഗവിദ്യയിലൂടെ
എം. ഹരിദാസൻ

33 പഞ്ചായത്ത് അക്കൗണ്ട്:
ചോദ്യങ്ങളും ഉത്തരങ്ങളും
ഉദയഭാനു കണ്ടേത്ത്

34 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി:
പന്തളം തെക്കേക്കരയിൽ
പരാതിപരിഹാര അദാലത്ത്
എം.കെ. രാധാകൃഷ്ണൻ നായർ



35 ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി:
വിളപ്പിൽ ഗ്രാമം മാതൃക
സി.എസ്. വിജയകുമാർ

36 തമിഴ്നാട്ടിലെ ഗ്രാമക്കാഴ്ചകൾ
റോയ് ചാക്കോ ഇളമണ്ണൂർ

37 കൗമാരരോഗങ്ങളും പ്രശ്നങ്ങളും
ഡോ. തോമസ് വർഗ്ഗീസ്



38 തേഞ്ഞുമാഞ്ഞുപോകുന്ന
ഗ്രാമീണമൊഴിമുത്തുകൾ
മുരളീധരൻ തഴക്കര

40 ഗൃഹശ്രീയുടെ സവിശേഷ
ധാന്യപൊടി
ജെസി നാരായണൻ

41 വയലമ്മയും വേഴാമ്പലും (കവിത)
ഭാനുമതി മേനോൻ

42 വാർത്തകൾ വിശേഷങ്ങൾ

# കത്തുകൾ




പഞ്ചായത്ത് രാജ് മാസികയുടെ മേയ് ലക്കത്തിൽ പ്രസിദ്ധീകരിച്ച ഡോ. ജോസ്മോൻ ജോർജിന്റെ 'മഴക്കാലരോഗങ്ങളും പ്രതിവിധിയും' എന്ന ലേഖനം വളരെ മേന്മയുള്ളതായിരുന്നു. മഴക്കാലത്ത് കാണപ്പെടുന്ന പ്രധാനപ്പെട്ട രോഗങ്ങളും അവയുടെ ചികിത്സയെപ്പറ്റിയും വായനക്കാർക്ക് അവബോധം സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഇത്തരം അവസരോചിതമായ ലേഖനങ്ങൾ ഇനിയും പഞ്ചായത്ത് രാജ് മാസികയിൽ ഉൾപ്പെടുത്തണമെന്ന് താല്പര്യപ്പെടുന്നു.

ദീപ്തി എസ്.എം<br>
മധുവിഹാർ, കല്ലുംമൂട്

ഉദയഭാനു കണ്ടേത്തിന്റെ "പഞ്ചായത്ത് 'അക്കൗണ്ട്-ചോദ്യങ്ങളും ഉത്തരങ്ങളും" പഞ്ചായത്തിലെ അക്കൗണ്ടിംഗിനെക്കുറിച്ചുള്ള സംശയങ്ങൾ ദുരീകരിക്കുന്നതിൽ വളരെയേറെ സഹായകമാണ്. മേയ് ലക്കത്തിൽ പ്രൊഫ. പ്രഭാത് പട്നായിക്കിന്റെ 'പഞ്ചായത്തീരാജ്: ചില ബദൽ ചിന്തകൾ' എന്ന ലേഖനം ശ്രദ്ധേയമായി. കേരളത്തിലെ എല്ലാ പഞ്ചായത്തുകളേയും പരിചയപ്പെടുത്തുന്ന ഒരു പംക്തി 'പഞ്ചായത്ത് രാജ്' മാസികയിൽ ഉൾപ്പെടുത്തുന്നത് നന്നായിരിക്കും.

ബിന്ദു<br>
'തണൽ', അമ്പലമുക്ക്

പഞ്ചായത്ത് രാജ് മാസിക 2009 മേയ് ലക്കത്തിൽ 'മഴക്കാല രോഗങ്ങളും പ്രതിവിധിയും' എന്ന ലേഖനം പല രോഗങ്ങളെപ്പറ്റിയും രോഗലക്ഷണങ്ങളെപ്പറ്റിയും പ്രത്യേകിച്ച് മഴക്കാലത്ത് പ്രസിദ്ധീകരിച്ചത് ഏറെ പ്രയോജനപ്രദമായി. 'പഞ്ചായത്ത് അക്കൗണ്ട്: ചോദ്യങ്ങളും ഉത്തരങ്ങളും' പംക്തി അക്കൗണ്ടിംഗ് സംവിധാനം സംബന്ധിച്ച് കൂടുതൽ അറിയാൻ കഴിഞ്ഞു. കുട്ടികളിലുണ്ടാകുന്ന പഠനവൈകല്യം, കുട്ടികളിൽ ശുചിത്വശീലം വളർത്തുന്ന ലേഖനവും ഏറെ ശ്രദ്ധേയമായി.

പത്മജ<br>
സ്കൈപാർക്ക്<br>
കരിപ്പൂർ

പഞ്ചായത്ത് രാജ് മാസികയുടെ മേയ് ലക്കം കണ്ടു. മാറ്റം ശ്രദ്ധേയം. എഡിറ്റോറിയൽ മുതൽ വാർത്തകളും വിശേഷങ്ങളും വരെ ഓരോ പേജും വിജ്ഞാനപ്രദം, ആകർഷണീയം. കാലിക പ്രാധാന്യമുള്ള മഴക്കാലപൂർവ്വ ശുചീകരണം, മഴക്കാലരോഗങ്ങളും പ്രതിവിധികളും, മഴയെ കരുതാം ജലക്ഷാമമകറ്റാം തുടങ്ങിയ ലേഖനങ്ങൾ ഉൾപ്പെടുത്തിയത് ശ്ലാഘനീയം. ആശംസകൾ നേരുന്നു.

ആനന്ദ്.എ.<br>
കുളത്തറ

രൂപത്തിലും, ഭാവത്തിലും ഒറ്റവാക്കിൽ പറഞ്ഞാൽ ആകെത്തന്നെ മാറിയിരിക്കുന്നു പഞ്ചായത്ത് രാജ് മാസിക ഏപ്രിൽ മാസത്തേത്. ഗുണമേൻമയുള്ള പേപ്പർ, കളർ പേജുകൾ, ലേഖനങ്ങൾ എല്ലാംതന്നെ മാസികയെ മാറ്റം വരുത്തിയിരിക്കുന്നു. ഇതിനുശ്രമിച്ച പഞ്ചായത്ത് രാജ് മാസികയുടെ സംഘാടകരെ അഭിനന്ദിക്കുന്നു.

പ്രകാശ് തോമസ്<br>
വാർഡ് മെമ്പർ, എരുമേലി ഗ്രാമപഞ്ചായത്ത്

2009 മേയ് ലക്കം പഞ്ചായത്ത് രാജ് മാസികയിൽ പ്രസിദ്ധീകരിച്ച ഡോ. ആർ.വി.ജി മേനോന്റെ 'വിദ്യാഭ്യാസവും പ്രാദേശിക ഭരണകൂടങ്ങളും' എന്ന ലേഖനം കൈമാറി കിട്ടിയ സ്ഥാപനങ്ങളിന്മേൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണം സംബന്ധിച്ച് ഒട്ടനവധി ചോദ്യങ്ങൾ ഉയർത്തുന്നുണ്ട്. സി.ബി .എസ്.ഇ, ഐ.സി.എസ്. ഇ. സിലബസുമായി എയ്ഡഡ്, അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ കൂണുപോലെ മുളയ്ക്കുന്ന ഈ കാലഘട്ടത്തിൽ സർക്കാർ നിയന്ത്രണത്തിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠന ഗുണനിലവാരവും, അടിസ്ഥാന സൗകര്യങ്ങളും മെച്ചപ്പെടുത്തുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ബാദ്ധ്യതയുണ്ട്. ഈ ബാദ്ധ്യത നിറവേറ്റുന്നതിന് ആവശ്യമായ നിയമഭേദഗതിയുൾപ്പെടെയുള്ള നടപടികൾ നടപ്പിൽ വരുത്തുകയാണ് സർക്കാർ അടിയന്തരമായി ചെയ്യേണ്ടത്.

ഹരികുമാർ<br>
ഹരിനിവാസ്<br>
മാവേലിക്കര

**പഞ്ചായത്ത് രാജ്**

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

ജൂൺ 2009

പുസ്തകം 49

ലക്കം 3

വാർഷിക വരിസംഖ്യ: 120 രൂപ

www.lsg.kerala.gov.in



**ഉപദേശക സമിതി**

ചെയർമാൻ

**പാലോളി മുഹമ്മദ്കുട്ടി**

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി

അംഗങ്ങൾ

**എസ്.എം. വിജയാനന്ദ്**, ഐ.എ.എസ്.

പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണവകുപ്പ്

**എം. നന്ദകുമാർ** ഐ.എ.എസ്.

ഡയറക്ടർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

**കെ. നാരായണൻ**

പ്രസിഡന്റ്

കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ

**സി.എസ്. ബിജു**

സെക്രട്ടറി, പ്രസ് ക്ലബ്ബ്, തിരുവനന്തപുരം

**ജി. ഹരികൃഷ്ണൻ**

പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്

കൺവീനർ

**ഡോ. വി.എം. ഗോപാലമേനോൻ**, ഐ.എ.എസ്.

പഞ്ചായത്ത് ഡയറക്ടർ



എഡിറ്റർ

**ഡോ. വി.എം. ഗോപാലമേനോൻ**, ഐ.എ.എസ്.

e-mail: directorofpanchayat@gmail.com

Ph: 0471-2323286

അസിസ്റ്റന്റ് എഡിറ്റർ

**ജി. ഹരികൃഷ്ണൻ**

e-mail: pub.off@gmail.com

Ph: 0471-2321054



കവർ ഡിസൈൻ & ലേ ഔട്ട്

എ.ബി.സി. കളർ സിസ്റ്റംസ്



ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ്ണമായ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും.



**മേൽവിലാസം**

എഡിറ്റർ

പഞ്ചായത്ത് രാജ് മാസിക

പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.

തിരുവനന്തപുരം – 695033.


*എഡിറ്ററുടെ പേജ്*

# ശുചീകരണ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കണം

ഒരു മഴക്കാലം കൂടി കടന്നുപോവുകയാണ്. മഴക്കാലവുമായി ബന്ധപ്പെട്ട് ആരോഗ്യ മേഖലയിൽ പ്രത്യക്ഷപ്പെടുന്ന കൊതുക് ജല ജന്യരോഗങ്ങളെ പ്രതിരോധിക്കുന്നതിനുള്ള ശുചീകരണ പ്രവർത്തനങ്ങൾ കഴിഞ്ഞ ഒരു മാസക്കാലമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സംസ്ഥാനത്തുടനീളം നടന്നുവരികയാണ്. കാലവർഷം തുടങ്ങിയപ്പോൾ തന്നെ പകർച്ചപ്പനിയും മറ്റും റിപ്പോർട്ട് ചെയ്യപ്പെട്ട സാഹചര്യത്തിൽ ഇക്കാലയളവിൽ നടന്ന പ്രവർത്തനങ്ങൾ എത്രമാത്രം കാര്യക്ഷമവും ഫലപ്രദവുമാണെന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു.

ശുചിത്വ പരിപാലനം ഗ്രാമപഞ്ചായത്തുകളുടേയും മുനിസിപ്പാലിറ്റികളുടേയും കോർപ്പറേഷനുകളുടേയും അനിവാര്യ ചുമതലയിൽപെടുന്ന വിഷയമാണ്. 2006,2007 വർഷങ്ങളിൽ സംസ്ഥാനത്ത് വ്യാപകമായി പടർന്നുപിടിച്ച പകർച്ചപനി ശുചിത്വപരിപാലനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ദീർഘവീക്ഷണമില്ലായ്മയും അശാസ്ത്രീയമായ സമീപനത്തെയും തുറന്നുകാട്ടി. ഇത് വളരെയധികം വിമർശങ്ങൾക്കും ഇടനൽകിയിരുന്നു. എന്നാൽ ഈ അനുഭവത്തിന്റെ വെളിച്ചത്തിൽ 2008 ൽ നടത്തിയ മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങളും രോഗപ്രതിരോധ നടപടികളും സ്ഥിതിഗതികൾ നിയന്ത്രണവിധേയമാക്കുന്നതിന് വളരെ വലിയ പങ്ക് വഹിച്ചു.

ഈ വർഷവും മഴക്കാലരോഗങ്ങളെ പ്രതിരോധിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ട മുൻകരുതൽ നടപടികൾ സംബന്ധിച്ച കർശന നിർദ്ദേശം മാസങ്ങൾക്ക് മുമ്പുതന്നെ സർക്കാർ പുറപ്പെടുവിച്ചിരുന്നു. കേരളത്തിൽ മൺസൂൺ കാലയളവിൽ പ്രത്യക്ഷപ്പെടുന്ന പ്രധാന രോഗങ്ങളാണ് സാധാരണ വൈറൽപനി, ഡെങ്കിപനി, എലിപനി, ചിക്കുൻഗുനിയ, മഞ്ഞപ്പിത്തം, കോളറ മുതലായവ. ഈ പകർച്ചവ്യാധികളിൽ ഭൂരിപക്ഷവും കൊതുക്, ഈച്ച, എലി തുടങ്ങിയ രോഗാണുവാഹകരിലൂടേയും, മലിനമായ ജലം, മലിനമായ ഭക്ഷണ പദാർത്ഥങ്ങൾ എന്നിവയിലൂടെയുമാണ് സംക്രമിക്കുന്നത്. പ്രധാനമായും കൊതുക് വളരുന്ന സാഹചര്യം ഒഴിവാക്കി പരിസര ശുചിത്വം ഉറപ്പാക്കിയാൽ മാത്രമേ രോഗവ്യാപനം നിയന്ത്രണവിധേയമാക്കുവാൻ സാധിക്കുകയുള്ളൂ. ഇതിനായി വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പൊതുജനങ്ങൾക്കിടയിൽ ആവശ്യമായ ബോധവത്ക്കരണം നടത്തി, മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ പ്രായോഗികമാക്കുന്നതിനായിരുന്നു പ്രധാനമായും നിർദ്ദേശിച്ചിരുന്നത്. എന്നാൽ മുന്നനുഭവങ്ങൾ ഉണ്ടായിരുന്നിട്ടുകൂടി ഈ നിർദ്ദേശങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഗൗരവമായി കണക്കിലെടുത്ത് പ്രതിരോധ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. നിയന്ത്രണവിധേയമാണെങ്കിലും, സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്ത പകർച്ചപനിയും മറ്റും അതാണ് സൂചിപ്പിക്കുന്നത്. ഈ അവസ്ഥയ്ക്ക് മാറ്റം ഉണ്ടായെ മതിയാകൂ. ആലപ്പുഴ ജില്ലയിൽ നിന്നും പകർച്ചപനിയ്ക്കൊപ്പം കോളറയും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശുദ്ധജലത്തിന്റെ അഭാവമാണ് ജലജന്യരോഗത്തിന്റെ പ്രധാന കാരണം. ശുദ്ധജലം പൗരസമൂഹത്തിന് ലഭ്യമാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ഉത്തരവാദിത്വം നിറവേറ്റിയേ മതിയാകൂ.

ആരോഗ്യരംഗം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കനത്ത വെല്ലുവിളികളാണ് കഴിഞ്ഞ കുറച്ചുവർഷങ്ങളായി ഉയർത്തിയിട്ടുള്ളത്. ചിലയിടങ്ങളിൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് പണിയെടുത്തവരിൽ ചിലർക്ക് എലിപനി പിടിപെട്ടതായി വന്ന വാർത്ത ഈ രംഗത്ത് പുത്തൻ വെല്ലുവിളികൾ നമ്മെ കാത്തിരിക്കുന്നുവെന്നതിന്റെ സൂചനയാണ്. പകർച്ചവ്യാധികൾ തടയുന്നതിന് ഊർജ്ജിതമായ നടപടി ഉണ്ടായേ മതിയാകൂ. 826 ഗ്രാമപഞ്ചായത്തുകൾക്ക് കേന്ദ്ര സർക്കാരിന്റെ നിർമ്മൽ ഗ്രാമപുരസ്ക്കാരം ലഭിച്ച സംസ്ഥാനമാണ് നമ്മുടേത്. മാത്രമല്ല, കേരളം നിർമ്മൽ സംസ്ഥാനമാകാനുള്ള തയ്യാറെടുപ്പിലുമാണ്. ഈ സാഹചര്യത്തിൽ പകർച്ചവ്യാധികൾ വർഷാവർഷം തലയുയർത്തുന്നത് ഒട്ടും അഭിലഷണീയമല്ല. സംസ്ഥാനത്ത് സാമാന്യമായ മൺസൂൺ മഴ ലഭിക്കുമെന്നാണ് കാലാവസ്ഥ നിരീക്ഷകരുടെ പ്രവചനം. വരും ദിവസങ്ങളിൽ മഴ കനത്തുവരുന്നതിനാണ് സാദ്ധ്യതയും. പരിസരശുചീകരണവും പൊതു ശുചിത്വ പരിപാലനവും രോഗനിവാരണ പ്രവർത്തനങ്ങളും, ബോധവത്ക്കരണവും തദ്ദേശഭരണ സ്ഥാപനങ്ങളിൽ അർപ്പിതമായ ചുമതലകളാണ്. ഇത് ഒരു തുടർപ്രക്രിയയായി കാണണം. മഴക്കാലം പനിക്കാലമായി മാറുന്ന സാഹചര്യം ഒഴിവാക്കാൻ അലംഭാവവും, നിസ്സംഗതയും വെടിഞ്ഞ് നിദാന്ത ജാഗ്രതയോടെ നടപടികൾ ഊർജ്ജിതമാക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുന്നോട്ടു വരണം.

റിപ്പോർട്ട്




# ഗ്രാമപഞ്ചായത്തുകളിൽ ഫ്രണ്ട് ഓഫീസുകൾ
## വയനാട് ജില്ലയിൽ പ്രഖ്യാപനം നടന്നു

വയനാട് ജില്ലയിലെ മുഴുവൻ ഗ്രാമപഞ്ചായത്ത് ഓഫീസുകളിലും ഭരണകേന്ദ്രമായ ഡി.ഡി.പി. ഓഫീസിലും ഫ്രണ്ട് ഓഫീസ് സംവിധാനം നിലവിൽ വന്നു. ജില്ലാതല കൂടിയാലോചന സമിതിയിൽ നടന്ന ചർച്ചകളുടെ അടിസ്ഥാനത്തിൽ ജില്ലയിലെ മുഴുവൻ ഓഫീസുകളിലും ഈ സംവിധാനം ഏർപ്പെടുത്തുന്നതിനു തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ നടത്തിയ ചിട്ടയായ പ്രവർത്തനങ്ങളുടെ ഫലപ്രാപ്തിയാണ് 2009 ജൂൺ ഒന്നാം തീയതി ലക്ഷ്യം കണ്ടത്. വയനാട് ജില്ലയിലെ എടവക ഗ്രാമപഞ്ചായത്ത് ഓഫീസ് പരിസരത്ത് പ്രത്യേകം തയ്യാറാക്കിയ വേദിയിൽ ചേർന്ന ഫ്രണ്ട് ഓഫീസ് പ്രഖ്യാപന യോഗത്തിൽ വടക്കേ വയനാട് എം.എൽ.എ. കെ.സി. കുഞ്ഞിരാമൻ അദ്ധ്യക്ഷത വഹിച്ചു. വയനാട് ജില്ലയിലെ മുഴുവൻ ഗ്രാമപഞ്ചായത്ത് ഓഫീസുകളിലും ഡി.ഡി.പി. ഓഫീസിലും ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തിയതിന്റെ പ്രഖ്യാപനം തദ്ദേശസ്വയംഭരണ വകുപ്പു മന്ത്രി പാലോളി മുഹമ്മദ് കുട്ടി നടത്തി. ഇതോടൊപ്പം ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ മികച്ച സേവനം കാഴ്ചവച്ച പഞ്ചായത്തുകൾക്കുള്ള അവാർഡും മന്ത്രി വിതരണം ചെയ്തു. കില പുസ്തകരൂപത്തിലാക്കിയ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളുടേയും, സർക്കുലറുകളുടേയും 4, 5 വാല്യങ്ങളുടെ പ്രകാശനം കൽപ്പറ്റ എം.എൽ.എ. എം.വി. ശ്രേയാംസ്കുമാറിന് നൽകിക്കൊണ്ട് പാലോളി മുഹമ്മദ്കുട്ടി നിർവ്വഹിക്കുകയും ചെയ്തു.

ചടങ്ങിൽ മുഖ്യപ്രഭാഷണം നടത്തിയത് സംസ്ഥാന ആസൂത്രണ ബോർഡ് വൈസ് ചെയർമാൻ ഡോ. പ്രഭാത് പട്നായിക്കാണ്. വയനാട് പോലെയുള്ള ഒരു പിന്നോക്ക ജില്ലയിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തിയതിന് അദ്ദേഹം ഭാരവാഹികളെ അഭിനന്ദിച്ചു. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിലിനൊപ്പം ഭക്ഷ്യസുരക്ഷയും ഉറപ്പുവരുത്തണമെന്നും പദ്ധതി കൃഷിയുമായി സംയോജിപ്പിച്ച് നെല്ലുൽപ്പാദനം കൂട്ടണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. ഗ്രാമപ്രദേശങ്ങളിലെപ്പോലെതന്നെ നഗരപ്രദേശങ്ങളിലും തൊഴിലുറപ്പ് പദ്ധതികൾക്ക് രൂപം നൽകേണ്ടതുണ്ട് എന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

*ഫ്രണ്ട് ഓഫീസ്-സേവനങ്ങളും നിബന്ധനകളും* എന്ന പുസ്തകത്തിന്റെ പ്രകാശനം വയനാട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സരസമ്മ ടീച്ചർക്ക് നൽകിക്കൊണ്ട് പഞ്ചായത്ത് ഡയറക്ടർ



*ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തനം ആരംഭിച്ചു എന്ന പ്രഖ്യാപനം പഞ്ചായത്ത് അസോസിയേഷൻ ജില്ലാ പ്രസിഡന്റ് എ.എൻ.പ്രഭാകരനും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ എൻ.സുരാജും തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി പാലോളി മുഹമ്മദ്കുട്ടിക്ക് കൈമാറുന്നു. പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാൻ പ്രൊഫ.പ്രഭാത് പട്നായിക് , എം.വി. ശ്രേയാംസ്കുമാർ.എം.എൽ.എ, പഞ്ചായത്ത് ഡയറക്ടർ ഡോ.വി.എം. ഗോപാലമേനോൻ തുടങ്ങിയവർ സമീപം.*

# വയനാട്ടിലെ പഞ്ചായത്തുകൾ ഒരു പടികൂടി മുന്നോട്ട്

പാലോളി മുഹമ്മദ്കുട്ടി

കേരളം രൂപീകരിക്കുന്നതിനു മുമ്പും ഇപ്പോഴും വയനാട് പിന്നോക്ക പ്രദേശമാണ് എന്ന് പറയാറുണ്ട്. എന്നാലിപ്പോൾ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിച്ച് വയനാട് മുന്നേറുകയാണ്. ഫ്രണ്ട് ഓഫീസ് സംവിധാനം പോലെയുള്ള നൂതനമായ ആശയങ്ങൾ ഭരണരംഗത്ത് നടപ്പാക്കുന്നതിലും പാവപ്പെട്ട ജനവിഭാഗങ്ങൾക്ക് വളരെ ഉപകാരപ്രദമായ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടപ്പാക്കുന്നതിലും വയനാട് ഇന്നു മുന്നിലാണ്. കേരളത്തിലെ മുഴുവൻ ഗ്രാമപഞ്ചായത്തുകളിലും ഫ്രണ്ട് ഓഫീസ് ഏർപ്പെടുത്തുന്നതിന് സർക്കാർ തലത്തിൽ തീരുമാനമെടുത്തിരുന്നു.

വിവിധ ആവശ്യങ്ങൾക്കായി പഞ്ചായത്ത് ഓഫീസുകളിൽ കയറിയിറങ്ങുന്ന സാധാരണക്കാരുടെ പ്രശ്നങ്ങൾക്കുനേരെ മുഖംതിരിക്കാതെ അവരെ കാര്യങ്ങൾ പറഞ്ഞു ബോദ്ധ്യപ്പെടുത്തി ആവശ്യമായ സേവനം യഥാസമയം നൽകുന്നതിന് നാം ശ്രദ്ധിക്കേണ്ടതുണ്ട്. ഇതിലേക്കുള്ള മികച്ച ഒരു കാൽവയ്പ്പാണ് വയനാട് ജില്ലയിലാരംഭിച്ചിട്ടുള്ളത്. വളരെ പെട്ടെന്നു കാര്യം സാധിച്ചുപോകാൻ വരുന്നവരെ കാലതാമസമുണ്ടാവുന്നുണ്ടെങ്കിൽ അതിന്റെ കാരണം പറഞ്ഞു മനസ്സിലാക്കുന്നതിനും, യഥാവിധി സേവനം നൽകുന്നതിനും, സേവനങ്ങളോ വിവരങ്ങളോ ലഭ്യമാക്കുന്നതുവരെ വിശ്രമിക്കുന്നതിനും പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കുന്നതിനുമുള്ള സൗകര്യമടക്കമുള്ള സംവിധാനമാണ് ഫ്രണ്ട് ഓഫീസുകളിൽ ഏർപ്പെടുത്തിയിട്ടുള്ളത്.

ഓഫീസിൽ വരുന്നവരോട് മനുഷ്യത്വപരമായി പെരുമാറുക എന്നതു വലിയ കാര്യമാണ്. അധികാരവികേന്ദ്രീകരണം കൊണ്ട് ഉദ്ദേശിച്ചത് ഇതൊക്കെത്തന്നെയാണ്.ജനകീയപങ്കാളിത്തത്തോടെ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിൽ നാം വിജയിച്ചിട്ടുണ്ട്. ചില അപാകതകൾ ഇല്ലെന്നല്ല. വിമർശിക്കുന്നവർ ധാരാളമുണ്ടാകും. വിമർശനം നമ്മുടെ കാര്യശേഷിയെ വർദ്ധിപ്പിക്കുന്നുണ്ട്. ഇത്തരം സംവിധാനങ്ങളോടൊപ്പം സേവനത്തിന്റെ മേന്മ മെച്ചപ്പെടുത്തുന്നതിനും വികസന കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനും നമുക്കു കഴിയണം. ഫ്രണ്ട് ഓഫീസ് സംവിധാനമേർപ്പെടുത്തിയതിലൂടെ വയനാട്ടിലെ പഞ്ചായത്തുകൾ ഒരു പടികൂടി മുന്നോട്ടുപോയിരിക്കയാണ്. ഇത്തരമൊരു പരിവർത്തനപ്രക്രിയയ്ക്കു തയ്യാറായ മുഴുവൻ ആളുകളെയും അതിനു നേതൃത്വം നൽകിയ കില, ഗ്രാമപഞ്ചായത്ത് അസോസിയേഷൻ, പഞ്ചായത്ത് വകുപ്പിലെ ഉദ്യോഗസ്ഥർ, റിസോഴ്സ് ടീമംഗങ്ങൾ, സന്നദ്ധ പ്രവർത്തകർ എന്നിവരെ അഭിനന്ദിക്കുന്നു. ■

*ഫ്രണ്ട് ഓഫീസ് വയനാട് ജില്ലാതല പ്രഖ്യാപനവേളയിൽ തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി പാലോളി മുഹമ്മദ്കുട്ടി നടത്തിയ പ്രസംഗത്തിൽ നിന്ന്.*

> വിവിധ ആവശ്യങ്ങൾക്കായി പഞ്ചായത്ത് ഓഫീസുകളിൽ കയറിയിറങ്ങുന്ന സാധാരണക്കാരുടെ പ്രശ്നങ്ങൾക്കുനേരെ മുഖം തിരിക്കാതെ അവരെ കാര്യങ്ങൾ പറഞ്ഞു ബോദ്ധ്യപ്പെടുത്തി ആവശ്യമായ സേവനം യഥാസമയം നൽകുന്നതിന് നാം ശ്രദ്ധിക്കേണ്ടതുണ്ട്. ഇതിലേക്കുള്ള മികച്ച ഒരു കാൽവയ്പ്പാണ് വയനാട് ജില്ലയിലാരംഭിച്ചിട്ടുള്ളത്.

ഡോ.വി.എം.ഗോപാലമേനോൻ ഐ.എ.എസ് നിർവ്വഹിച്ചു. ഫ്രണ്ട് ഓഫീസ് മാനേജ് മെന്റ് എന്ന വിഷയത്തിൽ കില ഡയറക്ടർ പ്രൊഫ. എൻ. രമാകാന്തൻ മുഖ്യപ്രഭാഷണം നടത്തി.വയനാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിന്റെ പൗരാവകാശരേഖയുടെ പ്രകാശനം ഗ്രാ മപഞ്ചായത്ത് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് കെ.നാരായണന് നൽകി ജില്ലാ കളക്ടർ പി.പി. ഗോപി ഐ.എ.എസ് നിർവ്വഹിച്ചു. ചടങ്ങിന് എടവക ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജസ്റ്റിൻ ബേബി സ്വാഗതവും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ എൻ. സുരാജ് നന്ദിയും പറഞ്ഞു. മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അച്ചപ്പൻ കുറ്റിയോട്ടിൽ, കില അസിസ്റ്റന്റ് ഡയറക്ടർ കെ. വിനോദ്കുമാർ, ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിലെ പ്രസിഡന്റുമാർ, മറ്റു ജനപ്രതിനിധികൾ, സെക്രട്ടറിമാർ, ഓഫീസ് സൂപ്പർവൈസർമാർ, സന്നദ്ധപ്രവർത്ത

# ജനസേവന കേന്ദ്രങ്ങളായി പഞ്ചായത്തുകൾ മാറും

പ്രൊഫ. എൻ. രമാകാന്തൻ



പാവപ്പെട്ട മനുഷ്യരെ എങ്ങനെ വികസനത്തിന്റെ മുഖ്യധാരയിലെത്തിക്കാം എന്നും അവർക്ക് എങ്ങനെ നീതിപൂർവ്വമായ സേവനം പഞ്ചായത്തു വഴി, പഞ്ചായത്തിന്റെ വിവിധ ഘടക സ്ഥാപനങ്ങളിലൂടെ നൽകാം എന്നതാണ് നമ്മുടെ ഇന്നത്തെ വെല്ലുവിളി. ആ അന്വേഷണത്തിൽ നിന്നാണ് അധികാരവികേന്ദ്രീകരണവും ജനകീയാസൂത്രണവും ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയും എല്ലാം തന്നെ രൂപപ്പെട്ടത്. അധികാരവികേന്ദ്രീകരണത്തിന്റെ പരമമായ ലക്ഷ്യം നാട്ടിലെ പാവപ്പെട്ട ജനങ്ങൾക്കും പിന്നോക്ക വിഭാഗങ്ങൾക്കും പ്രാന്തവൽക്കരിക്കപ്പെട്ടവർക്കും അർഹമായ പരിഗണന നൽകുകയെന്നതാണ്. മനുഷ്യസ്നേഹപരമായ ഒരു സാമൂഹ്യ നവോത്ഥാനത്തിന് തുടക്കം കുറിക്കുകയാണ് കേരളത്തിൽ അധികാരവികേന്ദ്രീകരണത്തിലൂടേയും ജനകീയാസൂത്രണപ്രസ്ഥാനത്തിലൂടേയും കഴിഞ്ഞ വർഷങ്ങളിൽ നാം ചെയ്തത്.

വികസന പ്രക്രിയയുടെ കേന്ദ്രസ്ഥാനത്തേയ്ക്ക് പഞ്ചായത്ത് രാജ് സ്ഥാപനങ്ങളെ പ്രതിഷ്ഠിച്ചുകൊണ്ടും ജനങ്ങളെ അണിനിരത്തികൊണ്ടും ജനങ്ങൾക്ക് പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിലും ഭരണ പ്രക്രിയയിലും സൂക്ഷ്മതലത്തിലുള്ള ജനാധിപത്യ വേദികളിലും പങ്കാളിത്തം ഉറപ്പുവരുത്താൻ അധികാരവികേന്ദ്രീകരണപ്രസ്ഥാനത്തിന് കഴിഞ്ഞു. കഴിഞ്ഞ ഒരു വ്യാഴവട്ടക്കാലത്തെ നമ്മുടെ നേട്ടവും അതാണ്. എങ്കിലും ദൗർബ്ബല്യങ്ങൾ പലതുമുണ്ട്. മാറിനിന്ന് വിമർശിക്കുന്നവരും ധാരാളമുണ്ട്. തദ്ദേശഭരണസ്ഥാപനങ്ങൾ ഇക്കാലങ്ങളിൽ ചെയ്തത് തിട്ടപ്പെടുത്താൻ അത്ര എളുപ്പമല്ലാത്തതുകൊണ്ടുതന്നെ ഭരണസമിതികളുടേയും ജീവനക്കാരുടേയും ഭാരം പലരും മനസ്സിലാക്കുന്നില്ല. പുതിയ സംവിധാനങ്ങൾ അധികമൊന്നും ഏർപ്പെടുത്താതെയാണ് എല്ലാ വികസന പ്രവർത്തനങ്ങളുടേയും പ്രഭവസ്ഥാനമായി പഞ്ചായത്തുകൾ മാറിയത്. ജനപ്രതിനിധികളെപ്പോലെ അധികാരവികേന്ദ്രീകരണവും ജനകീയാസൂത്രണ പ്രസ്ഥാനവും വിജയിപ്പിക്കുന്നതിന് പൂർണ്ണ സന്നദ്ധതയുള്ളവരാണ് നമ്മുടെ ഉദ്യോഗസ്ഥർ. വയനാട് ജില്ലയിൽ ഫ്രണ്ട് ഓഫീസ് സംവിധാനത്തിന്റെ ഏറ്റവും വലിയ സഹായഹസ്തം നമ്മുടെ ഉദ്യോഗസ്ഥ സുഹൃത്തുക്കളാണ്.ഉദ്യോഗസ്ഥർ ഇതിനെ എങ്ങനെ നോക്കിക്കാണുമെന്ന് ആദ്യം ആശങ്കയുണ്ടായിരുന്നു. എന്നാൽ ഉദ്യോഗസ്ഥരിൽ നിന്ന് എതിർപ്പുണ്ടായില്ലെന്നു മാത്രമല്ല മാറിനിന്ന അപൂർവ്വം ജനപ്രതിനിധികളെ സഹകരിപ്പിക്കുന്നതിലും മുൻകൈ എടുത്തത് അവരാണ്.

സ്വയം പ്രവർത്തിക്കുന്ന ഒരു സേവന സംവിധാനം പഞ്ചായത്തുകളിൽ ഉണ്ടായാൽ മറ്റ് വികസന പ്രവർത്തനങ്ങളിൽ കൂടുതൽ ശ്രദ്ധയൂന്നാൻ ജനപ്രതിനിധികൾക്ക് സാധിക്കും. എന്നാൽ മുഴുവൻ ആളുകൾക്കും സമയബന്ധിതമായി നിശ്ചിത നിലവാരത്തിൽ സേവനം കിട്ടുന്ന ഒരു സംവിധാനമുണ്ടാക്കുന്നതിലും ആ സേവനത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന്റേയും സേവനഗുണമേന്മ പാലിക്കുന്നുണ്ടോ എന്ന് മോണിറ്റർ ചെയ്യുന്നതിന്റേയും പ്രധാന ഉത്തരവാദിത്തം ജനപ്രതിനിധികളുടേതാണ്. പഞ്ചായത്തിൽ അപേക്ഷിക്കുന്ന മുഴുവൻ പേർക്കും നിശ്ചിത സമയത്തിനകം സർട്ടിഫിക്കറ്റുകളും പെർമിറ്റും മറ്റും കിട്ടുമെന്നുണ്ടെങ്കിൽ ആ സമയംകൂടി ജനപ്രതിനിധികൾക്ക് പഞ്ചായത്തിനെ മെച്ചപ്പെടുത്തുന്ന മറ്റു കാര്യങ്ങൾക്ക് വിനിയോഗിക്കാനാകും.

കർ, മാധ്യമപ്രവർത്തകർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

ജനാധിപത്യ അധികാരവികേന്ദ്രീകരണം നടപ്പായതോടെ ഗ്രാമീണമേഖലയിലെ ഏറ്റവും വലിയ ജനസേവന കേന്ദ്രങ്ങളായി ഗ്രാമപഞ്ചായത്തുകൾ മാറിയിരിക്കുകയാണ്.പോരായ്മകളുണ്ടെങ്കിലും അധികാരവികേന്ദ്രീകരണ പ്രക്രിയയുടെ ഭാഗമായി ഗ്രാമപഞ്ചായത്തുകൾക്ക് സാമ്പത്തികവും അല്ലാത്തതുമായ ഒട്ടനവധി അധികാരങ്ങളും ചുമതലകളും കൈമാറ്റം ചെയ്യപ്പെട്ടു. പുതുതായി അധികമൊന്നും ജീവനക്കാരെയോ സൗകര്യങ്ങളോ ലഭ്യമാക്കാതെയാണ് ഈ ഉത്തരവാദിത്തങ്ങൾ ഗ്രാമപഞ്ചായത്തുകൾ ഏറ്റെടുത്തത്. ജോലിഭാരം കൂടിയതോടെ ജനങ്ങൾക്ക് ന്യായമായും ലഭിക്കേണ്ടുന്ന സേവനങ്ങൾ യഥാസമയം നൽകുന്നതിന് പലപ്പോഴും

> നിലവിലുള്ള സംവിധാനങ്ങളെതന്നെ പരമാവധി പ്രയോജനപ്പെടുത്തി ഓഫീസിന്റെ പ്രവർത്തനം ക്രമപ്പെടുത്തി പൊതുജനത്തിന് സമയബന്ധിതമായും സുതാര്യമായും ക്രമബദ്ധമായും സേവനങ്ങൾ നൽകുന്നതിനും ചിട്ടയായ കർത്തവ്യ നിർവ്വഹണത്തിലൂടെ കാര്യക്ഷമമായ ഓഫീസ് പ്രവർത്തനം സാധ്യമാക്കുന്നതിനും ലക്ഷ്യം വെച്ച് രൂപം നൽകിയതാണ് ഫ്രണ്ട് ഓഫീസ് സംവിധാനം.

സാധിക്കാത്ത സാഹചര്യമുണ്ടായി. നിലവിലുള്ളവർ അഹോരാത്രം ജോലി ചെയ്തിട്ടും ജനങ്ങൾക്കും, ജനപ്രതിനിധികൾക്കും, ജീവനക്കാർക്ക് തന്നേയും സംതൃപ്തിയില്ലാത്ത അവസ്ഥ വന്നു. ശാസ്ത്രീയമായ ഒരു ഓഫീസ് മാന്വൽ രൂപപ്പെടാതെ വന്നത് ജനത്തിനും ജനപ്രതിനിധികൾക്കും ജീവനക്കാർക്കും ഒരേപോലെ ബുദ്ധിമുട്ടുകൾ സൃഷ്ടിച്ചു. ജനസൗഹൃദ ഭരണത്തിന്റെ ഗ്രാമീണ കേന്ദ്രങ്ങളാകേണ്ട ഗ്രാമപഞ്ചായത്തുകൾ ഇപ്രകാരം വീർപ്പുമുട്ടുന്ന അവസ്ഥയിലേയ്ക്ക് പോകുന്നത് ഒഴിവാക്കുന്നതിനും ഇത്തരം ബുദ്ധിമുട്ടുകൾ ഒഴിവാക്കി യഥാർത്ഥ ജനസേവന കേന്ദ്ര മായി ഗ്രാമപഞ്ചായത്തുകളെ മാറ്റിയെടുക്കുന്നതിനും പല തലങ്ങളിലും പല രീതിയിലുള്ള ചർച്ചകൾ നടക്കുകയും ഒറ്റപ്പെട്ട ചില പരിശ്രമങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്.

പഞ്ചായത്ത് വകുപ്പിലെ തന്നെയുള്ള

> പഞ്ചായത്തുകളും ജനങ്ങളും തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്തിക്കൊണ്ട് ഈ ഭരണസമിതിയുടെ കാലാവധി അവസാനിക്കുന്നതിനുമുമ്പുതന്നെ ജനങ്ങൾക്ക് പൂർണ്ണ വിശ്വാസമുള്ള ഭരണസംവിധാനമായി പ്രാദേശിക സർക്കാ രുകൾ മാറണം. ഫ്രണ്ട് ഓഫീസ് സംവിധാനം പഞ്ചായത്ത് ഓഫീസ് കൂടാതെ  കൃഷിഭവനും മൃഗാശുപത്രിയുമടക്കമുള്ള കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങളിലേയ്ക്ക് വ്യാപിപ്പിക്കണം.

ഫ്രണ്ട് ഓഫീസ് സംവിധാനം എങ്ങനെ സ്വീകരിക്കപ്പെടുമെന്ന് ചിലർക്കെങ്കിലും ആശങ്കയുണ്ടായിരുന്നു. ഒരു വലിയ ആശയപ്രചരണത്തിലൂടെയും പൊതുജന വിദ്യാഭ്യാസത്തിലൂടേയും ആ കടമ്പ കടക്കാൻ കഴിഞ്ഞു.ബ്യൂറോക്രാറ്റിക് ഡൊമിനൻസ് നിലനിൽക്കണമെന്ന് വിചാരിക്കുന്ന ചില ഉദ്യോഗസ്ഥ സുഹൃത്തുക്കളുടെ ഒറ്റപ്പെട്ട എതിർപ്പുകൾ മാറ്റിവച്ചാൽ മുഴുവൻ ഉദ്യോഗസ്ഥരും ഫ്രണ്ട് ഓഫീസ് നടപടിക്രമങ്ങളെ രണ്ടു കൈയ്യും നീട്ടി സ്വീകരിച്ചിരിക്കുകയാണ്. ജനപ്രതിനിധികളും ഉദ്യോഗസ്ഥരും തമ്മിലുള്ള കൂട്ടായ പ്രവർത്തനത്തിന്റെ മാതൃക ഉണ്ടായിരിക്കുകയാണ്. പഞ്ചായത്തിന്റെ സേവനങ്ങളും ഓഫീസ് മാനേജ്മെന്റും കൂടുതൽ മെച്ചപ്പെടുത്തുന്നതിന് ഇനിയും പ്രവർത്തനങ്ങൾ ആവശ്യമാണ്. ചിട്ടയായ ഒരു ഓഫീസ് സംവിധാനമുണ്ടെങ്കിൽ കൂടുതൽ കാര്യക്ഷമമായ സേവനം നൽകുന്നതിന് നമുക്ക് കഴിയും. അതിന് ഫ്രണ്ട് ഓഫീസിനോടൊപ്പം തീർച്ചയായും മെയിൻ ഓഫീസും മെച്ചപ്പെടുത്തണം.പരീക്ഷണാടിസ്ഥാനത്തിലുള്ള ചുവടുവയ്പ്പായ ഈ ഫ്രണ്ട് ഓഫീസ് സംവിധാനം ആവേശകരമാണ്. വിവരസാങ്കേതികവിദ്യയുടെ സഹായംകൂടിയുണ്ടെങ്കിൽ ജീവനക്കാരുടെ കാര്യശേഷി കൂടുതൽ മെച്ചപ്പെടുത്താൻ കഴിയും. പഞ്ചായത്തുകളും ജനങ്ങളും തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്തിക്കൊണ്ട് ഈ ഭരണസമിതിയുടെ കാലാവധി അവസാനിക്കുന്നതിനുമുമ്പുതന്നെ ജനങ്ങൾക്ക് പൂർണ്ണ വിശ്വാസമുള്ള ഭരണസംവിധാനമായി പ്രാദേശിക സർക്കാരുകൾ മാറണം. ഫ്രണ്ട് ഓഫീസ് സംവിധാനം പഞ്ചായത്ത് ഓഫീസ് കൂടാതെ കൃഷിഭവനും മൃഗാശുപത്രിയുമടക്കമുള്ള കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങളിലേയ്ക്ക് വ്യാപിപ്പിക്കണം.

കേരളത്തിൽ അധികാരവികേന്ദ്രീകരണത്തിന്റെ ഭാഗമായി ആരംഭിച്ച സോഷ്യൽ ഓഡിറ്റ്, പരാതിപരിഹാര സംവിധാനങ്ങൾ, പൗരാവകാശരേഖ തുടങ്ങിയവ ഇന്ന് മറ്റ് സർക്കാർ വകുപ്പുകളിലും നടപ്പാക്കികൊണ്ടിരിക്കുകയാണ്. ഇത് ഫ്രണ്ട് ഓഫീസ് അടക്കമുള്ള പ്രവർത്തനങ്ങൾ സ്ഥായിയായി നിലനിർത്തുന്നതിനുള്ള പഞ്ചായത്തുകളുടെ ഉത്തരവാദിത്തം വർദ്ധിപ്പിക്കുകയാണ്. നിരന്തരമായ കാര്യപ്രാപ്തി വികസനം ഇതിനാവശ്യമാണ്. വിവരസാങ്കേതികവിദ്യ ഉപയോഗിച്ച്, ജീവനക്കാരുടെ ജോലിഭാരം പരമാവധി കുറയ്ക്കുകയും മെച്ചപ്പെട്ട സേവനങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കുകയും വേണം. ഇത് ഫലപ്രദമാകണമെങ്കിൽ പഞ്ചായത്തുകളിൽ നിന്നു നൽകുന്ന സേവനങ്ങളെക്കുറിച്ച് ജനങ്ങളും അറിയേണ്ടതുണ്ട്. ഗ്രാമപഞ്ചായത്തുകളിൽ നിന്നും നൽകുന്ന സേവനങ്ങൾ, അവയുടെ നിബന്ധനകൾ, സേവനങ്ങൾ ലഭിക്കുന്നതിനുള്ള മാതൃകാ ഫോറങ്ങൾ തുടങ്ങിയവ സംബന്ധിച്ച ഒരു കൈപ്പുസ്തകം കില തയ്യാറാക്കുകയും പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം വിവരങ്ങൾ നൽകുന്നതിലൂടെ സമൂഹത്തെ ജനാധിപത്യവൽക്കരിക്കുകയും ജനങ്ങളെ ആസൂത്രണ പ്രക്രിയയിൽ പങ്കുചേർക്കുകയുമാണ് ചെയ്യുന്നത്. ഇത് ജനങ്ങളുടെ അവകാശങ്ങൾ സ്ഥാപിക്കുന്നതിനും അവയെ സംരക്ഷിക്കുന്നതിനും തദ്ദേശഭരണസ്ഥാപനങ്ങളുടെ ശേഷി കൂട്ടുന്നതിനും സഹായകരമാകുന്നു. ഈ വലിയ കാൽവയ്പ് കേരളത്തിലെ മുഴുവൻ ജില്ലകളും പിന്തുടരുകയാണ്. ഫ്രണ്ട് ഓഫീസ് സംവിധാനം ഉടൻതന്നെ മറ്റ് പതിമൂന്ന് ജില്ലകളിലേയും ഗ്രാമപഞ്ചായത്തുകളിൽ ഏർപ്പെടുത്തുകയാണ്. ലഭ്യമായ സൗകര്യങ്ങൾ ഉപയോഗിച്ച് പരമാവധി ജനസൗഹൃദപരമായ, സ്ത്രീസൗഹൃദപരമായ സൗകര്യങ്ങൾ നമ്മുടെ ഓഫീസുകളിലുണ്ടാകണം.വിമാനത്താവളങ്ങളിൽ മാത്രം ലഭ്യമായ ബ്രെസ്റ്റ് ഫീഡിംഗിനുള്ള സൗകര്യമടക്കം ഇപ്പോൾ തന്നെ കേരളത്തിലെ പല ഗ്രാമപഞ്ചായത്തുകളിലും ഉണ്ട്. ജനങ്ങളുടെ ജീവിതത്തിന്റെ കേന്ദ്രസ്ഥാപനമായ, അവരുടെ ഏറ്റവും അടുത്ത സുഹൃത്തായ ജനസേവന കേന്ദ്രമായി പഞ്ചായത്തുകൾ മാറുകതന്നെ ചെയ്യും.■

*ഫ്രണ്ട് ഓഫീസ് വയനാട് ജില്ലാതല പ്രഖ്യാപനവേളയിൽ കില ഡയറക്ടർ പ്രൊഫ.എൻ. രമാകാന്തൻ നടത്തിയ വിഷയാവതരണത്തിൽ നിന്ന്.*

ചിലരുടെ ഇപ്രകാരമുള്ള ചിന്തയുടേയും ചർച്ചയുടേയും ഫലമായി രൂപപ്പെട്ട ഒരു സംവിധാനമാണ് ഫ്രണ്ട് ഓഫീസ് മാനേജ്മെന്റ്. നിലവിലുള്ള സംവിധാനങ്ങളെതന്നെ പരമാവധി പ്രയോജനപ്പെടുത്തി ഓഫീസിന്റെ പ്രവർത്തനം ക്രമപ്പെടുത്തി പൊതുജനത്തിന് സമയബന്ധിതമായും സുതാര്യമായും ക്രമബദ്ധമായും സേവനങ്ങൾ നൽകുന്നതിനും ചിട്ടയായ കർത്തവ്യനിർവ്വഹണത്തിലൂടെ കാര്യക്ഷമമായ ഓഫീസ് പ്രവർത്തനം സാധ്യമാക്കുന്നതിനും ലക്ഷ്യം വെച്ച് രൂപം നൽകിയതാണ് ഫ്രണ്ട് ഓഫീസ് സംവിധാനം. ഈ സംവിധാനത്തിന്റെ പ്രാധാന്യം ജനപ്രതിനിധികളിലും ഉദ്യോഗസ്ഥരിലും എത്തിക്കുന്നതിന് പഞ്ചായത്തു വകുപ്പിനും കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷനും ഒപ്പം നേതൃത്വപരമായ പങ്കുവഹിച്ചത് കിലയാണ്.■

## പഞ്ചായത്ത് ഡയറക്ടറേറ്റിലും ഡി.ഡി.പി. ഓഫീസുകളിലും ഫ്രണ്ട് ഓഫീസുകൾ സജ്ജമാക്കും:

- ഡോ. വി.എം. ഗോപാലമേനോൻ

കേരളത്തിലെ പഞ്ചായത്തുകളുടെ ഭരണസിരാകേന്ദ്രമായ പഞ്ചായത്ത് ഡയറക്ടറേറ്റിലും ഡി.ഡി.പി. ഓഫീസുകളിലും ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്ന് പഞ്ചായത്ത് ഡയറക്ടർ ഡോ. വി.എം. ഗോപാലമേനോൻ ഐ.എ.എസ് അറിയിച്ചു. വയനാട് ജില്ലയിലെ മുഴുവൻ ഗ്രാമപഞ്ചായത്തുകളിലും വയനാട് ഡി.ഡി.പി. ഓഫീസിലും ഫ്രണ്ട് ഓഫീസ് സംവിധാനമേർപ്പെടുത്തിയതിന്റെ ഔദ്യോഗിക പ്രഖ്യാപനം നടന്ന ചടങ്ങിൽ പങ്കെടുത്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. വിവിധ ആവശ്യങ്ങൾക്കായി പഞ്ചായത്ത് ഡയറക്ടറേറ്റിലെത്തുന്ന ജനപ്രതിനിധികൾക്കു നേരിടുന്ന വൈഷമ്യങ്ങൾക്ക് ഈ സംവിധാനമേർപ്പെടുത്തുന്നതോടെ പരിഹാരമാകുമെന്ന് അദ്ദേഹം പറഞ്ഞു.■

*(പഞ്ചായത്ത് ന്യൂസ് സർവ്വീസ്)*




# ഫ്രണ്ട് ഓഫീസ് സംവിധാനം എല്ലാ ഗ്രാമപഞ്ചായത്തുകളിലേയ്ക്കും

ചരിത്രത്തിൽ വളരെ അപൂർവ്വമായി മാത്രം വരുന്ന ചില മുഹൂർത്തങ്ങളിലൂടെയാണ് കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾ കടന്നു പോകുന്നത്. കിലയും പഞ്ചായത്ത് വകുപ്പും കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷനും ചേർന്ന് കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുവാനുള്ള ധീരമായ തീരുമാനം കൈക്കൊണ്ടത് വരും നാളുകളിൽ ഗ്രാമപഞ്ചായത്തുകളുടെ ഭരണ നിർവഹണത്തിൽ നിശബ്ദമായ എന്നാൽ വിപ്ലവകരമായ ഒരു മാറ്റം സൃഷ്ടിക്കുമെന്നതിന് സംശയമില്ല.

### പശ്ചാത്തലം

ഒരു പൗരന്റെ ജനനം മുതൽ മരണം വരെയുള്ള ജീവിതാവശ്യങ്ങളുമായി ബന്ധപ്പെട്ട് വളരെയേറെ സേവനങ്ങൾ ലഭ്യമാക്കുന്ന ഗ്രാമപഞ്ചായത്തുകളിലെ സേവന പ്രദാന രംഗം നിലവിൽ ധാരാളം പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നുണ്ട്. അപേക്ഷകൾ കാണാതാകൽ, സേവനങ്ങൾ എവിടെ ലഭ്യമാകുമെന്നറിയാതിരിക്കൽ, സേവനങ്ങൾക്കായി പലപ്രാവശ്യം ഓഫീസിൽ കയറിയിറങ്ങേണ്ടി വരിക, വേഗത്തിൽ സേവനം ലഭ്യമാകാൻ ശുപാർശകളും സ്വാധീനവും വേണ്ടിവരിക തുടങ്ങി ജനാധിപത്യ വ്യവസ്ഥിതിയോടും പ്രാദേശിക സർക്കാരുകളോടുമുള്ള വിശ്വാസ്യത ജനങ്ങൾക്ക് നഷ്ടപ്പെടുത്തുന്ന തിന് കാരണമാകുന്ന തരത്തിൽ അപകടകരമായവയാണത്. ഗ്രാമപഞ്ചായത്തുകളിലെ ജീവനക്കാരാകട്ടെ അപേക്ഷകൾ സ്വീകരിക്കുന്നതിനും അവ സമയബന്ധിതമായി തീർപ്പാക്കുന്നതിനും ഉതകുന്ന ശാസ്ത്രീയമായ ഒരു സംവിധാനം നിലവിലില്ലാത്തതു മൂലം ചിട്ടയായി ജോലി ചെയ്യാൻ കഴിയാതെ വരികയും കഴിവുകെട്ടവരെന്ന അപഖ്യാതി നേരിടേണ്ടി വരുകയും ചെയ്യുന്നുണ്ട്. ആരും ശുപാർശ ചെയ്യാനില്ലാത്ത സാഹചര്യത്തിലും സമയബന്ധിതമായി സേവനം ലഭ്യമാകുന്ന ഒരു സംവിധാനം നിലവിലില്ലാത്തതു മൂലം തങ്ങളെ അധികാരത്തിലേറ്റിയ ജനസമൂഹത്തോടുള്ള കടപ്പാടുകൾ നിറവേറ്റാനാവാതെ പ്രതിസന്ധി നേരിടുകയും വികസന പ്രവർത്തനങ്ങൾക്കും സാമൂഹ്യക്ഷേമത്തിനുമായി നീക്കിവെയ്ക്കേണ്ട സമയം ജനങ്ങൾക്ക് ശുപാർശകൾ ചെയ്യേണ്ട സാഹചര്യത്തിലേയ്ക്ക് ജനപ്രതിനിധികളെ നയിക്കുകയും ചെയ്യുന്നു. ഗ്രാമപഞ്ചായത്തുകളിലെ ഭരണ പ്രക്രിയയിൽ നിലവിലുള്ള ഈ അവസ്ഥയിൽ നിന്നും സമയബന്ധിതമായ സേവനപ്രദാനം ജനങ്ങളുടെ അവകാശമായി മാറുന്ന ഒരു പുതിയ യുഗത്തിലേക്കുള്ള പരിണാമത്തിന്റെ തുടക്കമായാണ് ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നത്.

### സമീപനം

ഭരണ സംവിധാനത്തിൽ നിലവിലുള്ള പാകപ്പിഴകൾ തിരുത്തി തികച്ചും പ്രൊഫഷണലും ജനസൗഹൃദപരവും നിയമപരവുമായ ഓഫീസ് പ്രവർത്തനത്തിലേക്ക് ഗ്രാമപഞ്ചായത്തുകളെ നയിക്കുന്നതിനുള്ള പരിവർത്തന ഭരണോദ്യമത്തിന്റെ (Change management initiative) ആദ്യത്തെ കാൽവെയ്പ്പായ ഫ്രണ്ട് ഓഫീസ് സംവിധാനം സേവന പ്രദാന രംഗത്തിൽ ഭരണഘടന വിഭാവനം ചെയ്യുന്ന സോഷ്യലിസ്റ്റ് സങ്കൽപ്പങ്ങളേയും ആശയങ്ങളേയും സന്നിവേശിപ്പിക്കാനും ഉറപ്പുവരുത്താനുമുള്ള ഉദ്യമമാണ്. ഇത്തരത്തിലുള്ള ഒരു മാറ്റത്തിലേക്ക് ഗ്രാമപഞ്ചായത്തുകളെ എത്തിക്കുന്നതിന് സാധാരണഗതിയിലുള്ള ഒരു പരിശീലനംകൊണ്ട് സാധ്യമാകില്ല എന്നതിനാൽ ക്രമീകൃതവും ശാസ്ത്രീയവുമായ പരിപാടിയും നടപടിക്രമങ്ങളും ആവിഷ്കരിക്കേണ്ടതുണ്ട് എന്ന് ആദ്യം തന്നെ തിരിച്ചറിഞ്ഞിരുന്നു. അതുകൊണ്ടുതന്നെ പഞ്ചായത്ത് വകുപ്പിന്റേയും കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷന്റെയും സഹകരണത്തോടെ വ്യക്തമായ കാഴ്ചപ്പാടോടെയും കുറ്റമറ്റ ആസൂത്രണത്തിലൂടെയും കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള സക്രിയമായ ഒരു ഉദ്യമത്തിനാണ് കില തുടക്കമിട്ടത്. ഫ്രണ്ട് ഓഫീസ് സംവിധാനം ഗ്രാമപഞ്ചായത്തുകളിൽ

ഏർപ്പെടുത്തുന്നതിനുള്ള കർമ്മപരിപാടി താഴെപറയുന്ന പ്രവർത്തനങ്ങളിലൂടെയാണ് രൂപപ്പെട്ടുവന്നത്.

**മൂന്നൊരുക്കം**

2008 ജൂലൈ 7-ന് പഞ്ചായത്ത് ഡയറക്ടർ, കില ഡയറക്ടർ, വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥർ, റിസോഴ്സ് ഗ്രൂപ്പംഗങ്ങൾ എന്നിവർ പങ്കെടുത്തുകൊണ്ട് കിലയിൽ ചേർന്ന ശില്പശാലയിൽ വെച്ച് ഗ്രാമപഞ്ചായത്തിലെ സെക്രട്ടറിമാർ, സൂപ്പർവൈസർമാർ എന്നിവർക്ക് പഞ്ചായത്ത് ഭരണ നിർവ്വഹണത്തിൽ പരിശീലനം നൽകുന്നതിന് തീരുമാനിച്ചതോടെയായിരുന്നു ഇതിന്റെ തുടക്കം. കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഏകീകൃതവും നിയമാനുസൃതവും ജനസൗഹൃദപരവുമായ ഭരണനിർവ്വഹണം സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെ രൂപകല്പന ചെയ്ത ഈ പരിശീലന പരിപാടിയിൽ മറ്റ് നാല് വിഷയങ്ങളോടൊപ്പം ഫ്രണ്ട് ഓഫീസ് മാനേജ്മെന്റും ഒരു വിഷയമായി ഉൾപ്പെടുത്തുവാൻ തീരുമാനിച്ചു.

2008 സെപ്തംബർ മുതൽ 2009 ജനുവരിവരെയുള്ള കാലയളവിൽ കേരളത്തിലെ 999 ഗ്രാമപഞ്ചായത്തുകളിലേയും സെക്രട്ടറിമാർക്കും സൂപ്പർവൈസർമാർക്കും കിലയിൽ വെച്ച് പരിശീലനം നല്കി.

ഫ്രണ്ട് ഓഫീസ് സംവിധാനം സംസ്ഥാനത്താകെ ഏകീകൃതമായ രീതിയിൽ നടപ്പിലാക്കുന്നതിന് ശാസ്ത്രീയവും ചിട്ടയായതും ക്രമീകൃതവുമായ ഒരു മാർഗ്ഗരേഖ അനിവാര്യമാണെന്ന ആവശ്യം പരിശീലനത്തിലുയർന്നു വന്നു. ഇതിനായി കിലയിൽ വെച്ച് ഒരു ശില്പശാല സംഘടിപ്പിക്കുകയും മാർഗ്ഗരേഖയുടെ കരട് തയ്യാറാക്കുകയും ചെയ്തു.

ഗ്രാമപഞ്ചായത്തുകളിലെ മിനിസ്റ്റീരിയൽ ജീവനക്കാർക്കും ഫ്രണ്ട് ഓഫീസ് സംവിധാനം സംബന്ധിച്ച പരിശീലനം നൽകുക എന്നതായിരുന്നു അടുത്ത ഘട്ടം. 2009 ജനുവരി, ഫെബ്രുവരി മാസങ്ങളിലായി ജില്ലാതലത്തിൽ പരിശീലനം സംഘടിപ്പിക്കുകയും കേരളത്തിലെ മുഴുവൻ പഞ്ചായത്ത് ജീവനക്കാരേയും പരിശീലനത്തിൽ പങ്കെടുപ്പിക്കുകയും ചെയ്തതോടെ ഫ്രണ്ട് ഓഫീസ് സംവിധാനം ആരംഭിക്കുന്നതിനുള്ള ആദ്യഘട്ട പ്രവർത്തനങ്ങൾ പൂർത്തിയാവുകയായിരുന്നു.

**വയനാട് ജില്ലയിൽ**

കേരളത്തിലെ ഒരു ജില്ലയിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഫ്രണ്ട് ഓഫീസ് പ്രവർത്തനം പരീക്ഷണാടിസ്ഥാനത്തിൽ ഏർപ്പെടുത്തുക എന്നതായിരുന്നു അടുത്ത ലക്ഷ്യം. വയനാട് ജില്ലയിലെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറും ഗ്രാമപഞ്ചായത്ത് അസോസിയേഷന്റെ ജില്ലാഘടകവും ഇതിന് മുന്നോട്ടു വന്നത് കാര്യങ്ങൾ കൂടുതൽ എളുപ്പമാക്കി. ജില്ലയിലെ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടുമാർ, വൈസ് പ്രസിഡണ്ടുമാർ, സെക്രട്ടറിമാർ, സൂപ്പർവൈസർമാർ എന്നിവരെ ഇതിന് സജ്ജമാക്കുകയായിരുന്നു തുടർന്ന് ചെയ്തത്. 2008 നവംബർ 6-ന് കില ഡയറക്ടർ, അസി.ഡയറക്ടർ, എക്സ്റ്റൻഷൻ ഫാക്കൽറ്റികൾ എന്നിവരുടെ നേതൃത്വത്തിൽ വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരിയിൽ വെച്ച് ജില്ലാതല ശില്പശാല സംഘടിപ്പിച്ചു. ജില്ലാതല കൂടിയാലോചനാ സമിതിയുടെ സഹായത്തോടെ പഞ്ചായത്ത് തലത്തിൽ ശില്പശാലകൾ നടത്തുന്നതിനായുള്ള റിസോഴ്സ് ടീം രൂപീകരിക്കുകയും റിസോഴ്സ് ടീമിന് 2008 ഡിസംബർ 24-ന് കല്പറ്റയിൽ വെച്ച് പരിശീലനം നല്കുകയും ചെയ്തു. പ്രസ്തുത ശില്പശാലയിൽ വെച്ച് പഞ്ചായത്ത്തല ശില്പശാലകളുടെ തീയതി നിശ്ചയിച്ചു. 2009 ജനുവരി ഫെബ്രുവരി മാസങ്ങളിൽ 25 ഗ്രാമപഞ്ചായത്തുകളിലും മുഴുവൻ ജനപ്രതിനിധികളേയും ജീവനക്കാരേയും പങ്കെടുപ്പിച്ചുകൊണ്ടുള്ള ശില്പശാലകൾ സംഘടിപ്പിച്ചു. ശില്പശാലയോടനുബന്ധിച്ച് ഗ്രൂപ്പ് ചർച്ചയിലൂടെ പഞ്ചായത്തിലെ നിലവിലെ സ്ഥിതി വിലയിരുത്തുകയും ഏർപ്പെടുത്തേണ്ട പ്രവർത്തനങ്ങളെ അന്നുതന്നെ ചെയ്യേണ്ടവ, കുറഞ്ഞ സമയത്തിനുള്ളിൽ ചെയ്യാവുന്നവ, പദ്ധതി രൂപീകരിച്ച് ചെയ്യേണ്ടവ എന്നിങ്ങനെ മൂന്നായി തരംതിരിച്ച് ക്രോഡീകരിക്കുകയും ചെയ്തു. ശില്പശാല തീയ്യതികളിൽ തന്നെ പഞ്ചായത്തിന്റെ പ്രത്യേക യോഗം ചേരുന്നതിന് നടപടികൾ സ്വീകരിച്ചിരുന്നു. യോഗത്തിൽവെച്ച് അന്ന് തന്നെ പ്രസ്തുത ഗ്രാമപഞ്ചായത്തിൽ ഫ്രണ്ട് ഓഫീസ് പ്രവർത്തനം ആരംഭിക്കുന്നതിനും സ്വീകരിക്കേണ്ട തുടർ പ്രവർത്തനങ്ങൾ




2009 ആഗസ്റ്റ് 15-ഓടെ കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഫ്രണ്ട് ഓഫീസ് സംവിധാനം ആരംഭിച്ചതായുള്ള സംസ്ഥാനതല പ്രഖ്യാപനം നടത്തി പൊതുസമൂഹത്തിന് സ്വാതന്ത്ര്യദിന സമ്മാനമായി സമയബന്ധിത സേവനം ഉറപ്പ് നൽകാൻ കഴിയും എന്ന ആത്മവിശ്വാസത്തോടെയാണ് പഞ്ചായത്ത് വകുപ്പും കിലയും ഗ്രാമപഞ്ചായത്ത് അസോസിയേഷനും മുന്നോട്ടു പോകുന്നത്.

സംബന്ധിച്ചും തീരുമാനമെടുത്തു. ശില്പശാലാ ദിവസം തന്നെ ചെയ്യാവുന്ന ക്രമീകരണങ്ങൾ ഏർപ്പെടുത്തിയ ശേഷം അപേക്ഷകൾ വാങ്ങി രജിസ്റ്റർ ചെയ്ത്, കൈപ്പറ്റ് രസീത് നൽകി തുടർന്നുള്ള നടപടിക്രമങ്ങൾ പൂർത്തികരിച്ച് ഫ്രണ്ട് ഓഫീസ് പ്രവർത്തനം ആരംഭിക്കുകയാണുണ്ടായത്.

**ജനങ്ങൾക്ക് സമർപ്പിക്കൽ**

ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തിയ വിവരം ജനങ്ങളെ അറിയിക്കുന്നതിനും സംവിധാനം ജനങ്ങൾക്ക് സമർപ്പിക്കുന്നതിനുമായി നടപടിക്രമങ്ങൾ കൃത്യമായി പാലിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്തി 7-8 ദിവസങ്ങൾക്ക് ശേഷം പഞ്ചായത്തിലെ സന്നദ്ധ പ്രവർത്തകർ, ഘടക സ്ഥാപനങ്ങളിലേ തടക്കമുള്ള ജീവനക്കാർ, കുടുംബശ്രീ പ്രവർത്തകർ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ട് പഞ്ചായത്ത്തല പ്രഖ്യാപനങ്ങൾ നടത്തി. തുടർന്ന് ജില്ലാതല പ്രഖ്യാപനം നടത്താൻ നിശ്ചയിക്കുകയും 2009 ജൂൺ 1-ന് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി പാലോളി മുഹമ്മദ്കുട്ടി വയനാട് ജില്ലയിലെ 25 ഗ്രാമപഞ്ചായത്തുകളിലും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിലും ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തിയതായുള്ള ജില്ലാതല പ്രഖ്യാപനം നടത്തുകയും ചെയ്തു. പ്രഖ്യാപനച്ചടങ്ങിൽ അവതരിപ്പിച്ച റിപ്പോർട്ട് ഫ്രണ്ട് ഓഫീസ് സംവിധാനത്തിന്റെ ഇനിപ്പറയുന്ന നേട്ടങ്ങൾ എടുത്ത് പറയുന്നുണ്ട്.

- പൗരാവകാശ രേഖ യാഥാർത്ഥ്യമായി
- വിവരങ്ങൾക്കായും സേവനങ്ങൾക്കായും ജനം പലയിടത്ത് അലയേണ്ടതില്ല, ആരേയും കാത്ത് നിൽക്കേണ്ടതില്ല.
- പരാതികൾ കുറഞ്ഞു, വിശ്വാസ്യത വർദ്ധിച്ചു.
- ഓഫീസിനകത്തെ തിരക്ക് കുറഞ്ഞു, ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വർദ്ധിച്ചു.
- ശുപാർശകൾ ഒന്നിനും ആവശ്യമില്ല
- എല്ലാ തപാലുകളും രജിസ്റ്റർ ചെയ്യപ്പെടുന്നു, ഒന്നും കാണാതാകുന്നില്ല
- സേവനപ്രദാനത്തിന് ഒരു ഏകജാലകം ഉണ്ടായി, അഴിമതിക്ക് കാരണമാകുന്ന കുറെയേറെ സാഹചര്യങ്ങൾ ഇല്ലാതായി
- ക്യാഷ്ബുക്ക് ക്ലോസിങ്ങും രജിസ്റ്ററുകൾ പൂർണ്ണമാക്കലും മൂന്ന് മണിക്ക് ശേഷം അതാത് ദിവസം കൃത്യമായി നടക്കുന്നു.

**മറ്റ് ജില്ലകളിലേയ്ക്ക്**

വയനാട് ജില്ലയിൽ വിജയകരമായി ഏർപ്പെടുത്തിയ ഫ്രണ്ട് ഓഫീസ് സംവിധാനം മറ്റ് 13 ജില്ലകളിലേക്കും വ്യാപിപ്പിക്കുകയായിരുന്നു അടുത്ത ലക്ഷ്യം. ഇതിനായി ഏപ്രിൽ 21-ന് പഞ്ചായത്ത് വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥർ കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷന്റെ സംസ്ഥാന ജില്ലാതല ഭാരവാഹികൾ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ, പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർമാർ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ട് ഒരു ശില്പശാല കിലയിൽ സംഘടിപ്പിച്ചു. പ്രസ്തുത ശില്പശാലയിൽ വെച്ച് 2009 ആഗസ്റ്റ് 10-നകം ഫ്രണ്ട് ഓഫീസ് പ്രവർത്തനം കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഏർപ്പെടുത്തി അത് സംബന്ധിച്ച സംസ്ഥാനതല പ്രഖ്യാപനം നടത്തത്തക്കവിധം കർമ്മ പരിപാടി രൂപപ്പെടുത്തുകയും ഇതിനായുള്ള ജില്ലാതല പരിശീലനങ്ങൾ 2009 മെയ് 31-നകം പൂർത്തിയാക്കാൻ കിലയെ ചുമതലപ്പെടുത്തുകയും ചെയ്തു. ജില്ലാതല ശില്പശാലകൾ നടത്തുന്നതിനായി കില അസിസ്റ്റന്റ് ഡയറക്ടർ വിനോദ്കുമാറിന്റെ നേതൃത്വത്തിൽ വയനാട് ജില്ലയിൽനിന്നുള്ള ജനപ്രതിനിധികളും ഉദ്യോഗസ്ഥരുമടക്കമുള്ള ഒരു റിസോഴ്സ് ടീം രൂപീകരിക്കുകയും ചെയ്തു.

ഗ്രാമപഞ്ചായത്തുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ആരംഭിക്കുന്നതിന്റെ തുടക്കമായി ജില്ലാതല കൂടിയാലോചനാ സമിതി പ്രത്യേക യോഗം ഓരോ ജില്ലയിലും ചേരുകയും ജില്ലാതലശില്പശാലകൾ സംഘടിപ്പിക്കുന്നതിന് തീരുമാനിക്കുകയും 5 ഗ്രാമപഞ്ചായത്തുകൾക്ക് ഒരു ടീം എന്ന രീതിയിൽ റിസോഴ്സ് ടീമുകൾ രൂപീകരിക്കുകയും ചെയ്തു. ഒരു ജനപ്രതിനിധിയും 2 ഉദ്യോഗസ്ഥരും അടങ്ങുന്നതാണ് ഓരോ ടീമും.

**ജില്ലാതല ശില്പശാലകൾ**

റിസോഴ്സ് ടീമുകളുടെ ഉത്തരവാദിത്വങ്ങൾ, ജില്ലാതല ശില്പശാലയിൽ നൽകേണ്ട കുറിപ്പുകൾ, പഞ്ചായത്ത്തല ഗ്രൂപ്പ് ചർച്ചാ ഫോറം, പഞ്ചായത്ത്തല ശില്പശാലയുടെ കാര്യപരിപാടി, ഗ്രൂപ്പ് ചർച്ചക്കുള്ള ഫോറങ്ങൾ, വിവരശേഖരണ ഫോറം, പഞ്ചായത്തിന്റെ പ്രത്യേക യോഗം ചേരുന്നതിനുള്ള കരട് അജണ്ടാ കുറിപ്പ്, കരട് തീരുമാനം എന്നിവ കില തയ്യാറാക്കി ഓരോ ജില്ലയിലേക്കും നൽകിയിരുന്നു.

**ലക്ഷ്യം**

2009 ആഗസ്റ്റ് 15-ഓടെ കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഫ്രണ്ട് ഓഫീസ് സംവിധാനം ആരംഭിച്ചതായുള്ള സംസ്ഥാനതല പ്രഖ്യാപനം നടത്തി പൊതു സമൂഹത്തിന് സ്വാതന്ത്ര്യദിന സമ്മാനമായി സമയബന്ധിത സേവനം ഉറപ്പ് നൽകാൻ കഴിയും എന്ന ആത്മവിശ്വാസത്തോടെയാണ് പഞ്ചായത്ത് വകുപ്പും കിലയും ഗ്രാമപഞ്ചായത്ത് അസോസിയേഷനും മുന്നോട്ടു പോകുന്നത്. ഇത് സംബന്ധിച്ച് നേരിടാവുന്ന പ്രശ്നങ്ങൾ വിലയിരുത്തി, പ്രതിസന്ധികൾ തരണം ചെയ്യുന്നതിന് ശക്തമായ പിന്തുണാ സംവിധാനവും ആവിഷ്കരിച്ചിട്ടുണ്ട്.

ഇതുവഴി ശുപാർശകളും ഇടനിലക്കാരും ഇല്ലാതെതന്നെ സമയബന്ധിതമായി മുഴുവൻ ജനവിഭാഗങ്ങൾക്കും സേവനം ലഭ്യമാക്കുന്നതിലൂടെ കേരള

ജനാധിപത്യ അധികാര വികേന്ദ്രീകരണം ഫലപ്രദമായി നടപ്പിലാക്കുന്നതിൽ കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾ ലോകത്തിനു തന്നെ മാതൃകയാകുന്ന തരത്തിൽ ബഹുദൂരം മുന്നോട്ടു പോയിട്ടുണ്ട്. എന്നാൽ ഇതിനനുസൃതമായി പ്രാദേശിക ഭരണ സംവിധാനത്തെ രൂപപ്പെടുത്തുന്നതിൽ ഇനിയും ഒട്ടേറെ പടവുകൾ താണ്ടുവാനുണ്ട്. നീതിയുക്തവും, ജനപക്ഷപരവുമായ ഒരു ഭരണ വ്യവസ്ഥയിലേയ്ക്കുള്ള പരിണാമത്തിലാണ് ഇന്ന് ഗ്രാമപഞ്ചായത്തുകൾ. പതിനൊന്നാം പദ്ധതിയിൽ സദ്ഭരണത്തിന് മുൻഗണന നൽകുന്നതും ഇത്തരം പരിവർത്തനങ്ങൾക്ക് ദിശാബോധം നൽകുന്നതിനാണ്. പ്രാദേശിക സർക്കാരുകളുടെ പ്രവർത്തന കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ജനങ്ങൾക്ക് സമയബന്ധിതമായി സേവനം നൽകുന്നതിനും ലക്ഷ്യമിടുന്ന ഫ്രണ്ട് ഓഫീസ് സംവിധാനത്തെ ഇതിന്റെ തുടക്കമായി വേണം കാണാൻ.

വയനാട് ജില്ലയിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഫ്രണ്ട് ഓഫീസ് സംവിധാനം നടപ്പിലാക്കിയതിന്റെ തുടർച്ചയായി കേരളത്തിലെ മറ്റ് 13 ജില്ലകളിലും നിന്നുള്ള റിസോഴ്സ് ടീം അംഗങ്ങൾക്ക് 2009 മാർച്ച് 20, 21 തീയതികളിലായി മാനന്തവാടി ഗ്രാമപഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ വച്ച് നടത്തിയ ദ്വിദിന ശിൽപശാല ഫ്രണ്ട് ഓഫീസ് സംവിധാനത്തെ അടുത്തറിയുന്നതിനും സ്വാംശീകരിക്കുന്നതിനും ഏറെ സഹായകരമായി. ഓരോ ജില്ലകളിലേയും പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർമാർ, പഞ്ചായത്ത് അസി. ഡയറക്ടർമാർ എന്നിവരുടെ നേതൃത്വത്തിലെത്തിയ ടീമുകൾക്ക് ഹൃദ്യമായ വരവേൽപ്പാണ് വയനാട് ജില്ല ഒരുക്കിയത്. മാർച്ച് 19 രാത്രിയും 20ന് രാവിലെയുമായി 13 ജില്ലകളിൽ നിന്നുള്ള പ്രതിനിധികൾ മാനന്തവാടിയിൽ എത്തിച്ചേർന്നു. മാനന്തവാടി പട്ടണത്തിന്റെ നെറുകയിലുള്ള കുന്നിൻ മുകളിലെ മനോഹരമായ ഓഡിറ്റോറിയത്തിലായിരുന്നു ശിൽപശാല നടന്നത്. അന്തരീക്ഷ

അനുഭവം

കാർമ്മൽ ജോർജ്

# അർത്ഥപൂർണ്ണമായ രണ്ട് ദിവസങ്ങൾ

## മാനന്തവാടിയിൽ നടന്ന ഫ്രണ്ട് ഓഫീസ് സംസ്ഥാനതല ശിൽപശാലയെക്കുറിച്ച്

ത്തിലെ ഇളം കുളിരും ദൃശ്യപഥത്തിലെ ബ്രഹ്മഗിരി മലനിരകളും തിരുനെല്ലി കാടുകളുടെ വിദൂരഭംഗിയും പ്രതിനിധികളുടെ മനം കവരുന്നതായിരുന്നു.

20 ന് രാവിലെ 10 മണിയോടെ ശിൽപശാലയ്ക്ക് തുടക്കമായി. കില ഡയറക്ടർ പ്രൊഫ. എൻ. രമാകാന്തൻ ശിൽപശാല ഉദ്ഘാടനം ചെയ്തു.

ഫ്രണ്ട് ഓഫീസ് സംവിധാനത്തിന്റെ ആശയവും പൗരാവകാശരേഖയുടെ പ്രാധാന്യവും വ്യക്തമാക്കുന്ന അവതരണമാണ് പിന്നീട് നടന്നത്. വയനാട് ജില്ലയിൽ ഫ്രണ്ട് ഓഫീസ് സംവിധാനം നടപ്പിലാക്കുന്നതിനായി സ്വീകരിച്ച മാർഗ്ഗങ്ങൾ, നേരിട്ട പ്രതിസന്ധികൾ, പ്രതിസന്ധികൾ എങ്ങനെ മറികടന്നു എന്നിവ വിശദമാക്കിയ അവതരണം, തങ്ങളുടെ ജില്ലകളിലും ഫ്രണ്ട് ഓഫീസ് സംവിധാനം നടപ്പിലാക്കാൻ കഴിയും എന്ന ആത്മവിശ്വാസത്തിലേയ്ക്ക് പങ്കാളികളെ നയിച്ചു.

ഫ്രണ്ട് ഓഫീസ് സംവിധാനം നടപ്പിലാക്കിയ 25 പഞ്ചായത്തുകളിൽ മാനന്തവാടിക്ക് സമീപത്തായി സ്ഥിതി ചെയ്യുന്ന 7 പഞ്ചായത്തുകളിലേയ്ക്കുള്ള പഠന സന്ദർശനമാണ് ഉച്ചകഴിഞ്ഞ് നടന്നത്. ഫ്രണ്ട് ഓഫീസ് സംവിധാനത്തിന്റെ ആത്മാവ് അതിന്റെ നടപടിക്രമങ്ങളിലാണെന്ന് തിരിച്ചറിയുന്നതിന് ഗ്രാമപഞ്ചായത്തുകളിലേയ്ക്കുള്ള ഈ സന്ദർശനം ഉപകരിച്ചു.

വൈകുന്നേരം 6 മണിയോടെ മാനന്തവാടിയിൽ തിരിച്ചെത്തിയ ടീമുകൾ റിപ്പോർട്ടുകൾ ക്രോഡീകരിച്ചു. തുടർന്ന് ഓരോ ഗ്രൂപ്പും തങ്ങൾ സന്ദർശിച്ച പഞ്ചായത്തുകളിലെ ഫ്രണ്ട് ഓഫീസ് സംവിധാനത്തിന്റെ അവസ്ഥ, മേന്മകൾ, അപാകതകൾ എന്നിവ വിശദമാക്കുന്ന റിപ്പോർട്ടുകൾ അവതരിപ്പിച്ചു. റിപ്പോർട്ടുകളുടെ ക്രോഡീകരണത്തിനുശേഷം ഓരോ ജില്ലയിലേയും റിസോഴ്സ് ടീമുകൾ തങ്ങളുടെ ജില്ലകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള കർമ്മപരിപാടി രൂപപ്പെടുത്തുന്നതിന്റെ ഭാഗമായി ജില്ലയിലെ നിലവിലെ അവസ്ഥ, നേട്ടങ്ങൾ, നേരിടാവുന്ന പ്രതിസന്ധികൾ എന്നിവ ചർച്ച ചെയ്തു. എട്ട് മണിയോടെ ചർച്ചകൾ പൂർത്തിയാക്കിയശേഷം അത്താഴത്തിലേയ്ക്ക് കടന്നു. രാത്രി ഒമ്പത് മണി മുതൽ വയനാടിന്റെ പൈതൃകഭാവങ്ങൾ ആവാഹിക്കുന്ന തുടിതാളങ്ങളോടെ തൃശ്ശിലേരിയിലെ വാക്ക് ഗായകസംഘം ഗ്രാമീണഗാനങ്ങൾ അവതരിപ്പിക്കാൻ തുടങ്ങി. സാംസ്ക്കാരിക ഗൃഹാതുരത്വത്തിലേയ്ക്ക് പ്രതിനിധികളെ കൊണ്ടുപോകാൻ ഗായകസംഘത്തിന് സാധിച്ചു. ഗാനങ്ങളിലെ വയനാടൻ തനിമ മനസ്സിൽ തങ്ങിനിന്നു.

അടുത്ത ദിവസം തലേന്നത്തെ പ്രവർത്തനങ്ങൾ വിലയിരുത്തിയശേഷം ജില്ലാതല അവതരണങ്ങൾ ആരംഭിച്ചു. വയനാട് ജില്ലയിൽ ഫ്രണ്ട് ഓഫീസ് സംവിധാനം നടപ്പിലാക്കുന്നതിന് നേതൃത്വം വഹിച്ച ജില്ലാതല റിസോഴ്സ് ഗ്രൂപ്പ് ഓരോ ജില്ലയുടേയും അവതരണങ്ങൾ വിലയിരുത്തി. പ്രതിനിധികൾ ഉയർ ത്തുന്ന ആശങ്കകളുടെ ഇരുൾ മൂലകളിലേയ്ക്ക് പാനൽ അംഗങ്ങൾ അനുഭവത്തിന്റെ പ്രകാശരേണുക്കൾ പായിക്കുന്ന തരത്തിൽ നീങ്ങിയ പാനൽ ചർച്ച ഫ്രണ്ട് ഓഫീസ് സംവിധാനത്തെക്കുറിച്ച് മനസ്സിൽ അവശേഷിച്ചിരുന്ന എല്ലാ സംശയങ്ങളും ദുരീകരിക്കുന്നതും ആശങ്കകൾ അകറ്റുന്നതുമായിരുന്നു. 13 ജില്ലകളുടേയും അവതരണവും പാനൽ ചർച്ചകളുമായി നടന്ന ഈ സെഷൻ ശില്പശാലയിലെ ഏറ്റവും മികച്ചതായിരുന്നു.

ഫ്രണ്ട് ഓഫീസ് സംവിധാനം നടപ്പിലാക്കുന്നതിന് സഹായകരമായതും, കാര്യക്ഷമമായ ഓഫീസ് ഭരണത്തിന് വഴിതെളിക്കുന്നതുമായ സഹായകോപാധികളായ ഓഫീസ് ഓർഡർ, ചെക്ക് ലിസ്റ്റുകൾ എന്നിവ പരിചയപ്പെടലായിരുന്നു പിന്നീട് നടന്നത്. ഓഫീസ് ഓർഡർ, ചെക്ക് ലിസ്റ്റുകൾ എന്നിവ പങ്കാളികൾ ഗ്രൂപ്പ് ചർച്ചകളിലൂടെ പരിശോധിച്ച് ഭേദഗതികൾ നിർദ്ദേശിക്കുകയും സമ്പുഷ്ടമാക്കുകയും ചെയ്തു.

ഓരോ ജില്ലയിലും ഫ്രണ്ട് ഓഫീസ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള കർമ്മപരിപാടി തയ്യാറാക്കലോടുകൂടെയാണ് ശിൽപശാല സമാപിച്ചത്.

ഫ്രണ്ട് ഓഫീസ് സംവിധാനത്തോട് വയനാട് ജില്ലയിലെ ജനപ്രതിനിധികളും, ഉദ്യോഗസ്ഥരും കാണിക്കുന്ന താൽപര്യവും ആവേശവും ഓരോ പങ്കാളിയുടേയും മനസ്സിനെ സ്പർശിച്ചിരുന്നു. രണ്ട് ദിവസത്തെ ശിൽപശാല കഴിഞ്ഞ് വയനാടൻ ചുരമിറങ്ങുമ്പോൾ എത്രയും വേഗം തങ്ങളുടെ ജില്ലകളിലും ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തണമെന്ന അദമ്യമായ ആഗ്രഹവും അതിനായി കർമ്മനിരതരാകാനുള്ള നിശ്ചയദാർഢ്യവും എല്ലാവരുടേയും ഉള്ളിൽ സ്ഫുരിക്കുന്നുണ്ടായിരുന്നു. ■

*ലേഖിക തൃശൂർ ജില്ല*
*പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാണ്*

ത്തിലെ അധികാര വികേന്ദ്രീകരണ പ്രക്രിയയ്ക്ക് കരുത്ത് നൽകുവാനും ഗ്രാമപഞ്ചായത്തുകളിലും ജനാധിപത്യ സംവിധാനങ്ങളിലും ജനങ്ങൾക്കുള്ള വിശ്വാസ്യത വർദ്ധിപ്പിക്കുന്നതിനും സാധ്യമാകും. ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തിയതോടെ ക്യാഷ് ബുക്ക്, ബില്ലിങ്ങ്, റിക്കാർഡുകളുടെ സൂക്ഷിപ്പ്, ഫയലുകളുടെ ശാസ്ത്രീയമായ കൈകാര്യം , മെയിൻ ഓഫീസിലെ കാര്യക്ഷമമായ പ്രവർത്തനം എന്നിവ ക്രമീകൃതമാകുന്നതായി അനുഭവങ്ങൾ സാക്ഷ്യപ്പെടുത്തുന്നു. ഗ്രാമപഞ്ചായത്തുകളുടെ ഭരണസംവിധാനത്തെ ഇത്തരത്തിൽ പ്രൊഫഷണലും കാര്യക്ഷമവുമായി മാറ്റിയെടുക്കുന്നതിനുള്ള ഈ ഉദ്യമം വരും നാളുകളിൽ സംസ്ഥാനത്തെ മികച്ച വകുപ്പായി പഞ്ചായത്ത് വകുപ്പിനേയും മികച്ച ജനാധിപത്യ സർക്കാരുകളായി ഗ്രാമപഞ്ചായത്തുകളേയും സമർത്ഥരും കാര്യശേഷിയും കാര്യപ്രാപ്തിയുമുള്ള ഉദ്യോഗസ്ഥരായി വകുപ്പിലെ ഉദ്യോഗസ്ഥരേയും മാറ്റിയെടുക്കുമെന്നതിൽ സംശയമില്ല.

നാളെ ഈ സംവിധാനം സംസ്ഥാനത്തെ മുഴുവൻ സ്ഥാപനങ്ങളിലേക്കും വ്യാപിച്ചേക്കാം. ചരിത്രത്തിന്റെ താളുകളിൽ ഇടം പിടിച്ചേക്കാവുന്ന ഒരു പരിവർത്തന ഉദ്യമത്തിലാണ് കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾ. ■

*(പഞ്ചായത്ത് ന്യൂസ് സർവ്വീസ്)*



# പഞ്ചായത്ത് അസോസിയേഷൻ ഗവേഷണ മേഖലയിലേയ്ക്ക്

## വിവിധ വിഷയങ്ങളിൽ നടത്തുന്ന ആക്ഷൻ റിസർച്ച് സംബന്ധിച്ച് തിരുവനന്തപുരത്ത് നടന്ന ഏകദിന ശില്പശാലയുടെ റിപ്പോർട്ട്

കേരള ഗ്രാമ പഞ്ചായത്ത് അസോസിയേഷൻ കിലയുടെയും ക്യാപ്ഡെക്കിന്റെയും സഹായത്തോടെ മേയ് 30 ന് കേരളത്തിലെ തെരഞ്ഞെടുത്ത ഗ്രാമ പഞ്ചായത്തുകൾക്കായി വിവിധ വിഷയങ്ങളിലെ ആക്ഷൻ റിസർച്ചിനെ കുറിച്ചുള്ള ഏകദിന ശിൽപശാല തിരുവനന്തപുരത്ത് സംഘടിപ്പിച്ചു. ഗവേഷണത്തിൽ പങ്കാളികളാകാൻ സന്നദ്ധമായ പഞ്ചായത്തുകളിൽ നിന്നും അസോസിയേഷന്റെ എക്സിക്യൂട്ടീവ് കമ്മറ്റി തെരഞ്ഞെടുത്ത 62 പഞ്ചായത്തുകളുടെ പ്രതിനിധികൾ ,അതത് വിഷയത്തിലെ വിദഗ്ദ്ധർ എന്നിവരാണ് ശിൽപശാലയിൽ പങ്കെടുത്തത്. വികേന്ദ്രീകൃത ആസൂത്രണം രണ്ടാം ഘട്ടത്തിലേയ്ക്ക് പ്രവേശിച്ചിരിക്കുന്ന സാഹചര്യത്തിൽ കേരളത്തിലെ അധികാരവികേന്ദ്രീകരണ പ്രക്രിയയ്ക്ക് പുതിയ ഊർജ്ജം പകരുന്നതിനൊപ്പം ഗ്രാമ പഞ്ചായത്തുകൾ അഭിമുഖീകരിക്കുന്ന ചില പ്രശ്നങ്ങൾക്ക് പരിഹാരം കാണുകയും ചെയ്യുക എന്ന ഉദ്ദേശത്തോടെയാണ് അസോസിയേഷൻ ഇത്തരം ഒരു പരിപാടി സംഘടിപ്പിച്ചിരിക്കുന്നത്. പ്രസക്തമായ 19 വിഷയങ്ങളിൽ ആക്ഷൻ റിസർച്ച് നടത്താനാണ് തീരുമാനിച്ചിരിക്കുന്നത്. 2009 ഡിസംബറോടെ ഗവേഷണ പരിപാടികൾ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

ധനമന്ത്രി ഡോ. ടി.എം. തോമസ് ഐസക് ശില്പശാല ഉദ്ഘാടനം ചെയ്തു. അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് കെ. നാരായണൻ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ വിഷയാവതരണം നടത്തിയത് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എസ്.എം. വിജയാനന്ദാണ്.

### അസോസിയേഷന്റെ പ്രവർത്തനം പുതിയ മാനത്തിലേയ്ക്ക്:

***ഡോ.റ്റി.എം.തോമസ് ഐസക്***

തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ അസോസിയേഷനുകൾ എന്ന് പറയുന്നത് അവകാശങ്ങൾ നേടിയെടുക്കാനുള്ള ഒരു ട്രേഡ് യൂണിയൻ അല്ല. മറിച്ച് നമ്മുടെ തദ്ദേശ സ്വയംഭരണ സംവിധാനത്തെ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള ഒരു സംവിധാനമാണ്. തദ്ദേശ ഭരണ രംഗത്ത് സജീവമായ ഒരു പങ്ക് നമ്മുടെ അസോസിയേഷനുകൾ വഹി

ക്കുന്നുണ്ട്. ഇതിനെ ഒരു പുതിയ മാനത്തിലേക്ക് ഉയർത്താൻ ഉതകുന്നതാണ് ആക്ഷൻ റിസർച്ച് പരിപാടി. സംഘാടനത്തോടൊപ്പം ഗവേഷണ മേഖലയിലേയ്ക്കും അസോസിയേഷൻ കടക്കുകയാണ്. ഇതിന്റെ ഭാഗമായി പഞ്ചായത്ത് അസോസിയേഷൻ ഓഫീസിൽ ഒരു ഡോക്യുമെന്റേഷൻ സെന്റർ തുടങ്ങാൻ ഉദ്ദേശിക്കുന്നു. ഇതുമായി ബന്ധപ്പെട്ട് സർക്കാരുമായി ആശയവിനിമയത്തിനുള്ള ഒരു സംവിധാനം ഉണ്ടാക്കുന്ന കാര്യവും ചർച്ച ചെയ്തിരുന്നു. അത് ഉടൻ തുടങ്ങാനുള്ള പ്രവർത്തനങ്ങൾ അസോസിയേഷന്റെ ഭാഗത്തുനിന്നും ഉണ്ടാവണം. ഇതിന്റെ പ്രധാന ഉദ്ദേശം ജനങ്ങൾ സർക്കാരാഫീസുകളിൽ കയറി ഇറങ്ങുമ്പോൾ ഉണ്ടാവുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുക എന്നുള്ളതാണ്. ഈ ഡോക്യുമെന്റേഷൻ സെന്ററുമായി ബന്ധപ്പെട്ടുതന്നെ ഒരു ഇന്റർഫേസിംഗ് സംവിധാനം ഉണ്ടാക്കണം. പ്രധാനപ്പെട്ട സർക്കാർ രേഖകൾ, ഉത്തരവുകൾ തുടങ്ങിയവയുടെ കോപ്പികൾ അവിടെ ലഭ്യമാക്കാൻ കഴിയണം.

## ആക്ഷൻ റിസർച്ച് സൃഷ്ടിപരമായ പ്രവർത്തനങ്ങളിലേയ്ക്കുള്ള ചുവടുവെയ്പ്:

*എസ്.എം. വിജയാനന്ദ്*

ഒരുപാട് പ്രശ്നങ്ങൾ ഉണ്ടെങ്കിലും വികേന്ദ്രീകരണത്തിൽ നമ്മൾ മറ്റ് സംസ്ഥാനങ്ങളെക്കാൾ വളരെ മുന്നിലാണ്. അതുകൊണ്ടുതന്നെ നമ്മുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ നാം തന്നെ പരിഹാരം കണ്ടെത്തേണ്ടിവരും. അതിനുള്ള മാർഗ്ഗമാണീ ആക്ഷൻ റിസർച്ച്. നമ്മുടെ പ്രശ്നങ്ങൾക്കുള്ള ഉത്തരങ്ങൾ നമ്മുടെ അകത്തുനിന്ന്, അനുഭവത്തിൽ നിന്ന്, നമുക്ക് അനുയോജ്യമായിട്ടുള്ള സാഹചര്യങ്ങളിൽ നിന്ന് വാർത്തെടുക്കുക എന്നുള്ളതാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട ഒന്നാം തലമുറ പ്രശ്നങ്ങളെല്ലാം പരിഹരിച്ചുകഴിഞ്ഞു. എന്നാൽ രണ്ടാം തലമുറ പ്രശ്നങ്ങളാണ് ഒരു പ്രസ്ഥാനം നിലനിൽക്കുമോ ഇല്ലയോ എന്ന് നിർണ്ണയിക്കുന്നത്. ആ പ്രശ്നങ്ങളാണ് ഇപ്പോൾ നേരിടുന്നത്. അത് സ്ഥായിയായ രീതിയിൽ എങ്ങനെ പരിഹരിക്കാം എന്നു കണ്ടെത്താനുള്ള ഒരു ശ്രമമാണ് കില-ക്യാപ്ഡെക് പ്രോജക്ടിന്റെ ഭാഗമായിട്ട് തുടങ്ങിയിരിക്കുന്നത്.

### എന്താണ് ആക്ഷൻ റിസർച്ച്?

സാധാരണ ഗവേഷണം എന്നുവച്ചാൽ ശുദ്ധ ഗവേഷണമാണ്. എന്നാൽ സാമൂഹിക ഗവേഷണം കുറച്ചുകൂടി വ്യത്യസ്തമാണ്. പക്ഷെ ആക്ഷൻ റിസർച്ചിൽ ഒരു കാര്യം ചെയ്ത് അതിൽ നിന്നും പാഠങ്ങൾ പഠിക്കുകയാണ്. പ്രാവർത്തികതയിലാണ് ആക്ഷൻ റിസർച്ചിന്റെ സത്ത. സാധാരണ ഗവേഷണങ്ങൾ പലതും ലബോറട്ടറി കണ്ടീഷനിലാണ് ചെയ്യുന്നത്. ആക്ഷൻ റിസർച്ച് യഥാർത്ഥ സാഹചര്യത്തിലാണ് നടത്തുന്നത്. യഥാർത്ഥ ജീവിത സന്ദർഭങ്ങളിൽ ഒരുപാട് പ്രതികൂല ഘടകങ്ങൾ ഉണ്ടാവും; കഴിവില്ലായ്മ ഉണ്ടാവാം, അഴിമതി ഉണ്ടാവാം, ആളുകളുടെ കുറവ് ഉണ്ടാവാം, ജോലിത്തിരക്ക് ഉണ്ടാവാം. ഇതെല്ലാം നേരിട്ടുക്കൊണ്ട് നടത്തുന്നതാണ് ആക്ഷൻ റിസർച്ച്. സാധാരണ വിദ്യാർത്ഥി അല്ല റിസർച്ചർ (ഗവേഷകൻ). വിദ്യാർത്ഥിക്ക് പരീക്ഷ പാസാവുക എന്നുള്ള ഒരു ലക്ഷ്യമേ ഉള്ളൂ. റിസർച്ചർ എന്നുവച്ചാൽ അദ്ദേഹം പഠിച്ചതുകൊണ്ട് തൃപ്തിപ്പെടാതെ അതിന്റെ അപ്പുറത്ത് സത്യം കണ്ടെത്താൻ പരിശ്രമിക്കുന്ന ആളാണ്. ഈ അമ്പതോളം ഗ്രാമപഞ്ചായത്തുകൾ, ഈ അർത്ഥത്തിലുള്ള റിസർച്ചേഴ്സ് ആയി മാറണം. വളരെ ഗൗരവത്തോടെ വേണം ഈ പ്രവർത്തനത്തെ സമീപിക്കാൻ. സി.ഡി.എസ്, ജോൺ മത്തായി സെന്റർ തുടങ്ങിയ സ്ഥാപനങ്ങളും ഗവേഷണം നടത്തുന്നതിന് സഹായിക്കും. കുടുംബശ്രീ, ആശ്രയ, തൊഴിലുറപ്പ് പദ്ധതി തുടങ്ങിയ പരിപാടികൾ ആക്ഷൻ റിസർച്ചിൽ നിന്നും വികസിപ്പിച്ചെടുത്തവയാണ്.

റിസർച്ചിന് തെരഞ്ഞെടുക്കപ്പെട്ടവർ കുറെ സിദ്ധാന്തങ്ങൾ (Theory) നിർബന്ധമായും അറിഞ്ഞിരിക്കണം. സൽഭരണം, പ്രാദേശിക സാമ്പത്തിക വികസനം, പങ്കാളിത്തം എന്നതിനൊക്കെയുള്ള തിയറികൾ ലളിതമായിട്ട് മനസ്സിലാക്കി തരും. കില കുറെ വിദഗ്ധരെ തെരഞ്ഞെടുത്തിട്ടുണ്ട്. റിസർച്ച് ചെയ്യാൻ പോകുന്ന മേഖലയിൽ കൂടുതൽ വിദഗ്ദ്ധരെ അതാത് സ്ഥാപനങ്ങൾ കണ്ടെത്തണം. ഐക്യരാഷ്ട്രസഭയുടെ ഇന്ത്യൻ വിഭാഗം ഒരുക്കുന്ന സൊലൂഷൻ എക്സ്ചേഞ്ച് (Solution exchange) എന്ന വേദിയുടെ ഭാഗമായ ഡീസെൻട്രലൈസേഷൻ കമ്മ്യൂണിറ്റിയിൽ ഈ പഞ്ചായത്തുകൾ അംഗമാകണം. പഞ്ചായത്തുകളുടെ പ്രശ്നങ്ങൾ അവരുടെ വെബ്സൈറ്റിൽ(www.solution exchange_un.net.in) പോസ്റ്റ് ചെയ്യാം. വികേന്ദ്രീകൃതാസൂത്രണത്തിലെ ലോകത്തെമ്പാടുമുള്ള വിദഗ്ദ്ധർ അതിന് അവരുടേതായ പരിഹാരങ്ങളും, അഭിപ്രായങ്ങളും എഴുതും. ഇത് പഞ്ചായത്തുകൾക്ക് സഹായകരമാവും.

### ഗവേഷണത്തിന്റെ വിഷയങ്ങൾ

**സൽഭരണം:-** ഓഫീസുകളിലെ കാര്യക്ഷമത വർദ്ധിപ്പിച്ച് ജനങ്ങൾക്ക് നൽകുന്ന സേവനം മെച്ചപ്പെടുത്തുന്നതാണ് സൽഭരണം. ഈ മേഖലയിൽ ആക്ഷൻ റിസർച്ച് ചെയ്യാൻ ആറ് പഞ്ചായത്തുകൾ മുന്നോട്ട് വന്നിട്ടുണ്ട്. ഓരോ പഞ്ചായത്തും ഓരോ ഘടകങ്ങൾ ഏറ്റെടുക്കണം. സേവനപ്രദാനം, ഓഫീസിന്റെ കാര്യക്ഷമത വർദ്ധനവ്, സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണത്തിന്റെ സാധ്യതകൾ, സിവിക് സർവീസസ്, പൗരന് നൽകുന്ന സർട്ടിഫിക്കറ്റുകൾ, ബിൽഡിംഗ് ലൈസൻസ്, ലൈസൻസസ്, ടാക്സ് അസസ്സ്മെന്റ്, വെൽഫെയർ സർവ്വീസ് തുടങ്ങിയ ഘടകങ്ങൾക്ക് ഊന്നൽ നൽകണം.

### ഗ്രാമസഭ

ഈ വിഷയത്തിൽ രണ്ടു പഞ്ചായത്തു




*വിവിധ വിഷയങ്ങളിൽ ആക്ഷൻ റിസർച്ച് - ഏകദിന ശില്പശാല ധനമന്ത്രി ഡോ.റ്റി.എം.തോമസ് ഐസക് ഉദ്ഘാടനം ചെയ്യുന്നു. കില ഡയറക്ടർ പ്രൊഫ.എൻ.രമാകാന്തൻ, അസോസിയേഷൻ പ്രസിഡന്റ് കെ.നാരായണൻ തുടങ്ങിയവർ വേദിയിൽ.*

കളാണ് ഗവേഷണം നടത്തുന്നത്. ഈ രണ്ടു പഞ്ചായത്തിലേയും ഗ്രാമസഭ കളെ എപ്രകാരം സമ്പൂർണ്ണ ഗ്രാമസ ഭകളാക്കി മാറ്റാൻ കഴിയും എന്ന് പരിശോധിക്കണം. ഗ്രാമസഭയിലെ നിർ ദ്ദേശങ്ങൾ ക്രമപ്പെടുത്തുന്നത്, ഗുണ ഭോക്തൃ തെരഞ്ഞെടുപ്പ്, തീരുമാന ങ്ങൾ നടപ്പാക്കൽ തുടങ്ങിയവയൊ ക്കെയാണ് ഗ്രാമസഭയുമായി ബന്ധപ്പെട്ട ഗവേഷണത്തിൽ ശ്രദ്ധിക്കേണ്ടത്.

**ഹെൽത്ത് മാസ്റ്റർ പ്ലാൻ**

പഞ്ചായത്തുകളിൽ ഇപ്പോൾ ഹെൽ ത്ത് പ്ലാനിംഗ് നടത്തുന്നില്ല. ആശുപത്രി വികസനം മാത്രമേയുള്ളൂ. ആശുപത്രി വികസനത്തിൽ നിന്നും ഹെൽത്ത് പ്ലാനിംഗിലേയ്ക്കുള്ള മാറ്റം, പ്രദേശ ത്തെ ആരോഗ്യ പ്രശ്നങ്ങൾ, പഞ്ചാ യത്തിന്റെ ഇടപെടൽ ഇതൊക്കെ ഹെൽത്ത് പ്ലാനിൽ പരിഗണിക്കണം.

**സോഷ്യൽ ഓഡിറ്റ്**

ഏറ്റവും കൂടുതൽ പഞ്ചായത്തുകൾ സോഷ്യൽ ഓഡിറ്റിനെക്കുറിച്ച് പഠിക്കാ നാണ് മുന്നോട്ട് വന്നിരിക്കുന്നത്. ഓരോ രുത്തരും ഓരോ ഘടകവും എടുത്ത് വിശദമായി പഠിക്കണം. വിവരാവകാശ നിയമത്തിലെ സെക്ഷൻ 4 ൽ പറഞ്ഞി രിക്കുന്ന വിവരങ്ങൾ ജനങ്ങൾക്ക് എങ്ങ നെ നൽകാൻ സാധിക്കുമെന്ന കാര്യ ത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കണം. ഒരു പഞ്ചായത്തിനെ എങ്ങനെ ജനങ്ങൾ വിലയിരുത്തുന്നു എന്ന് മനസ്സിലാക്കു ന്നതിന് സിറ്റിസൺ സർവേ നടത്തു ന്നത് സംബന്ധിച്ചും ഗവേഷണത്തിൽ ഉൾപ്പെടുത്തണം.

**പങ്കാളിത്ത ബഡ്ജറ്റിംഗ്**

പങ്കാളിത്ത ബഡ്ജറ്റിംഗ് എന്നു പറ യുന്നത് നമ്മുടെ ജനകീയാസൂത്രണം തന്നെയാണ്. വർക്കിംഗ് ഗ്രൂപ്പിന്റെ രൂപീ കരണം, വികസന സെമിനാർ, സ്റ്റേക്ക് ഹോൾഡർമാരുമായുള്ള ചർച്ച, പ്ലാൻ പരിശോധന, അംഗീകാരം തുടങ്ങിയവ ഇതിൽപ്പെടും.

**ഖരമാലിന്യ സംസ്കരണം**

ഖരമാലിന്യ സംസ്ക്കരണത്തിൽ മാത്രം ഒതുങ്ങാതെ അതിനെ വിപുലീ കരിച്ച് ശുദ്ധമായ കുടിവെള്ളം, കൊതുക് തുടങ്ങിയ മേഖലകൾ കൂടി ഉൾപ്പെടു ത്തണം. ശുചിത്വമിഷന്റെ സഹായം ഇക്കാര്യത്തിൽ തേടാവുന്നതാണ്.

**ജന്റർ ബജറ്റിംഗ്**

കഴിഞ്ഞ പത്തുവർഷത്തെ ബജറ്റു കൾ അവലോകനം ചെയ്തുനോക്കുക. ജന്റർ ബജറ്റ് ആണോ? അതിൽ നിന്ന് നമുക്ക് ഉത്തരം ലഭിക്കും. ജന്റർ ബഡ്ജ റ്റിംഗ് ഒരുപാട് വൈദഗ്ദ്ധ്യം ആവശ്യ മുള്ള ഒരു മേഖലയാണ്.

**പട്ടികവർഗ്ഗ വികസനം**

തിരുനെല്ലിയും അഗളിയുമാണ് ഈ



*തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ സെ ക്രട്ടറി എസ്.എം.വിജയാനന്ദ് വിഷയാവതര ണം നടത്തുന്നു.*

വിഷയം എടുത്തിരിക്കുന്നത്, എങ്ങനെ പട്ടികവർഗക്കാരെ ശാക്തീകരിക്കാൻ പറ്റും. അതിനുള്ള നടപടികൾ വളരെ വിശദമായിട്ട് ടി എസ് പി മാർഗ്ഗനിർദേ ശത്തിലുണ്ട്. ആദിവാസി മേഖലയിൽ കുടുംബശ്രീ ദുർബലമാണ്. എങ്ങനെ ആദിവാസിക്ക് കുടുംബശ്രീ ഗുണകരമാ ക്കാൻ പറ്റും, കൈവശമുള്ള ഭൂമി എങ്ങനെ നന്നാക്കി എടുക്കാൻ പറ്റും, ജോയിന്റ് ഫോറസ്റ്റ് മാനേജ്മെന്റ് എങ്ങനെ ചെയ്യാൻ പറ്റും, എൻ ആർ ഇ ജി എയിൽ ആദിവാസികൾക്ക് നൂറു ദിവസം എങ്ങനെ തൊഴിൽ കൊടുക്കാൻ പറ്റും, തുടങ്ങിയ കാര്യങ്ങൾ പരിശോധി ക്കണം.

**റോഡ് കണക്ടിവിറ്റി മാപ്പ്**

കേരളത്തിലെ പഞ്ചായത്ത് റോഡു കൾ നന്നാക്കാൻ ഒരു ഒറ്റത്തവണ സ്കീം വരാൻ പോവുകയാണ്. മൂന്നു മാസത്തി നകം റോഡ് കണക്ടിവിറ്റി പ്ലാൻ ഉണ്ടാ ക്കിയിരിക്കണം. എസ്റ്റിമേറ്റ് എടുക്കണം. ടെൻഡർ ചെയ്യണം. ജനുവരിയിൽ ടെൻ ഡർ ഉറപ്പിക്കണം. ഏപ്രിലിൽ ബില്ല് റെ ഡിയാകണം, അടുത്ത ബജറ്റിൽ ഫണ്ട് ഉണ്ടാകും.

**ആന്റി പോവർട്ടി സബ് പ്ലാൻ**

ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയിൽ മാനവിക വികസനത്തിന് ഊന്നൽ നൽകണം. കുട്ടികളുടെ ഭക്ഷ്യ സുരക്ഷ, പോഷകാഹാര കുറവ്, ശിശു വിക സനം എന്നീ തലങ്ങൾ റിസർച്ചിൽ ഉൾ പ്പെടുത്തണം. പഞ്ചായത്തുകളിലെ സൂ ക്ഷ്മ സംരംഭങ്ങളുടെ വളർച്ചയും പഠന വിധേയമാക്കണം.

**എൻ ആർ ഇ ജി എ**

എൻ ആർ ഇ ജി എയുടെ ലേബർ ബഡ്ജറ്റ് ഉണ്ടാക്കുക, എങ്ങനെ നൂറു ദിവസം തൊഴിൽ കൊടുക്കും, എങ്ങനെ പരമാവധി ആൾക്കാരെ പങ്കെടുപ്പിക്കും തുടങ്ങിയ കാര്യങ്ങൾ ആഴത്തിൽ പഠിക്കണം.


**അസെറ്റ് മാനേജ്മെന്റ്**

പഞ്ചായത്തുകളുടെ പ്ലാനിൽ ഏറ്റവും മോശമെന്ന് പറയുന്നത് മെയിന്റനൻസ് പ്ലാനാണ്. അത് മെച്ചപ്പെടുത്തുന്നതിന് പഠനം നടത്തണം. പതിമൂവായിരം കിലോമീറ്റർ റോഡ് തിരിച്ചെടുക്കാനുള്ള നീക്കം നടക്കുകയാണ്. ഇതിൽ അയ്യാ യിരം കിലോമീറ്റർ റോഡ് പി ഡബ്ല്യൂ ഡിക്ക് തിരിച്ചുകൊടുക്കാൻ തയ്യാറാ ണെന്ന് പഞ്ചായത്ത് തന്നെ തീരുമാനം എടുത്ത് കൊടുത്തിട്ടുണ്ട്. റോഡ് ഒരി ക്കലും വിട്ടുകൊടുക്കരുത്. കാരണം ഏറ്റവും നിസ്സാര കാര്യമായ റോഡു പോലും പരിപാലിക്കാൻ കഴിയാത്ത ഈ നാട്ടിലെ പഞ്ചായത്തുകൾക്ക് വേറെ എന്ത് ചെയ്യാൻ പറ്റും എന്ന ചോദ്യത്തിന് പഞ്ചായത്തുകൾ മറുപടി പറയേണ്ടി വരും. റോഡ് എന്ന് തിരിച്ചുപോകുന്നോ മെയിന്റനൻസ് ഫണ്ട് അത്രയും കുറ യും. അതിനാൽ റോഡ് മെയിന്റനൻസി ന്റെ ഒരു പ്ലാൻ ഉണ്ടാക്കേണ്ടത് അത്യാ വശ്യമാണ്. എങ്ങനെ ശാസ്ത്രീയമായി റോഡ് പരിപാലിക്കുവാൻ കഴിയും എന്ന കാര്യം പഠന വിധേയമാക്കണം.

**മറ്റു കാര്യങ്ങൾ**

ജനങ്ങളുടെ ക്രിയാത്മകമായ പങ്കാ ളിത്തം തിരികെ കൊണ്ടുവരണം. ഗുണ ഭോക്താക്കളുടെയും ജനങ്ങളുടെയും വിദഗ്ദ്ധരുടെയും പങ്കാളിത്തം സമ്പുഷ്ട മായി ഉണ്ടാകണം. അതുപോലെ പഞ്ചാ യത്തിലെ സകല കാര്യങ്ങളെയും കുറി ച്ചുള്ള ഡേറ്റ കളക്ഷൻ ആക്ഷൻ റിസർ ച്ചിന്റെ ഭാഗമാക്കണം. ആക്ഷൻ റിസർ ച്ചിൽ ഇൻഫർമേഷൻ ടെക്നോളജി പര മാവധി പ്രയോജനപ്പെടുത്തണം. ഏറ്റവും പ്രധാനം ഗവേഷണ പ്രവർത്തനങ്ങൾ മുഴുവൻ ഡോക്യുമെന്റ് ചെയ്യണമെന്ന താണ്. കില അതിനുവേണ്ട സഹായം നൽകും. അവസാനം ഇതിന്റെ വിശദാം ശങ്ങൾ ഗവൺമെന്റിനെ അറിയിച്ച് മാറ്റ ങ്ങൾ വരുത്താൻ പറ്റും. ഈ അമ്പത് പഞ്ചായത്തല്ല, 999 പഞ്ചായത്തുകളും ഉറ്റുനോക്കുന്ന ഒരു പരീക്ഷണമായി ഇത് മാറ്റണം. അമ്പത് പഞ്ചായത്തുകളിലാണ് ഗവേഷണം നടക്കുന്നതെങ്കിലും 999 പഞ്ചായത്തുകളുടെയും ഇടപെടൽ ഉണ്ടാവണം. പഞ്ചായത്ത് അസോസിയേ ഷനാണതിന്റെ ലീഡർ. കില ഫെസിലി റ്റേറ്റർ മാത്രമാണ്. ഇത് വിജയിച്ചാൽ അന്താരാഷ്ട്ര മാതൃക ആയി മാറും.

ഇത്തരത്തിലുള്ള ഒരു ആക്ഷൻ റിസർച്ച് മൂന്ന് വർഷം മുമ്പ് തുടങ്ങിയിരു ന്നു. ആരോഗ്യം, സൽഭരണം, റിസോ ഴ്സ് മൊബിലൈസേഷൻ തുടങ്ങിയ വിഷയങ്ങളിൽ. അത് എങ്ങും എത്തി യില്ല. ജനകീയാസൂത്രണ പ്രസ്ഥാനം ഒരു പ്രതിസന്ധി ഘട്ടത്തിലൂടെയാണ്



കടന്നു പോകുന്നത്. വികേന്ദ്രീകൃതാസൂത്രണത്തിന്റെ പങ്കാളിത്ത സ്പിരിറ്റ് നഷ്ടപ്പെട്ടിരിക്കുകയാണ്. ഇന്ത്യയിൽ പഞ്ചായത്തീരാജ് സംവിധാനമേ ഇല്ലാത്ത സംസ്ഥാനം തമിഴ്നാടാണ്. അവിടെ ശരിക്കും ബ്യൂറോക്രസിയാണ്. പക്ഷെ അവിടുത്തെ പഞ്ചായത്തുകളിൽ കാണുന്ന ആവേശം നമ്മുടെ പല പഞ്ചായത്തുകളിലും ഇല്ല എന്നതാണ് വസ്തുത. അവിടെ പഞ്ചായത്തുകൾക്ക് ഒരു അധികാരവും ഇല്ല. കളക്ടർ പറയുന്നത് ഒപ്പിട്ട് ചെയ്യണമെന്നേയുള്ളു. ജനകീയാസുത്രണ പ്രസ്ഥാനത്തിന്റെ സ്പിരിറ്റ് തിരിച്ചുകൊണ്ടുവരേണ്ടത് അത്യാവശ്യമാണ്. നമ്മുടെ വിശ്വാസ്യത ഒരുപാട് കുറഞ്ഞിട്ടുണ്ട്, അത് വീണ്ടെടുക്കണം

പഞ്ചായത്ത് അസോസിയേഷന് ഈ ഗവേഷണ പരിപാടി വലിയ ഒരു വെല്ലുവിളിയാണ്. അസോസിയേഷന് 43 വയസ്സായി. നിവേദനം നൽകുന്നതിൽനിന്നും, സ്വാധീനം ചെലുത്തലിൽ നിന്നും മാറി സൃഷ്ടിപരമായ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിലേയ്ക്കാണ് അസോസിയേഷൻ ചുവടുവെയ്ക്കുന്നത്. അന്താരാഷ്ട്ര തലത്തിലെ പ്രാദേശിക സർക്കാരുകളുടെ സംഘടനകൾ എത്തിയ തലമാണത്. ആ തലത്തിലേയ്ക്ക് ഉയരുവാൻ ഗ്രാമപഞ്ചായത്ത് അസോസിയേഷന് കൈവന്ന ഈ സന്ദർഭം പ്രയോജനപ്പെടുത്തുമെന്ന് പ്രതീക്ഷിക്കുന്നു.

അമ്പത് പഞ്ചായത്തല്ല, 999 പഞ്ചായത്തുകളും ഉറ്റുനോക്കുന്ന ഒരു പരീക്ഷണമായി ഇത് മാറ്റണം. അമ്പത് പഞ്ചായത്തുകളിലാണ് ഗവേഷണം നടക്കുന്നതെങ്കിലും 999 പഞ്ചായത്തുകളുടെയും ഇടപെടൽ ഉണ്ടാവണം. പഞ്ചായത്ത് അസോസിയേഷനാണതിന്റെ ലീഡർ. കില ഫെസിലിറ്റേറ്റർ മാത്രമാണ്. ഇത് വിജയിച്ചാൽ അന്താരാഷ്ട്ര മാതൃക ആയി മാറും.

**പ്രധാന സംരംഭം:**

***കെ. നാരായണൻ***

അധികാരവികേന്ദ്രീകരണത്തിൽ മാതൃകാപരമായ പ്രവർത്തനം കാഴ്ചവച്ച പഞ്ചായത്തുകളിൽ നിന്നും തെരഞ്ഞെടുത്ത പഞ്ചായത്തുകളിലെ പ്രതിനിധികളെ പങ്കെടുപ്പിച്ചു കൊണ്ടാണ് കേരള പഞ്ചായത്ത് അസോസിയേഷൻ ഇങ്ങനെ ഒരു ആക്ഷൻ റിസർച്ച് സംഘടിപ്പിക്കുന്നത്. 19 വിഷയങ്ങളെ ആസ്പദമാക്കിയാണ് ഈ ആക്ഷൻ റിസർച്ച്. ഒരുപക്ഷെ ഇന്ത്യയിൽ തന്നെ വളരെ പ്രധാനപ്പെട്ട ഒരു സംരംഭമായിരിക്കും ഇത്. ഇതിന്റെ ഭാഗമായി കില, ക്യാപ് ഡെക്, പഞ്ചായത്ത് അസോസിയേഷനുകളുടെ നേതൃത്വത്തിൽ ഒരു ആക്ഷൻ റിസർച്ച് സെന്റർ പഞ്ചായത്ത് ഭവനിൽ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്. പഞ്ചായത്തുകളിൽനിന്നും പഞ്ചായത്തുകളിലേയ്ക്കുള്ള ആശയവിനിമയത്തിനും, സംസ്ഥാനത്തിനു വെളിയിൽ നിന്നുള്ളവർക്കും ചിലപ്പോൾ ലോകത്തിനുതന്നെയും ഈ വിഷയം പഠിക്കുന്നതിനു വേണ്ടിയുള്ള സൗകര്യം ഈ സംവിധാനത്തിലൂടെ നിലവിൽ വരുമെന്നാണ് പ്രതീക്ഷിക്കുന്നത്.

കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ ശാരദാ മുരളീധരൻ, കില ഡയറക്ടർ പ്രൊഫ. എൻ രമാകാന്തൻ, ക്യാപ് ഡെക്ക് ചീഫ് പ്രോഗ്രാം കോർഡിനേറ്റർ മറിയാമ്മ സാനു ജോർജ്, ഡോ. ജെ. ബി രാജൻ, കില, അസോസിയേഷൻ സെക്രട്ടറി എസ്. നാസറുദ്ദീൻ എന്നിവരും സംസാരിച്ചു. തുടർന്ന് വിവിധവിഷയങ്ങളെ അടിസ്ഥാനപ്പെടുത്തി ഗ്രൂപ്പ് ചർച്ചയും ക്രോഡീകരണവും നടന്നു. ■

*(പഞ്ചായത്ത് ന്യൂസ് സർവ്വീസ്)*



എൻ. സുരാജ്

# തണ്ണീർത്തടങ്ങൾക്കൊരു സംരക്ഷണ നിയമം

**കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം-2008 ന്റെ സവിശേഷതകളെക്കുറിച്ച്**

നിയമ നിർമ്മാണങ്ങളുടെ എണ്ണം ക്രമാതീതമാകുന്നു എന്നത് ഒരു സമൂഹത്തിന് ഭൂഷണമാണോ? എന്തിനും ഏതിനും നിയമ നിർമ്മാണത്തിലൂടെ മാത്രമേ പരിഹാരമാകുന്നുള്ളു എന്നത് ഒരു പരിഷ്കൃത സമൂഹത്തിന്റെ ലക്ഷണമായി കരുതാമോ? വീട്ടിനുള്ളിൽ സ്ത്രീകൾക്കും കുട്ടികൾക്കുമെതിരേയുള്ള അതിക്രമങ്ങൾ തടയുന്നതിന് നിയമം, ഒരു വിവരം ആവശ്യപ്പെട്ടാൽ അതു ലഭ്യമാക്കുന്നതിന് നിയമം, സ്ത്രീധനം നിർത്തലാക്കുന്നതിന് നിയമം, അസാന്മാർഗ്ഗിക വ്യാപാരം തടയാൻ നിയമം എന്നിങ്ങനെയുണ്ടാകുന്ന അനവധി നിയമങ്ങൾ രോഗാതുരമായ ഒരു സാമൂഹിക സ്ഥിതിയെ അടയാളപ്പെടുത്തുന്ന ചൂണ്ടു പലകകളായി ആരെങ്കിലും കണ്ടാൽ കുറ്റപ്പെടുത്താനാവുമോ? പെറ്റമ്മയെത്തല്ലുന്നത് നിയന്ത്രിക്കാൻ നിയമ നിർമ്മാണം വേണ്ടി വരുന്ന ഒരു സമൂഹം എത്രതന്നെ വിദ്യാസമ്പന്നവും പരിഷ്കൃതവും എന്ന് അവകാശപ്പെട്ടാലും അത് അംഗീകരിക്കാനാവില്ല.

പെറ്റമ്മയെപ്പോലെ സംരക്ഷിക്കപ്പെടേണ്ട പ്രകൃതിയെ നാനാവിധത്തിൽ ചൂഷണം ചെയ്യുകയും നശിപ്പിക്കുകയും ചെയ്യുന്നത് തടയുന്നതിനും സുസ്ഥിരമായി നിലനിർത്താനും സംരക്ഷിക്കുവാനും ലക്ഷ്യമിടുന്നതുമായ ഒരു പുതിയ നിയമ നിർമ്മാണംകൂടി 2008 ൽ സംസ്ഥാനത്ത് നടന്നിരിക്കുന്നു എന്നതിന്റെ പശ്ചാത്തലത്തിലാണ് അലോസരപ്പെടുത്തുന്ന ഈ ചോദ്യങ്ങൾ പ്രസക്തമാകുന്നത്. നിയമ നിർമ്മാണ സഭയുടെ പോലും സ്വസ്ഥത തകർക്കുന്ന വിധം ഭീഷണമായ അനുപാതങ്ങളിലേയ്ക്ക് നമ്മുടെ വിക്രിയകൾ കടന്നു കയറുന്നു എന്നത് ലജ്ജാകരമാണ്. നിയമത്തിന്റെ പിൻബലത്താലെങ്കിലും നമ്മുടെ വികർമ്മങ്ങളെ നിയന്ത്രിക്കാനാകുമെങ്കിൽ അത് ഏറെ ആശ്വാസദായകവുമാണ്.

## നിയമത്തിന്റെ പീഠിക

സംസ്ഥാനത്ത് നെൽവയലുകളും തണ്ണീർതടങ്ങളും അനിയന്ത്രിതമായി രൂപാന്തരപ്പെടുത്തുകയും വൻ തോതിൽ പരിവർത്തനപ്പെടുത്തുകയും ചെയ്യുന്നത് ഫലപ്രദമായി നിയന്ത്രിക്കുന്നതി നുള്ള യാതൊരു നിയമവുംനിലവിലില്ലാത്തതിനാൽ അപ്രകാരം നിയന്ത്രി ക്കുന്നതിന് വേണ്ടിയും കാർഷിക വളർച്ച പ്രോത്സാഹിപ്പിക്കുകയും ഭക്ഷ്യ സുരക്ഷയും പാരിസ്ഥിതിക സുസ്ഥിരതയും ഉറപ്പാക്കുന്നതിന് വേണ്ടിയും ആണ് 2008 ലെ കേരള നെൽവയൽ -തണ്ണീർത്തട സംരക്ഷണ നിയമം ഉണ്ടാക്കിയി ട്ടുള്ളത്.

നെൽ കൃഷി ചെയ്തുകൊണ്ടിരുന്ന ഒരു സ്ഥലമോ അതിന്റെ അനുബന്ധ നിർമ്മിതികളായ ജല നിർഗ്ഗമന ചാലുകൾ, കുളങ്ങൾ, കൈത്തോടുകൾ, ചിറകൾ, വരമ്പുകൾ എന്നിവയെ മറ്റേതെങ്കിലും ആവശ്യത്തിനായി ഉപയോഗ

പ്പെടുത്തുന്ന അവസ്ഥയെ നിയന്ത്രിക്കുകയാണ് പ്രധാനമായും ഈ നിയമത്തിന്റെ ലക്ഷ്യം. വർഷത്തിലൊരുതവണയെങ്കിലും നെൽകൃഷി ചെയ്യുന്നതോ അല്ലെങ്കിൽ നെൽകൃഷിക്ക് അനുയോജ്യമായതും എന്നാൽ കൃഷി ചെയ്യാതെ തരിശ്ശിട്ടിരിക്കുന്നതോ ആയ എല്ലാത്തരം നിലവും അതിന്റെ അനുബന്ധ നിർമ്മിതികളും തണ്ണീർത്തടങ്ങളും ഈ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുന്നതാണ്.

**എന്താണ് തണ്ണീർത്തടം?**

മണ്ണ് ജലപൂരിതമാക്കിക്കൊണ്ട്, കരപ്രദേശത്തിനും ജലാശയങ്ങൾക്കും ഇടയിൽ സ്ഥിതിചെയ്യുന്നതും ജല നിരപ്പ് സാധാരണ ഗതിയിൽ ഉപരിതലം വരെയോ അതിനോടടുത്തോ ആയിരിക്കുകയോ ആഴം കുറഞ്ഞ ജലത്താൽ മൂടിക്കിടക്കുകയോ ചെയ്യുന്നതുമായ സ്ഥലമാണ് തണ്ണീർത്തടം. മന്ദഗതിയിൽ ചലിക്കുകയോ കെട്ടിക്കിടക്കുകയോ ചെയ്യുന്ന ജലത്തിന്റെ സാന്നിദ്ധ്യംകൊണ്ട് ജലപൂരിതമായ സ്ഥലവും തണ്ണീർത്തടം തന്നെ. കായലുകൾ, അഴിമുഖങ്ങൾ, ചേറ്റു പ്രദേശങ്ങൾ, കടലോരക്കായലുകൾ, കണ്ടൽക്കാടുകൾ, ചതുപ്പു നിലങ്ങൾ, ചതുപ്പിലെ കാടുകൾ എന്നിവയൊക്കെ തണ്ണീർത്തടം എന്നതിന്റെ പരിധിയിൽ വരുന്നവയാണ്. എന്നാൽ നെൽവയലുകൾ, നദികൾ എന്നിവ ഉൾപ്പെടുന്നതുമല്ല.

**നിയമത്തിന്റെ നിയന്ത്രണം**

നെൽവയലോ തണ്ണീർത്തടമോ ഏതെങ്കിലും പ്രവൃത്തിമൂലമോ തുടർ പ്രവൃത്തികൾ മൂലമോ സ്ഥിരമായും, സാധാരണ മാർഗ്ഗങ്ങളിലൂടെ പൂർവ്വസ്ഥിതിയിൽ ആക്കാൻ സാധ്യമല്ലാത്തതുമായ വിധത്തിൽ രൂപാന്തരപ്പെടുത്തുന്നതും പരിവർത്തനപ്പെടുത്തുന്നതും ഈ നിയമത്താൽ നിയന്ത്രിച്ചിരിക്കുന്നു. എന്നാൽ വ്യവസ്ഥകൾക്ക് വിധേയമായി നെൽവയലുകളുടെ പാരിസ്ഥിതിക സ്വഭാവം അനുസരിച്ച് രണ്ട് നെൽകൃഷിക്ക് ഇടയിലുള്ള കാലയളവിൽ പരിവർത്തനാടിസ്ഥാനത്തിൽ പച്ചക്കറികൾ, പയറുവർഗ്ഗങ്ങൾ, മത്സ്യം, വാഴ എന്നിവ പോലെയുള്ള ഹ്രസ്വകാലവിളകൾ കൃഷിചെയ്യാവുന്നതാണ്. പക്ഷേ തണ്ണീർത്തടങ്ങൾ അതേപോലെ കാത്തുസൂക്ഷിക്കേണ്ടതും അവയുടെ രൂപാന്തരപ്പെടുത്തലിനും, അവയിൽ നിന്നും മണൽ നീക്കം ചെയ്യുന്നതിനും പൂർണ്ണ നിരോധനം ഉണ്ടായിരിക്കുന്നതുമാണ്. തണ്ണീർത്തടത്തിന്റെ പരിസ്ഥിതി ഘടന നിലനിർത്തുന്നതിന് വേണ്ടി എക്കലും ചെളിയും നീക്കം ചെയ്യുന്നതിന് നിയമം തടസ്സവുമല്ല.

**പ്രാദേശിക നിരീക്ഷണ സമിതികൾ**

ഈ നിയമത്തിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നത് നിരീക്ഷിക്കുന്നതിനായി ഗ്രാമ പഞ്ചായത്ത്/മുനിസിപ്പാലിറ്റി തലത്തിൽ പ്രാദേശിക നിരീക്ഷണ സമിതികൾ ഉണ്ടായിരിക്കേണ്ടതാണ്. ഇതിനു പുറമേ ജില്ലാ തലത്തിലും സംസ്ഥാനതലത്തിലും സമിതികൾ രൂപീകരിക്കണം. പ്രാദേശിക നിരീക്ഷണ സമിതിയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അദ്ധ്യക്ഷൻ ചെയർമാനും കൃഷി ഓഫീസർ കൺവീനറുമായിരിക്കും. ബന്ധപ്പെട്ട വില്ലേജ് ഓഫീസർമാർ, നെൽകൃഷിക്കാരുടെ മൂന്ന് പ്രതിനിധികൾ എന്നിവരുൾപ്പെട്ടതായിരിക്കും പ്രാദേശിക നിരീക്ഷണ സമിതി.

**ജില്ലാതല അധികൃത സമിതി**

റവന്യൂ ഡിവിഷണൽ ഓഫീസർ ചെയർമാനും പ്രിൻസിപ്പൽ കൃഷി ഓഫീസർ കൺവീനറും ജില്ലാ കളക്ടർ നാമനിർദ്ദേശം ചെയ്യുന്ന മൂന്ന് നെൽ കർഷകർ അംഗങ്ങളായും രൂപീകരിക്കുന്നതാണ് ജില്ലാതല അധികൃത സമിതി.

**സംസ്ഥാനതല സമിതി**

കാർഷികോൽപ്പാദന കമ്മിഷണർ കൺവീനറായ സംസ്ഥാനതല സമിതിയിൽ ലാന്റ് റവന്യു കമ്മീഷണർ, പരിസ്ഥിതി മേഖലയിലെ ഒരു വിദഗ്ധൻ, നെൽകൃഷി മേഖലയിലെ ഒരു ശാസ്ത്രജ്ഞൻ എന്നിവർ അംഗങ്ങളായിരിക്കും.

**സമിതികളുടെ ചുമതലകൾ**

**1. പ്രാദേശിക നിരീക്ഷണ സമിതി**

- നെൽവയലിന്റെ ഉടമസ്ഥർക്ക് വീട് വെയ്ക്കുന്നതിന് വേണ്ടി ഗ്രാമ പഞ്ചായത്ത് തലത്തിൽ പത്ത് സെന്റും നഗര പ്രദേശങ്ങളിൽ അഞ്ച് സെന്റും നെൽവയൽ രൂപാന്തരപ്പെടുത്തുന്നതിന് ജില്ലാതല അധികൃത സമിതിക്ക് ശുപാർശ ചെയ്യുക.
- നിയമത്തിലെ വ്യവസ്ഥകൾ ലംഘിക്കപ്പെടുന്നുണ്ടോ എന്ന് നിരീക്ഷണം നടത്തുക, കണ്ടെത്തിയാൽ റവന്യു ഡിവിഷണൽ ഓഫീസർക്ക് റിപ്പോർട്ട് ചെയ്യുക.
- നിയമ ലംഘനം സംബന്ധിച്ച പരാതികൾ പരിശോധിക്കുക, ആവശ്യമായ ഇടപെടലുകൾ നടത്തുക.
- നെൽവയൽ തരിശ്ശിട്ടിരിക്കുന്നത് പരിശോധിക്കുകയും അവിടെ നെല്ലോ ഇടവിളയോ നടത്തുന്നതിന് നടപടി സ്വീകരിക്കുകയോ പ്രേരിപ്പിക്കുകയോ ചെയ്യുക.
- പൊതു ആവശ്യങ്ങൾക്കായി നെൽവയൽ രൂപാന്തരപ്പെടുത്തുന്നത് സംബന്ധിച്ച് സംസ്ഥാന സമിതിക്ക് ശുപാർശ ചെയ്യുക മുതലായവയാണ് പ്രധാനമായും പ്രാദേശിക നിരീക്ഷണ സമിതിയുടെ ചുമതലകൾ.

**2. ജില്ലാതല സമിതി**

പ്രാദേശിക നിരീക്ഷണ സമിതികളുടെ ശുപാർശകൾ, നിരീക്ഷണങ്ങൾ എന്നിവ പരിശോധിക്കുകയും തീരുമാനം കൈക്കൊള്ളുകയും ചെയ്യുകയാണ് ജില്ലാതല സമിതിയുടെ പ്രധാന ചുമതല. പ്രാദേശിക നിരീക്ഷണ സമിതിയുടെ ശുപാർശ പ്രകാരം ഗ്രാമ പ്രദേശങ്ങളിൽ പത്തു സെന്റിലും നഗര പ്രദേശങ്ങളിൽ അഞ്ചു സെന്റിലും കവിയാത്ത നെൽവയൽ വീടുവെയ്ക്കുന്നതിനായി പരിവർത്തനപ്പെടുത്തുന്നതിന് അനുമതി നല്കാൻ സമിതിക്ക് നിബന്ധനകൾക്ക് വിധേയമായി അധികാരമുണ്ടായിരിക്കും.

**3. സംസ്ഥാന സമിതി**

പൊതു ആവശ്യത്തിനായി നിലം നികത്തുന്നതിനോ പരിവർത്തനപ്പെടുത്തുന്നതിനോ പ്രാദേശികതല നിരീക്ഷണ സമിതി ശുപാർശ ചെയ്തിട്ടുള്ള ഓരോ അപേക്ഷയും പരിശോധിക്കുകയും, ആ പ്രദേശത്ത് നെൽ വയൽ അല്ലാത്ത മറ്റൊരു സ്ഥലം ലഭ്യമാണോ എന്നും നെൽവയൽ നികത്തുന്നത് മൂലം ഉണ്ടാകാവുന്ന പാരിസ്ഥിതിക വ്യതിയാനങ്ങളെക്കുറിച്ചും വിശദമായി പരിശോധന നടത്തി സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുകയാണ് സംസ്ഥാന സമിതിയുടെ പ്രധാന ചുമതല.

**നിലം നികത്തുന്നതിനുള്ള നിബന്ധനകൾ**

വീടുവെയ്ക്കുന്നതിന് വേണ്ടി സ്വന്തം നെൽവയൽ നികത്തുന്നതിനുള്ള അപേക്ഷ ജില്ലാതല സമിതിക്ക് ശുപാർശ ചെയ്യുമ്പോൾ പ്രാദേശിക നിരീക്ഷണ സമിതികൾ താഴെ പറയുന്ന കാര്യങ്ങൾ ഉറപ്പ് വരുത്തേണ്ടതുണ്ട്.

- അപ്രകാരമുള്ള നെൽവയൽ രൂപാന്തരപ്പെടുത്തൽ പാരിസ്ഥിതിക വ്യവസ്ഥയേയും ചേർന്നു കിടക്കുന്ന നെൽവയലിലെ കൃഷിയേയും പ്രതികൂലമായി ബാധിക്കുകയില്ല.
- നെൽവയലിന്റെ ഉടമസ്ഥനോ അയാളുടെ കുടുംബത്തിനോ വീടു വെയ്ക്കുന്നതിനായി അനുയോജ്യമായ മറ്റ് സ്ഥലം ആ ജില്ലയിൽ സ്വന്തമായി ഇല്ല.
- വീടു നിർമ്മാണം അപേക്ഷകന്റെ സ്വന്തം ആവശ്യത്തിന് വേണ്ടിയാണ്.
- പ്രസ്തുത നെൽവയൽ മറ്റ് നെൽവയലുകളാൽ ചുറ്റപ്പെട്ട് സ്ഥിതി ചെയ്യുന്നതല്ല.

**അപ്പീൽ അധികാരി**

ജില്ലാതല അധികൃത സമിതിയുടെ തീരുമാനം മൂലം സങ്കടം അനുഭവിക്കുന്ന

*(ശേഷം പേജ് 25)*

ഡോ. ജോസ്മോൻ ജോർജ്

# മഴക്കാല രോഗങ്ങളും പ്രതിവിധിയും - 2

# ഡെങ്കിപ്പനി



**വേനലിന്റെ ഉഗ്രമായ ഉണ്ഷത്തിനുശേഷം വന്നെത്തുന്ന മൺസൂൺ മഴ മനസ്സിനും ശരീരത്തിനും പ്രകൃതിക്കും ഒരു സാന്ത്വനവും കുളിരുമാണ്. ചിലപ്പോഴൊക്കെ തന്റെ രൗദ്രഭാവം കാണിക്കാറുണ്ടെങ്കിലും മഴ എന്നും പ്രകൃതിയെ പച്ചപ്പട്ടു പുതപ്പിച്ച് യൗവ്വനയുക്തയാക്കുന്ന വരദാനമാണ്. ഈ മഴക്കാലം അതുപോലെ തന്നെ അനേകം രോഗങ്ങളുടെ ഈറ്റില്ലവും കൂടിയാണ്.**

ഭൂരിപക്ഷം ദക്ഷിണ പൂർവേഷ്യൻ രാജ്യങ്ങളിലും സാധാരണയായി കാണപ്പെടുന്ന ഒരു രോഗമാണ് ഡെങ്കിപ്പനി അഥവാ ഡെങ്കുസിൻഡ്രോം. ഏകദേശം 2.5 മുതൽ 8.5 കോടി വരെ ജനങ്ങൾക്ക് പ്രതിവർഷം ഈ അസുഖം പിടിപെടുന്നു. ഇതിൽ 2 ലക്ഷം ആളുകളിൽ ഡെങ്കിപ്പനി മാരകമായി മാറാറുണ്ട്.

മൂന്നു തരത്തിലുള്ള ഡെങ്കിപ്പനികൾ കാണപ്പെടുന്നു. 1. സാധാരണ കാണപ്പെടുന്ന ഡെങ്കിപ്പനി, 2. രക്തസ്രാവമുള്ള ഷോക്ക് എന്ന അവസ്ഥയില്ലാത്ത ഡെങ്കിപ്പനി, 3. രക്തസ്രാവവും ഷോക്കും ഉള്ള ഡെങ്കിപ്പനി. (ശരീരത്തിലെ രക്തസമ്മർദ്ദം കുറഞ്ഞ്, ശരീരത്തിൽ മതിയായ രക്തചംക്രമണമുണ്ടാകാതെ, നാഡിയിടിപ്പിന്റെ (പൾസ്) ശക്തികുറഞ്ഞ് രോഗി അബോധാവസ്ഥയിലാകുന്ന അവസ്ഥയാണ് ഷോക്ക്. രക്തസ്രാവമുണ്ടാകുന്ന ഡെങ്കിപ്പനി (Dengue haemorrhagic Fever) പലപ്പോഴും മരണകാരണമാകാറുണ്ട്.

കേരളത്തിൽ ഡെങ്കിപ്പനി മൺസൂൺ കാലത്താണ് കൂടുതലായി കാണപ്പെടുന്നത്. ആർബോ വൈറസ് വിഭാഗത്തിൽ പെടുന്ന ഡെങ്കു വൈറസാണ് ഡെങ്കിപ്പനി ഉണ്ടാക്കുന്നത്. വിവിധ തരത്തിലുള്ള ഡെങ്കി വൈറസുകൾ കാണപ്പെടുന്നു.

### രോഗം പകരുന്ന വിധം

ഏഡീസ് (Aedes) വിഭാഗത്തിൽപെട്ട കൊതുകുകളാണ് ഈ രോഗം പരത്തുന്നത്. ഡെങ്കിപ്പനിയുള്ള രോഗിയെ കടിക്കുന്ന കൊതുകിന്റെ ശരീരത്തിലേയ്ക്ക് രോഗാണുക്കൾ പ്രവേശിക്കുകയും ഈ കൊതുക് ആരോഗ്യവാനായ വ്യക്തിയെ കടിക്കുമ്പോൾ രോഗാണു അയാളുടെ ശരീരത്തിലേയ്ക്ക് പ്രവേശിക്കുകയും ചെയ്യുന്നു. അതുകൊണ്ട് രോഗപ്രതിരോധമാർഗങ്ങളിൽ കൊതുകുനിയന്ത്രണത്തിന് വളരെ പ്രാധാന്യമുണ്ട്.

### രോഗലക്ഷണങ്ങൾ

മുതിർന്നവരിലും കുട്ടികളിലും ഒരുപോലെ കാണപ്പെടുന്ന ഡെങ്കിപ്പനിയുടെ കാഠിന്യം കുട്ടികളിൽ കുറവായിരിക്കും. കുട്ടികളിൽ ആശുപത്രി ചികിൽസ അനിവാര്യമാക്കുന്ന പ്രധാനപ്പെട്ട മൂന്നാമത്തെ രോഗമാണ് ഡെങ്കിപ്പനി. ഒന്നാമത്തെ രോഗം വയറിളക്കവും രണ്ടാമത്തെ രോഗം ശ്വസനനാളത്തിലെ അണുബാധയും (ന്യൂമോണിയ മുതലായവ) ആണ്.

പെട്ടെന്നുണ്ടാകുന്ന ശക്തിയായ പനി, കുളിരും വിറയലും, ശക്തമായ തലവേദന, ശക്തിയായ സന്ധിവേദന, പേശിവേദന എന്നിവയാണ് പ്രാഥമിക രോഗലക്ഷണങ്ങൾ. രോഗലക്ഷണങ്ങൾ കണ്ടുതുടങ്ങി 24 മണിക്കൂറിനുള്ളിൽ കണ്ണു ചലിപ്പിക്കുമ്പോൾ വേദന, പ്രകാശത്തിലേക്കു നോക്കുമ്പോൾ വേദന എന്നിവ അനുഭവപ്പെടുന്നു. കൂടാതെ അമിതമായ ക്ഷീണം, വിശപ്പില്ലായ്മ, മലബന്ധം, രുചിവ്യതിയാനം, വയറുവേദന, ഇടുപ്പിൽ വേദന, തൊണ്ട വേദന, മൂത്രത്തിന്റെ അളവു കുറയുക എന്നീ ലക്ഷണങ്ങളും കാണപ്പെടാം. ചിലപ്പോൾ ചർമ്മത്തിൽ തിണർപ്പുകൾ (ചുവന്ന പൊട്ടുകൾ) കണ്ടുവരുന്നു. ഇവയാണ് സാധാരണ ഡെങ്കിപ്പനിയുടെ രോഗലക്ഷണങ്ങൾ. സാധാരണ ഡെങ്കിപ്പനി മരണകാരണമായ ഒരു രോഗമല്ല.

രക്തസ്രാവമുള്ള ഡെങ്കിപ്പനി (Dengue haemorrhagic fever) യിൽ മുകളിൽ പറഞ്ഞ രോഗലക്ഷണങ്ങൾ കൂടാതെ ശരീരത്തിന്റെ വിവിധ ഭാഗങ്ങളിലെ ചർമ്മത്തിൽ ചുവന്ന പാടുകൾ കാണപ്പെടുന്നു.


മൊട്ടുസൂചിയുടെ വലിപ്പം മുതൽ ഒന്നു മുതൽ രണ്ടു സെന്റിമീറ്റർ വരെ വിസ്തീർണ്ണമുള്ള പാടുകൾ പ്രത്യക്ഷപ്പെട്ടേയ്ക്കാം. ഇത് ശരീരത്തിലെ രക്തം

കട്ടപിടിക്കുന്നതിന് സഹായിക്കുന്ന പ്ലെയ്റ്റ്ലെറ്റിലുണ്ടാകുന്ന കുറവു കൊണ്ടും, രക്തക്കുഴലുകളുടെ അണു ബാധകൊണ്ടും ഉണ്ടാകുന്നു. പ്ലെയ്റ്റ്ലെറ്റിലുണ്ടാകുന്ന അമിതമായ കുറവ് (20000/mm$^3$ ന് താഴെ) ആന്തരികാവയവങ്ങളിൽ രക്തസ്രാവം ഉണ്ടാക്കിയേയ്ക്കാം. ഈ രോഗികളിൽ പനിയുടെ കാഠിന്യം വളരെ കൂടുതലായിരിക്കും.

രക്തസ്രാവമുള്ള, ഷോക്ക് എന്ന അവസ്ഥയുണ്ടാക്കുന്ന ഡെങ്കിപ്പനിയിൽ (Dengue Shock Syndrome) മേല്പറഞ്ഞ രോഗലക്ഷണങ്ങളോടൊപ്പം നാഡിമിടിപ്പിന്റെ ശക്തി (പൾസ്), രക്തസമ്മർദ്ദം എന്നിവ കുറഞ്ഞ് കൈകാലുകളും ത്വക്കും തണുത്ത് മരവിക്കുന്നു. ഈ അവസ്ഥയിൽ രോഗി വളരെ അസ്വസ്ഥനായി കാണപ്പെടുന്നു. ശരിയായ ചികിൽസ ലഭിച്ചില്ലെങ്കിൽ ഈ രോഗാവസ്ഥ പലപ്പോഴും മരണകാരണമാവാം.

**രോഗനിർണ്ണയം**

രോഗനിർണ്ണയം പ്രധാനമായും രോഗലക്ഷണങ്ങളെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ളതാണ്. ലബോറട്ടറി ടെസ്റ്റുകൾ രോഗം സ്ഥിരീകരിക്കുന്നതിനും രോഗചികിൽസ നിർണ്ണയിക്കുന്നതിനും ചികിൽസയിൽ ആവശ്യമായ വ്യതിയാനം വരുത്തുന്നതിനും ചികിൽസയോടുള്ള ശരീരത്തിന്റെ പ്രതികരണത്തെ മനസ്സിലാക്കുവാനും സഹായിക്കുന്നു. കംപ്ലീറ്റ് ബ്ലഡ് കൗണ്ട്, പ്ലെയ്റ്റ്ലെറ്റ് കൗണ്ട്, ഹെമറ്റോക്രിറ്റ്, കിഡ്നിയുടെ പ്രവർത്തനത്തെപ്പറ്റി അറിയുവാൻ സഹായിക്കുന്ന റീനൽ ഫംങ്ഷൻ ടെസ്റ്റ്, ശരീരത്തിലെ സോഡിയം, പൊട്ടാസിയം തുടങ്ങിയ ലവണങ്ങളുടെ അളവ് അറിയാനുള്ള പരിശോധനകൾ എന്നിവയാണ് ഡെങ്കിപ്പനിയുള്ള രോഗിയുടെ ചികിൽസയ്ക്ക് ആവശ്യമായ രക്തപരിശോധനകൾ. ഈ പരിശോധനകൾ ദിനംപ്രതിയോ ഒന്നിടവിട്ട ദിവസങ്ങളിലോ ചെയ്യുന്നത് ശരീരത്തിന്റെ രോഗത്തോടുള്ള പ്രതികരണത്തെ ശരിയായി മനസ്സിലാക്കുവാനും ചികിൽസയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുവാനും ഡോക്ടറെ സഹായിക്കുന്നു.




ഏഡിസ് വിഭാഗത്തിലുള്ള കൊതുകുകൾ പരത്തുന്ന ഡെങ്കിപ്പനിയെ നിയന്ത്രിക്കുന്നതിനും പ്രതിരോധിക്കുന്നതിനുമുള്ള പ്രധാന മാർഗ്ഗം കൊതുകുകളെ നശിപ്പിക്കുകയും അവയുടെ പ്രജനനത്തെ തടയുകയും ചെയ്യുക എന്നുള്ളതാണ്. കറുത്ത ശരീരത്തിൽ വെളുത്ത വരകളുള്ള ഏഡിസ് കൊതുകുകളെ തിരിച്ചറിയുവാൻ വളരെ എളുപ്പമാണ്. ഇവ പെരുകുന്നത് വീടുകൾക്ക് ചുറ്റും കാണപ്പെടുന്ന കൃത്രിമ ജലാശയങ്ങളിലാണ്.

രോഗ സ്ഥിരീകരണത്തിന് ഡെങ്കുവയറസുകൾക്കെതിരായ ആന്റിബോഡികളെ രോഗികളുടെ ശരീരത്തിൽ കണ്ടെത്തുവാൻ സഹായിക്കുന്ന രക്തപരിശോധനകൾ ലഭ്യമാണ്. (IgM Dengue)

**ചികിൽസ**

ഡെങ്കിപ്പനിയുടെ ചികിൽസ പ്രധാനമായും രോഗലക്ഷണങ്ങളെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ളതും രോഗിയുടെ പൊതുവായ ആരോഗ്യം വീണ്ടെടുക്കുന്നതിന് സഹായിക്കുന്ന വിധത്തിലുള്ളതുമാണ്. ഡെങ്കിപ്പനിക്ക് മാത്രമായി പ്രത്യേക ചികിൽസ ലഭ്യമല്ല. (പ്രമേഹം, ടൈഫോയിഡ് പനി, എലിപ്പനി മുതലായവയ്ക്ക് ലഭ്യമായതുപോലെ) രോഗലക്ഷണങ്ങളുള്ള വ്യക്തിയെ ഉടനെതന്നെ ആശുപത്രിയിൽ എത്തിക്കേണ്ടതാണ്. പ്രത്യേകിച്ച് രണ്ടാമത്തെയും മൂന്നാമത്തെയും തരത്തിലുള്ള ഡെങ്കിപ്പനിയുടെ ലക്ഷണങ്ങൾ ഉള്ളവരെ. സ്വയം ചികിൽസ പൂർണ്ണമായും ഒഴിവാക്കേണ്ടതാണ്.

പാരസെറ്റാമോൾ, വെള്ളത്തിൽ മുക്കിയ തുണികൊണ്ട് ശരീരം തുടയ്ക്കുക തുടങ്ങിയവ ഉപയോഗിച്ച് പനി 40 ഡിഗ്രി സെൽഷ്യസിൽ താഴെ നിർത്തേണ്ടതാണ്. പനിക്ക് ആസ്പിരിൻ ഗുളികകൾ ഒഴിവാക്കേണ്ടതാണ്. കാര



മുതിർന്നവരിലും കുട്ടികളിലും ഒരുപോലെ കാണപ്പെടുന്ന ഡെങ്കിപ്പനിയുടെ കാഠിന്യം കുട്ടികളിൽ കുറവായിരിക്കും. കുട്ടികളിൽ ആശുപത്രി ചികിൽസ അനിവാര്യമാക്കുന്ന പ്രധാനപ്പെട്ട മൂന്നാമത്തെ രോഗമാണ് ഡെങ്കിപ്പനി. ഒന്നാമത്തെ രോഗം വയറിളക്കവും രണ്ടാമത്തെ രോഗം ശ്വസനനാളത്തിലെ അണുബാധയും (ന്യൂമോണിയ മുതലായവ) ആണ്.



വർഷത്തിൽ എല്ലാ മാസങ്ങളിലും കാണപ്പെടാറുണ്ടെങ്കിലും ജൂൺ മുതൽ സെപ്റ്റംബർ വരെയുള്ള മൺസൂൺ സമയത്താണ് ടൈഫോയിഡ് പനി കൂടുതലായി കാണപ്പെടുന്നത്. ശുദ്ധജല ദൗർലഭ്യം, ഈച്ചകളുടെ എണ്ണം എന്നിവ കൂടുതലുള്ള മേഖലകളിൽ സാധാരണയായി കാണപ്പെടുന്ന ടൈഫോയിഡ് പനി ശരിയായ ചികിൽസ ലഭിച്ചില്ലെങ്കിൽ 10 ശതമാനം രോഗികളുടെ മരണത്തിന് കാരണമാകാറുണ്ട്.

ണം, ഇതു ചിലപ്പോൾ ഛർദ്ദി, അമിത രക്തസ്രാവം എന്നിവ ഉണ്ടാക്കിയേയ്ക്കാം. രോഗിയുടെ രക്തസമ്മർദ്ദം മതിയായ അളവിൽ (100/80mm of Hg) നില നിർത്തുന്നതിനാവശ്യമായത്ര I V ഫ്ളൂയിഡുകൾ (ഡ്രിപ്പുകൾ) നൽകേണ്ടതാണ്.

ഡെങ്കു ഷോക്ക് സിൻഡ്രോം അടിയന്തരവും വളരെ തിടുക്കത്തിലുള്ളതുമായ ചികിൽസ നൽകേണ്ട മരണകാരണമായ രോഗമാണ്. I V ഫ്ളൂയിഡുകളാണ് ചികിൽസയുടെ മൂലക്കല്ല്. കൂടാതെ രക്തം, പ്ലാസ്മ, പ്ലെയ്റ്റ്ലെറ്റ് എന്നിവയും കുത്തിവയ്ക്കേണ്ടിവന്നേയ്ക്കാം. മൂത്രത്തിന്റെ അളവ് ദിവസവും പരിശോധിക്കേണ്ടതാണ്. മൂത്രത്തിന്റെ അളവു കൂടുക, രക്തസമ്മർദ്ദം ഉയരുക, കൈകാലുകൾ ചൂടുള്ളതായി മാറുക, ബോധം ശരിയായ രീതിയിലാകുക എന്നിവ രോഗത്തിൽനിന്നും രോഗിമുക്തി പ്രാപിക്കുന്നതിന്റെ ശുഭസൂചകങ്ങളാണ്.

**രോഗപ്രതിരോധം**

ഏഡിസ് വിഭാഗത്തിലുള്ള കൊതുകുകൾ പരത്തുന്ന ഈ രോഗത്തെ നിയന്ത്രിക്കുന്നതിനും പ്രതിരോധിക്കുന്നതിനുമുള്ള പ്രധാന മാർഗ്ഗം കൊതുകുകളെ നശിപ്പിക്കുകയും അവയുടെ പ്രജനനത്തെ തടയുകയും ചെയ്യുക എന്നുള്ളതാണ്. കറുത്ത ശരീരത്തിൽ വെളുത്ത വരകളുള്ള ഏഡിസ് കൊതുകുകളെ തിരിച്ചറിയുവാൻ വളരെ എളുപ്പമാണ്. ഇവ പെരുകുന്നത് വീടുകൾക്ക് ചുറ്റും കാണപ്പെടുന്ന കൃത്രിമ ജലാശയങ്ങളിലാണ്. ഉദാഹരണം ഉപേക്ഷിക്കപ്പെട്ട പാത്രങ്ങൾ, ടിന്നുകൾ, പൊട്ടിയ കുപ്പികൾ, ചെടിച്ചട്ടികൾ, തേങ്ങയുടെ തോട്, ചിരട്ട, പൊട്ടിയ മൺകലങ്ങൾ, മരത്തിന്റെ പോടുകൾ മുതലായവ. ഇങ്ങനെ വെള്ളം കെട്ടിക്കിടക്കുവാൻ സാധ്യതയുള്ള സ്ഥലങ്ങളെ തിരിച്ചറിഞ്ഞ് അവയെ ഇല്ലാതാക്കുന്നത് കൊതുകുനിയന്ത്രണത്തിനും തദ്വാരാ രോഗനിയന്ത്രണത്തിനും അത്യന്താപേക്ഷിതമാണ്. 100 മീറ്ററിൽ കൂടുതൽ ഈ കൊതുകുകൾക്ക് സഞ്ചരിക്കുവാൻ കഴിയില്ല എന്നുള്ളത് രോഗനിയന്ത്രണത്തിന് കൂടുതൽ സഹായകമാണ്.

കൂടാതെ ഡീസൽ, മണ്ണെണ്ണ, ഫെന്തിയോൺ, അബേറ്റ് തുടങ്ങിയ രാസപദാർത്ഥങ്ങളും കൊതുകുനിയന്ത്രണത്തിന് ഉപയോഗിക്കാവുന്നതാണ്. കൊതുകുവലകൾ, കൊതുകുതിരികൾ, മുതലായവ കൊതുകു കടിയിൽനിന്നും സംരക്ഷണം നേടുന്നതിന് വ്യക്തികൾക്ക് ഉപയോഗിക്കാവുന്നവയാണ്. പരിസരശുചിത്വം പാലിക്കേണ്ടത് കൊതുകുനിയന്ത്രണത്തിന് അത്യന്താപേക്ഷിതമാണ്.

ഈ രോഗത്തിന് എതിരായ പ്രതിരോധമരുന്നുകൾ ലഭ്യമല്ല.

# ടൈഫോയിഡ് പനി
## (എന്ററിക് ഫീവർ)

വർഷത്തിൽ എല്ലാ മാസങ്ങളിലും കാണപ്പെടാറുണ്ടെങ്കിലും ജൂൺ മുതൽ സെപ്റ്റംബർ വരെയുള്ള മൺസൂൺ സമയത്താണ് ടൈഫോയിഡ് പനി കൂടുതലായി കാണപ്പെടുന്നത്. ശുദ്ധജല ദൗർലഭ്യം, ഈച്ചകളുടെ എണ്ണം എന്നിവ കൂടുതലുള്ള മേഖലകളിൽ സാധാരണയായി കാണപ്പെടുന്ന ടൈഫോയിഡ് പനി ശരിയായ ചികിൽസ ലഭിച്ചില്ലെങ്കിൽ 10 ശതമാനം രോഗികളുടെ മരണത്തിന് കാരണമാകാറുണ്ട്. ഇന്ത്യയിൽ ഒരു വർഷം ഏകദേശം മൂന്നു ലക്ഷം മുതൽ നാലു ലക്ഷം വരെ ആളുകൾക്ക് രോഗം പിടിപെടുന്നതായും 600 മുതൽ 700 വരെ ആളുകൾ ഈ രോഗം മൂലം മരണപ്പെടുന്നതായും പഠനങ്ങൾ വെളിപ്പെടുത്തിയിട്ടുണ്ട്.

**രോഗം പകരുന്ന വിധം**

സാൽമൊണെല്ല ടൈഫി, സാൽമൊണെല്ല പാരാടൈഫി എന്നീ രോഗാണുക്കളാണ് ടൈഫോയിഡ് പനി ഉണ്ടാക്കുന്നത്. മനുഷ്യരാണ് ഈ രോഗാണുവിന്റെ സംഭരണിയും വാഹകരും. രോഗിയുടെയും രോഗാണുവാഹകരുടെയും ശരീരത്തിൽ കാണപ്പെടുന്ന രോഗാണു രോഗിയുടെ മലത്തിലൂടെയും മൂത്രത്തിലൂടെയും വിസർജ്ജിക്കപ്പെടുന്നു. രോഗം പിടിപെടുന്ന ആളുകളിൽ ഏകദേശം മൂന്നു ശതമാനം പേരുടെ ശരീരത്തിൽ ഈ രോഗാണു ആ വ്യക്തിയുടെ മരണം വരെ കാണപ്പെടുന്നു. പക്ഷേ, ഇവരിൽ രോഗലക്ഷണങ്ങൾ കാണാറില്ല. ഇങ്ങനെയുള്ള ആളുകളുടെ മലത്തിലൂടെ രോഗാണു എപ്പോഴും വിസർജ്ജിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. ഇവരെ Chronic Carriers അഥവാ രോഗാണുവാഹകർ എന്നു വിളിക്കുന്നു.

ടൈഫോയിഡ് രോഗാണുവിനാൽ മലിനമാക്കപ്പെട്ട ജലം ഭക്ഷണപദാർത്ഥങ്ങൾ, പാല്, ഐസ്, ഐസ്ക്രീം, ശരിയായി വൃത്തിയാക്കാതെ ഉപയോഗിക്കുന്ന പച്ചക്കറികൾ, ഈച്ചകൾ, മലിനമായ കൈകൾ എന്നിവയിലൂടെ രോഗാണുബാധ ഉണ്ടാകുന്നു.

എല്ലാ പ്രായത്തിലുള്ള ആളുകളെയും ടൈഫോയിഡ് പനി ബാധിക്കാറുണ്ടെങ്കിലും 5 മുതൽ 19 വയസ്സുവരെ ഉള്ളവരിലാണ് ഈ രോഗം കൂടുതലായി കാണപ്പെടുന്നത്. വ്യക്തിശുചിത്വമില്ലായ്മ, പരിസരശുചിത്വമില്ലായ്മ, ശുദ്ധജലദൗർലഭ്യം, തുറസ്സായ സ്ഥലങ്ങളിൽ മലമൂത്രവിസർജ്ജനം നടത്തുക, ശരിയായ രീതിയിൽ പാൽ സംഭരിക്കപ്പെടാതിരിക്കുക തുടങ്ങിയ കാരണങ്ങൾ ടൈഫോയിഡ് പനി പിടിപെടുന്നതി

നും, മറ്റുള്ളവരിലേയ്ക്ക് രോഗം പകരുന്നതിനും ആക്കം കൂട്ടുന്നു.

**രോഗലക്ഷണങ്ങൾ**

ആഴ്ചകളോളം നീണ്ടുനിൽക്കുന്ന ശക്തിയായ പനി, ശക്തിയായ വയറുവേദന, ഛർദ്ദിയും മനംപുരട്ടലും, തലവേദന, കുളിര്, ചുമ, അമിതമായ വിയർപ്പ്, ശരീരവേദന, സന്ധിവേദന, വിശപ്പില്ലായ്മ, വയറിളക്കം, മലബന്ധം തുടങ്ങിയവയാണ് ടൈഫോയിഡ് പനിയുടെ പ്രധാന ലക്ഷണങ്ങൾ. രോഗികളുടെ നെഞ്ചിലും ഉടലിലും ചുവന്ന തിണർപ്പുകൾ, പാട മൂടിയതുപോലെയുള്ള നാവ്, പ്ലീഹ വീക്കം, കരൾ വീക്കം എന്നിവയും കാണപ്പെടാം. അപൂർവമായ ഈ രോഗം അബോധാവസ്ഥയും ഉണ്ടാക്കാം. ശരിയായ രീതിയിൽ ചികിൽസിക്കാതിരുന്നാൽ ടൈഫോയിഡ് പനി പാൻക്രിയാസ്, കരൾ, പ്ലീഹ, ഹൃദയം, വൃഷണം, ശ്വാസകോശം, തലച്ചോറ്, തലച്ചോറിന്റെ ആവരണങ്ങൾ (മെനിഞ്ചസ്), വൃക്കകൾ, പരോട്ടിഡ് ഗ്രന്ഥികൾ എന്നിവയെയും ബാധിക്കാം.

വയറ്റിലുണ്ടാകുന്ന രക്തസ്രാവം, കുടൽ പഴുത്ത് ദ്വാരം വീഴുക എന്നിവ ശരിയായ ചികിൽസ ലഭിക്കാത്ത ടൈഫോയിഡ് രോഗികളിൽ ഉണ്ടാകാവുന്ന മരണകാരണമായ അനന്തരഫലങ്ങളാണ്.

**രോഗനിർണ്ണയം**

രോഗലക്ഷണങ്ങളിൽനിന്നും, ലബോറട്ടറി പരിശോധനകളിലൂടെയും രോഗനിർണ്ണയം എളുപ്പത്തിൽ നടത്താവുന്നതാണ്. ശരീരത്തിലെ ശ്വേതരക്താണുക്കളിലുള്ള (WBC) കുറവ്, ലിവർ ഫങ്ഷൻ ടെസ്റ്റുകളിലുള്ള വ്യതിയാനം എന്നിവ ടൈഫോയിഡ് രോഗികളിൽ കാണപ്പെടുന്നു.

ബ്ലഡ് വൈഡാൽ ടെസ്റ്റ്, രക്തം, മലം, മൂത്രം എന്നിവ കൾച്ചർ ചെയ്ത് രോഗാണുക്കളെ വേർതിരിച്ചെടുക്കുക തുടങ്ങിയ പരിശോധനകൾ രോഗസ്ഥിരീകരണത്തിന് സഹായിക്കുന്നു.

**ചികിൽസ**

ടൈഫോയിഡ് രോഗത്തിന് പ്രത്യേക ചികിൽസ ലഭ്യമാണ്. ക്വിനിലോൺസ് (ഉദാ: സിപ്രോഫ്ളോക്സാസിൻ, ഓഫ്ളോക്സാസിൻ), സെഫാലോസ്പോറിൻസ് (ഉദാ: സെഫ്ട്രിയാക്സോൺ), ക്ലോറാംഫെനികോൾ തുടങ്ങിയ അനേകം മരുന്നുകൾ ഉപയോഗിച്ച് രോഗത്തെ ഫലപ്രദമായി പൂർണമായും ചികിൽസിച്ചു സുഖപ്പെടുത്തുവാൻ കഴിയും. ടൈഫോയിഡ് പനിയുള്ള രോഗിക്ക് ആശുപത്രി ചികിൽസ പെട്ടെന്നു നൽകിയാൽ തുടർന്നുണ്ടാകാവുന്ന കോംപ്ലിക്കേഷൻസ് പരമാവധി കുറയ്ക്കുവാൻ സാധിക്കും.



വ്യക്തിശുചിത്വം പാലിക്കുക, പരിസരശുചിത്വം പാലിക്കുക, ആവശ്യത്തിന് ശുദ്ധജലം ലഭ്യമാക്കുക, വിസർ ജ്യവസ്തുക്കൾ ശരിയായി നിർമാർജനം ചെയ്യുന്നതിനുള്ള സൗകര്യങ്ങളേർപ്പെ ടുത്തുക, ആഹാരശുചിത്വം പാലിക്കുക, ഈച്ചകളെ നശിപ്പിക്കുക തുടങ്ങിയ ലളിതമായ മാർഗങ്ങൾ ടൈഫോയിഡ് പനി ഒരു പകർച്ചവ്യാധിയായി മാറുന്നത് തടയുവാൻ പ്രാപ്തമായവയാണ്.

ഒന്നിലധികം മരുന്നുകളോട് പ്രതിരോധശേഷിയുള്ള ടൈഫോയിഡ് രോഗാണുക്കൾ ഇപ്പോൾ കാണപ്പെടാറുണ്ട്. ഇവ സാധാരണ ടൈഫോയിഡ് രോഗാണുവിനെക്കാൾ അപകടകാരിയാണ്.

**രോഗപ്രതിരോധം**

ഫലപ്രദമായി പ്രതിരോധിക്കാവുന്ന ഒരു രോഗമാണ് ടൈഫോയിഡ് പനി. രോഗപ്രതിരോധത്തിന് വിവിധ തരത്തിലുള്ള മാർഗങ്ങൾ ലഭ്യമാണ്.

രോഗം നേരത്തേതന്നെ കണ്ടുപിടിച്ച് ഫലപ്രദമായി ചികിൽസിക്കുക, രോഗിയെ ആശുപത്രിയിൽ അഡ്മിറ്റ് ചെയ്ത് ചികിൽസിക്കുക, രോഗിയുടെ മലവും മൂത്രവും രോഗാണുവിമുക്തമാക്കുക, രോഗിയെ രോഗം മാറിയതിനു ശേഷം ഒരു വർഷം വരെ പരിശോധനയ്ക്ക് വിധേയമാക്കുക തുടങ്ങിയ മാർഗങ്ങൾ രോഗം മറ്റുള്ളവരിലേയ്ക്കു പകരാതെ തടയുന്നതിനും ക്രോണിക് കാരിയർ സ്റ്റേറ്റ് ഉണ്ടാവാതെ തടയുന്നതിനും സഹായകമാണ്. കൂടാതെ രോഗാണുവാഹകരെ കണ്ടുപിടിച്ച് ചികിൽസിക്കുക, ഇവരുടെ പിത്തസഞ്ചി ശസ്ത്രക്രിയയിലൂടെ നീക്കം ചെയ്യുക, വ്യക്തിശുചിത്വത്തെയും പരിസരശുചിത്വത്തെയുംപറ്റി ആരോഗ്യ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക തുടങ്ങിയവ രോഗാണുവാഹക അവസ്ഥ (കാരിയർ സ്റ്റേറ്റ്) ഇല്ലാതാക്കുവാൻ സഹായിക്കുന്നു.

വ്യക്തിശുചിത്വം പാലിക്കുക, പരിസരശുചിത്വം പാലിക്കുക, ആവശ്യത്തിന് ശുദ്ധജലം ലഭ്യമാക്കുക, വിസർജ്യവസ്തുക്കൾ ശരിയായി നിർമ്മാർജനം ചെയ്യുന്നതിനുള്ള സൗകര്യങ്ങളേർപ്പെ ടുത്തുക, ആഹാരശുചിത്വം പാലിക്കുക, ഈച്ചകളെ നശിപ്പിക്കുക തുടങ്ങിയ ലളിതമായ മാർഗ്ഗങ്ങൾ ടൈഫോയിഡ് പനി ഒരു പകർച്ചവ്യാധിയായി മാറുന്നത് തടയുവാൻ പ്രാപ്തമായവയാണ്.

ഇവ കൂടാതെ ടൈഫോയിഡ് പനിക്കെതിരേ രണ്ടു തരത്തിലുള്ള പ്രതിരോധമരുന്നുകൾ ലഭ്യമാണ്. 1. Ty 21a എന്ന പ്രതിരോധമരുന്ന് വായിലൂടെ നൽകാവുന്നതാണ്. ഇത് 1, 3, 5, 7 ദിവസങ്ങളിലും തുടർന്ന് ഓരോ 5 വർഷങ്ങളിലും ഒരു ബൂസ്റ്റർ ഡോസ് വീതവും എടുക്കേണ്ടതാണ്. 6 വയസ്സിനു മുകളിൽ പ്രായമുള്ളവർക്ക് ഈ മരുന്നു നൽകാവുന്നതാണ്. 2. Vi cps എന്ന പ്രതിരോധമരുന്ന് കുത്തിവയ്പായി രണ്ടു വയസ്സിനു മുകളിൽ പ്രായമുള്ളവർക്ക് നൽകാവുന്നതാണ്. ആദ്യം ഒരു ഡോസും തുടർ ന്നുള്ള ഓരോ രണ്ടു വർഷങ്ങളിലും ഒരു ബൂസ്റ്റർ ഡോസ് വീതവും എടുക്കേണ്ടതാണ്. ■

*(തുടരും)*

*ലേഖകൻ കോട്ടയം ഗവ:മെഡിക്കൽ കോളേജിലെ മെഡിസിൻ വിഭാഗം ലക്ചററാണ്*



# അധികാര വികേന്ദ്രീകരണ ചർച്ചാ വേദിയിൽ നിന്ന്

ഐക്യരാഷ്ട്രസഭയുടെ ഇന്ത്യൻ വിഭാഗങ്ങളുടെ നേതൃത്വത്തിൽ ഒരുക്കുന്ന ചർച്ചാവേദിയാണ് സൊലൂഷൻ എക്സ്ചേഞ്ച് (Solution Exchange). വികസന പ്രശ്നങ്ങൾക്കുള്ള പരിഹാരം കൈമാറാനൊരു വേദി. അധികാര വികേന്ദ്രീകരണവും തദ്ദേശഭരണസ്ഥാപനങ്ങളെയും ശക്തിപ്പെടുത്താനുതകുന്ന ഡീസെൻട്രലൈസേഷൻ കമ്മ്യൂണിറ്റി (Decentralization Community) ഈ ചർച്ചാവേദിയുടെ ഭാഗമാണ്. അധികാരവികേന്ദ്രീകരണ ശക്തിപ്പെടുത്താനായി പ്രവർത്തിക്കുന്നവരെ ഒന്നിച്ചു. കൊണ്ടുവരുവാനും ആശയങ്ങളും അനുഭവങ്ങളും കൈമാറുവാനും ഇ-മെയിൽ സംവിധാനത്തിലൂടെയും യോഗങ്ങളിലൂടെയും പ്രവർത്തിക്കുന്ന വേദിയാണിത്. കഴിഞ്ഞ മാസം അധികാരവികേന്ദ്രീകരണ ചർച്ചാവേദിയിൽ നടന്ന ചർച്ചയുടെ സംക്ഷിപ്ത രൂപമാണ് ചുവടെ ചേർത്തിരിക്കുന്നത്.

വിഷയം : അധികാരവികേന്ദ്രീകരണം എങ്ങനെ ശക്തിപ്പെടുത്താം?

അവതാരകർ: ജോർജ് മാത്യു (ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസസ്) റീത്ത സരിൻ (ദിഹംഗർ പ്രൊജക്ട്), മനോജ് റായ് (പ്രിയ), ലിസ ജോൺ (വാദാനതോഡാ അഭിയാൻ), അമിതാഭ് ബഹർ (നാഷണൽ സെന്റർ ഫോർ അഡ്വക്കസി സ്റ്റഡീസ്)

1. തദ്ദേശഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പങ്ക്.
2. XI, XII ഷെഡ്യൂളുകളും ആക്റ്റിവിറ്റി മാപ്പിംഗും - എങ്ങനെ യാഥാർത്ഥ്യമാക്കാം
3. സംസ്ഥാന ഫിനാൻസ് കമ്മീഷനുകളും തെരഞ്ഞെടുപ്പ് കമ്മീഷനുകളും എങ്ങനെ ശക്തിപ്പെടുത്താം.
4. ജില്ലാ ആസൂത്രണ സമിതിയും ജില്ലാ പദ്ധതി രൂപീകരണവും ശക്തിപ്പെടുത്തൽ-സംസ്ഥാന സർക്കാരുകളുടെയും പൗര സമൂഹത്തിന്റെയും പങ്ക്.

**ചർച്ചയുടെ സംക്ഷിപ്തം**

ലോക്സഭാ തെരഞ്ഞെടുപ്പിന്റെയും പുത്തൻ സർക്കാർ രൂപീകരണത്തിന്റെയും പശ്ചാത്തലത്തിൽ അധികാരവികേന്ദ്രീകരണത്തിന്റെ നിരവധി തലങ്ങളിലേയ്ക്ക് ആഴ്ന്നിറങ്ങുകയായിരുന്നു ചർച്ച. കഴിഞ്ഞ ഒന്നര പതിറ്റാണ്ടിനിടയിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ നടത്തിയ പ്രവർത്തനങ്ങൾ സ്വതന്ത്രമായി അവലോകനം ചെയ്തു കൊണ്ടുമാത്രമേ ഭാവി നടപടികൾ ആവിഷ്ക്കരിക്കാനാവൂ. ഇതു സംബന്ധിച്ച് ഫെബ്രുവരിയിൽ ന്യൂഡൽഹിയിൽ സംഘടിപ്പിച്ച ശില്പശാല റിപ്പോർട്ടും ചർച്ചാവിഷയമായി (Inclusive Growth through Inclusive Governance. The Future Agenda for Local Government).

ജില്ലാ ആസൂത്രണ സമിതികളെ ശക്തിപ്പെടുത്തുന്നതിനാവശ്യമായ ചില നടപടികൾ ചർച്ചയിൽ ഉരുത്തിരിഞ്ഞു.

- ജില്ലാ ആസൂത്രണ സമിതികൾക്ക് പൂർണ്ണ സമയ ഓഫീസ്, ജീവനക്കാർ.
- ജില്ലാ കളക്ടർ സമിതിയുടെ മെമ്പർ സെക്രട്ടറി.
- അവരുടെ പ്രവർത്തനവും പങ്കും കാലാകാലങ്ങളിൽ അവലോകനം ചെയ്യണം.
- ദേശീയ സംസ്ഥാനതല ആസൂത്രണ വുമായി ജില്ലാ ആസൂത്രണ സമിതിയെ ബന്ധിപ്പിക്കണം.

ധനകാര്യ, ആസൂത്രണ, പഞ്ചായത്തീരാജ്, നഗരകാര്യ, ഗ്രാമവികസന വകുപ്പുകളെ ബന്ധിപ്പിച്ചുകൊണ്ടുമാത്രമേ വികേന്ദ്രീകൃത ജില്ല പദ്ധതി രൂപീകരണം ശക്തിപ്പെടുത്താനാവൂ. നിലവിലുള്ള ജില്ലാ പഞ്ചായത്തിനു പകരം നഗര-ഗ്രാമ വ്യത്യാസമില്ലാതെ ജില്ലയിലെ പൂർണ അധികാരമുള്ള ജില്ലാ കൗൺസിലുകളുടെ രൂപീകരണവും അനിവാര്യമാണ്. അത്തരമൊരു സാഹചര്യത്തിൽ ഭരണഘടനയുടെ 243(d) ഭാഗം ഭേദഗതി ചെയ്ത് ജില്ലാ ആസൂത്രണ സമിതിയെ ഉപദേശക സമിതിയാക്കി മാറ്റാവുന്നതാണ്. രണ്ടാം ഭരണ പരിഷ്കാര കമ്മീഷനും ജില്ലാ സർക്കാർ രൂപീകരണം എന്ന നിർദ്ദേശം നല്കിയിട്ടുണ്ട്. തൃതല സർക്കാരുകളെന്ന നിലയിൽ ഇന്ത്യൻ ഭരണസംവിധാനം പുനഃ

ക്രമീകരിക്കണമെങ്കിൽ യൂണിയൻ, സ്റ്റേറ്റ്, പ്രാദേശിക ലിസ്റ്റുകൾ ആവിഷ്ക്കരിക്കാനായി ഭരണഘടന ഭേദഗതി ചെയ്യണം.

അധികാരവികേന്ദ്രീകരണം ശക്തിപ്പെടുത്തണമെങ്കിൽ കേന്ദ്രത്തിൽ നിന്നും സംസ്ഥാനങ്ങളിലേയ്ക്കും അധികാരങ്ങൾ കൈമാറണം. വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾ സംസ്ഥാന പദ്ധതിക്കുള്ള കേന്ദ്രവിഹിതവുമായി സംയോജിപ്പിക്കണം. കേന്ദ്ര-സംസ്ഥാന ധനകാര്യ കമ്മീഷനുകളുടെ രൂപീകരണവും പ്രവർത്തന കാലയളവും ഏകീകരിക്കണം. വിവിധ സേവനങ്ങൾ നടപ്പിലാക്കാനുള്ള മാർഗ്ഗമെന്നതിനുപരി, പൗരശാക്തീകരണത്തിനുള്ള മാർഗ്ഗമായി അധികാരവികേന്ദ്രീകരണം കണക്കാക്കപ്പെടണം.

പഞ്ചായത്തീരാജ് സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളുമായി ബന്ധമുള്ള എല്ലാ മന്ത്രാലയങ്ങളിലും ആക്ടിവിറ്റി മാപ്പിംഗ് നിർബന്ധമാക്കണം. കേന്ദ്രാവിഷ്കൃത പദ്ധതികളുമായി ബന്ധപ്പെട്ട് എല്ലാ മന്ത്രാലയങ്ങളിലും പഞ്ചായത്തീരാജ് സെല്ലുകൾ രൂപീകരിക്കണം. സർക്കാരിന്റെ ഓരോ പദ്ധതിയിലും നയരേഖകളിലും പുത്തൻ നിയമങ്ങളിലും പഞ്ചായത്തീരാജിനെ എങ്ങനെ ബാധിക്കുന്നു എന്ന അവലോകനം അനിവാര്യമായേ തീരൂ.

തദ്ദേശഭരണ തലത്തിലെ നഷ്ടോത്തരവാദിത്വം ഉറപ്പാക്കാൻ കേന്ദ്ര-സംസ്ഥാന തലങ്ങളിൽ സംവിധാനം ഏർപ്പെടുത്തണം. അധികാരവികേന്ദ്രീകരണം ശക്തമാക്കുന്നതിൽ സുതാര്യത ഏറെ പ്രധാനപ്പെട്ടതാണ്. വികസന പ്രക്രിയയിലെ ജനപങ്കാളിത്തവും ഇതിന്റെ അടിസ്ഥാനത്തിലാണ് നിർണ്ണയിക്കപ്പെടുക. പ്രാദേശിക പദ്ധതികൾ പൊതുതലത്തിലെത്തിക്കാൻ നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ തയ്യാറാക്കിയ പ്ലാൻപ്ലസ് (Plan Plus) പോലെയുള്ള സോഫ്റ്റ്‌വെയറുകൾ ഉപയോഗിക്കാം.

അധികാരവികേന്ദ്രീകരണം ശക്തിപ്പെടുത്തുന്നതിൽ പൗരസമൂഹത്തിനും സുപ്രധാനമായ പങ്കുണ്ട്. ജനപ്രതിനിധികളുടെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിലും സംസ്ഥാന സർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നതിലും അവർക്കു മുഖ്യപങ്കാണുള്ളത്. അധികാരവികേന്ദ്രീകരണത്തിൽ മാതൃക കാട്ടിയ സംസ്ഥാനങ്ങളെ കണ്ടെത്തി മറ്റു സംസ്ഥാനങ്ങളിൽ അത്തരം മാതൃകകൾ പുനഃസൃഷ്ടിക്കുന്നതിനും നമുക്കാവണം.

അടിസ്ഥാനപരമായി അധികാരവികേന്ദ്രീകരണം ഒരു രാഷ്ട്രീയ പ്രക്രിയയാണ്. രാഷ്ട്രീയ മുന്നേറ്റമാണ്. ഉദാഹരണമായി തെരഞ്ഞെടുപ്പൊഴിവാക്കിയാൽ, 'ഐകകണ്ഠേന' ജനപ്രതിനിധിയെ നിർദ്ദേശിച്ചാൽ പഞ്ചായത്തിന് അധിക തുക നല്കുന്ന "സമരസ യോജന" എന്ന പദ്ധതി ഗുജറാത്തിൽ നടപ്പാക്കിയപ്പോൾ മഹിള സ്വരാജ് അഭിയാൻ പോലെയുള്ള സംഘടനകൾ പരസ്യമായി രംഗത്തു വന്നു. തങ്ങളുടെ ജനപ്രതിനിധിയെ സ്വന്തം താല്പര്യപ്രകാരം തെരഞ്ഞെടുക്കുന്നത് തടഞ്ഞ് വരേണ്യവർഗ്ഗത്തെ നേതൃത്വത്തിൽ പ്രതിഷ്ഠിക്കാനുള്ള ശ്രമമാണിതെന്ന് സ്ത്രീകളും മറ്റ് പാർശ്വവത്ക്കരിക്കപ്പെട്ട ജനവിഭാഗങ്ങളും തിരിച്ചറിയുവാൻ അത്തരം സംഘടനകളുടെ ശ്രമം ഉപകരിച്ചു.

അധികാരവികേന്ദ്രീകരണം ശക്തിപ്പെടുത്തുന്നതിന് നിരവധി പ്രശ്നങ്ങളെ നേരിടേണ്ടതുണ്ട്. വാർപ്പുമാതൃകയിലുള്ള അധികാരവികേന്ദ്രീകരണമാകരുത് നമ്മുടെ ലക്ഷ്യം. പൗരസമൂഹവും വിവിധ തല സർക്കാരുകളും ഒത്തുചേർന്നു പ്രവർത്തിച്ചാൽ മാത്രമേ അധികാരവികേന്ദ്രീകരണം ശക്തമാവൂ, സാർത്ഥകമാവൂ.

*ഈ ചർച്ചയുടെ വിശദാംശങ്ങൾ, സഹായകരമായ രേഖകൾ എന്നിവയ്ക്കോ അഭിപ്രായങ്ങൾ രേഖപ്പെടുത്തുന്നതിനോ, ഡീസെൻട്രലൈസേഷൻ കമ്മ്യൂണിറ്റിയിൽ അംഗമാകുന്നതിനോ ജോയ് ഇളമൺ (joyelamon@un.org.in), ടീനാ മാഥൂർ (tina.mathur@un.org.in) എന്നിവർക്കെഴുതുകയോ www.solutionexchange_un.net.in എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ ചെയ്യുക.* ■

*തയ്യാറാക്കിയത്: ഡോ. ജോയ് ഇളമൺ*
*ഡീസെൻട്രലൈസേഷൻ കമ്മ്യൂണിറ്റി*
*സൊലൂഷൻ എക്സ്ചേഞ്ച്*
*യുണൈറ്റഡ് നേഷൻസ്*

## തണ്ണീർത്തടങ്ങൾക്കൊരു സംരക്ഷണ നിയമം

*പേജ് 19ൽ നിന്ന്*

ഏതൊരാൾക്കും തീരുമാനം കൈപ്പറ്റി മുപ്പത് ദിവസത്തിനകം ജില്ലാ കളക്ടർക്ക് അപ്പീൽ നല്കാവുന്നതാണ്. അപ്പീൽ ലഭിച്ചാൽ ഒരു മാസത്തിനകം ജില്ലാ കളക്ടർ അതിന്മേൽ തീരുമാനം കൈക്കൊള്ളുന്നതും കളക്ടറുടെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

### തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ചുമതലകൾ

1. കേരള പഞ്ചായത്ത് രാജ് നിയമത്തിലും കേരള മുനിസിപ്പാലിറ്റി നിയമത്തിലും എന്തുതന്നെ അടങ്ങിയിരുന്നാലും ഈ നിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി പരിവർത്തനപ്പെടുത്തുകയോ രൂപാന്തരപ്പെടുത്തുകയോ ചെയ്തിട്ടുള്ള ഏതെങ്കിലും നെൽവയലിലോ തണ്ണീർത്തടത്തിലോ ഏതെങ്കിലും പ്രവൃത്തിയോ നിർമ്മാണമോ ചെയ്യുന്നതിനുള്ള യാതൊരു അനുമതിയും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും നല്കാൻ പാടുള്ളതല്ല.
2. തരിശ്ശിട്ടിരിക്കുന്ന നെൽവയലുകൾ പഞ്ചായത്ത് മുഖേന കൃഷി ചെയ്യിക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്. ഇക്കാര്യത്തിൽ നെൽവയൽ ഉടമയും പഞ്ചായത്തുമായി കരാർ ഉടമ്പടി വെയ്ക്കണം.
3. ഇപ്രകാരം കരാർ ഉടമ്പടി വെച്ച് ഏറ്റെടുത്ത തരിശ്ശ് ഭൂമിയിൽ പഞ്ചായത്തിന് നേരിട്ട് കൃഷി ചെയ്യാൻ കഴിയുന്നില്ലെങ്കിൽ പരമാവധി രണ്ട് വർഷക്കാലയളവിലേയ്ക്ക് ലേലം ചെയ്തോ മറ്റ് വിധത്തിലോ ഏല്പിച്ചുകൊടുക്കുന്നതിന് പഞ്ചായത്തിന് അധികാരമുണ്ടായിരിക്കും. ഇപ്രകാരം ഏല്പിച്ചുകൊടുക്കുമ്പോൾ പാടശേഖര സമിതികൾ, സംയുക്ത കർഷക സംഘങ്ങൾ, സ്വയം സഹായ സംഘങ്ങൾ, കുടുംബശ്രീ യൂണിറ്റുകൾ എന്നിവയ്ക്ക് മുൻഗണന നല്കേണ്ടതുമാണ്.

### നികത്തിയ വയലിൽ കെട്ടിട നിർമ്മാണം

പത്ത് വർഷങ്ങൾക്ക് മുമ്പ് പരിവർത്തനപ്പെട്ടതും നിലവിൽ പാടമോ നിലമോ അല്ലാത്തതുമായ ഭൂമിയിൽ 300 ച.മീ വരെ വിസ്തീർണ്ണമുള്ള കെട്ടിട നിർമ്മാണത്തിന് നിബന്ധനകൾക്ക് വിധേയമായി അനുമതി നല്കുന്നതിന് സർക്കാർ വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതിനായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി കൺവീനറായിട്ടുള്ള ഗ്രാമ പഞ്ചായത്ത് തല സമിതിയുടെ പ്രവർത്തനവും ഈ നിയമത്തിലെ വ്യവസ്ഥകളും തികച്ചും വ്യത്യസ്തമാണ്.

### ഉപസംഹാരം

ഈ പുതിയ നിയമ നിർമ്മാണം കേരളത്തിലെ ഭൂവിനിയോഗം, പരിസ്ഥിതി സംരക്ഷണം, ഭക്ഷ്യ സുരക്ഷ, ജലസംരക്ഷണം തുടങ്ങിയ മേഖലകളിൽ ഗുണപരമായ ഒട്ടേറെ മാറ്റങ്ങൾക്ക് തുടക്കമാകും എന്നതിൽ സംശയമില്ല. മറ്റൊരു നിയമംകൂടി എന്ന ലാഘവത്തോടെ മാറ്റിവെയ്ക്കുന്നതിന് പകരം നിയമത്തിന്റെ അന്തഃസ്സത്ത ഉൾക്കൊള്ളാനും ഉത്തമ താല്പര്യത്തോടെ നടപ്പാക്കുവാനും പരിഷ്കൃത സമൂഹത്തിലെ ഓരോ പൗരനും ബാദ്ധ്യതയുണ്ട് ■

*ലേഖകൻ കോഴിക്കോട് ജില്ല പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാണ്*



F A Q
*Frequently Asked Questions*

# ജനന മരണ രജിസ്ട്രേഷൻ

## നിരന്തരം ഉന്നയിക്കുന്ന ചോദ്യങ്ങൾ

*ജനന-മരണങ്ങൾ എവിടെയാണ് രജിസ്റ്റർ ചെയ്യേണ്ടത്?*

ജനന മരണങ്ങൾ സംഭവം നടന്ന സ്ഥലത്തെ ഗ്രാമ പഞ്ചായത്തിലോ നഗരസഭയിലോ കന്റോൺമെന്റ് പ്രദേശത്താണെങ്കിൽ കന്റോൺമെന്റ് ബോർഡിലോ ആണ് റിപ്പോർട്ട് ചെയ്യേണ്ടത്.

*ജനനവും മരണവും എത്ര ദിവസത്തിനകം രജിസ്റ്റർ ചെയ്യണം?*

ജനനവും മരണവും നടന്ന തീയതി മുതൽ 21 ദിവസങ്ങൾക്കകം വിവരം അറിയിക്കേണ്ടതാണ്. പ്രസ്തുത റിപ്പോർട്ട് രജിസ്ട്രാർ അംഗീകരിച്ച് ഒപ്പു വയ്ക്കുമ്പോഴാണ് രജിസ്ട്രേഷൻ പൂർത്തിയാവുന്നത്.

*21 ദിവസത്തിനകം റിപ്പോർട്ടു ചെയ്യാൻ കഴിഞ്ഞില്ലെങ്കിൽ രജിസ്ട്രേഷൻ നടത്താൻ സാധിക്കുമോ?*

സാധിക്കും.

*അതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണ്?*

ജനനമോ മരണമോ നടന്ന് 21 ദിവസത്തിനുശേഷം 30 ദിവസം വരെ റിപ്പോർട്ടു നൽകിയാൽ 30-ാം ദിവസം വരെ 2/-രൂപ. ലേറ്റ് ഫീ ഈടാക്കി ലോക്കൽ രജിസ്ട്രാർക്കു തന്നെ രജിസ്ട്രേഷൻ നടത്താം. അതിനുശേഷം ഒരു വർഷം വരെ ഇതിലേയ്ക്കായി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ അനുമതിയോടെ 5/- രൂപ ലേറ്റ് ഫീ ഒടുക്കി രജിസ്ട്രേഷൻ നടത്താം. ഇതിന് സംസ്ഥാന സർക്കാരിലെ ഒരു ഗസറ്റഡ് ഉദ്യോഗസ്ഥന്റെ അല്ലെങ്കിൽ നോട്ടറി പബ്ലിക് മുമ്പാകെയുള്ള ഒരു സത്യവാങ്മൂലവും ഹാജരാക്കണം.

*അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ എന്ന് ഉദ്ദേശിക്കുന്നത് ആരെയാണ്?*

30 ദിവസത്തിനുശേഷം ഒരു വർഷം വരെ റിപ്പോർട്ടുചെയ്യുന്ന ജനനമരണങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള അനുവാദം നൽകുന്നതിന് പഞ്ചായത്തു പ്രദേശങ്ങളിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറേയും നഗരസഭാ പ്രദേശങ്ങളിൽ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ സെക്രട്ടറിമാരെയുമാണ് അധികാരപ്പെടുത്തിയിരിക്കുന്നത്. കണ്ണൂർ കന്റോൺമെന്റ് പ്രദേശത്ത് ഈ അധികാരം കന്റോൺമെന്റ് ബോർഡ് എക്സിക്യൂട്ടീവ് ആഫീസർക്കാണ്.

*ഒരു വർഷത്തിനുശേഷം രജിസ്ട്രേഷൻ നടത്തുന്നതിനുള്ള നടപടി എങ്ങനെയാണ്?*

സംഭവം നടന്ന് ഒരു വർഷത്തിനകം രജിസ്ട്രേഷൻ നടത്തിയിട്ടില്ലെങ്കിൽ അത്തരം ജനനമരണങ്ങൾ സബ്ഡിവിഷൻ മജിസ്ട്രേറ്റായ R.D.O യുടെ അനുവാദത്തോടെ 10/-രൂപ ലേറ്റ് ഫീ ഒടുക്കി മാത്രമേ രജിസ്റ്റർ ചെയ്യാൻ കഴിയൂ.

*ഒരു ജനനം 21-ാം ദിവസം റിപ്പോർട്ടു ചെയ്യുന്നു. എന്നാൽ അന്നേ ദിവസം ധാരാളം സംഭവങ്ങൾ റിപ്പോർട്ടു ചെയ്യപ്പെട്ടതുമൂലം അന്ന് രജിസ്ട്രേഷൻ നടത്താൻ കഴിഞ്ഞില്ല. അടുത്ത പ്രവൃത്തി ദിവസം അത് രജിസ്റ്റർ ചെയ്യുമ്പോൾ ലേറ്റ് ഫീ ഒടുക്കേണ്ടി വരുമോ? എങ്കിൽ അത് ആരിൽ നിന്ന് വാങ്ങും?*

അനുവദിക്കപ്പെട്ട സമയം കഴിഞ്ഞ് റിപ്പോർട്ട് ചെയ്യുന്ന ജനനമരണങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനാണ് ലേറ്റ് ഫീ ഒടുക്കേണ്ടത്. അതിനാൽ 21-ാം ദിവസമോ അതിനുമുമ്പോ റിപ്പോർട്ടു ചെയ് താൽ ലേറ്റ് ഫീ ഒടുക്കേണ്ടതില്ല.

*30 ദിവസത്തിനകവും ഒരു വർഷത്തിനകവും റിപ്പോർട്ട് നൽകിയാലും ഇതു ബാധകമാണോ?*

21 ദിവസത്തിനുശേഷം 30 ദിവസത്തിനകം റിപ്പോർട്ടുചെയ്യുന്ന സംഭവങ്ങൾ അതിനുശേഷമാണ് രജിസ്റ്റർ ചെയ്യുന്നതെങ്കിൽ പ്പോലും 2/-രൂപ മാത്രമേ ലേറ്റ് ഫീസ് ഒടുക്കേണ്ടതുള്ളൂ.

എന്നാൽ ഒരു വർഷത്തിനകം രജിസ്ട്രേഷൻ നടത്താത്ത എല്ലാ സംഭവങ്ങൾക്കും RDO യുടെ അനുവാദവും 10/- രൂപ ലേറ്റ് ഫീയും ആവശ്യമാണ്. അത് റിപ്പോർട്ടു ചെയ്തത് എപ്പോഴായാലും.

*ഇങ്ങനെ താമസിച്ചുള്ള രജിസ്ട്രേഷന് ആരെയാണ് സമീപിക്കേണ്ടത്? അനുമതി നൽകുന്ന അധികാരിയെയാണോ?*

താമസിച്ചുള്ള രജിസ്ട്രേഷന് നിർദ്ദിഷ്ടഫാറത്തിലുള്ള ജനനറിപ്പോർട്ട് അല്ലെങ്കിൽ മരണ റിപ്പോർട്ട് സഹിതം ജനനവും മരണവും നടന്ന പ്രദേശത്തെ ലോക്കൽ (അതാതു പ്രദേശത്തുള്ള) ജനന മരണ രജിസ്ട്രാർക്കാണ് അപേക്ഷ നൽകേണ്ടത്. ഒരു വർഷത്തിനുശേഷമുള്ള രജിസ്ട്രേഷന് RDO യ്ക്ക് അപേക്ഷിക്കുമ്പോഴും പഞ്ചായത്തു പ്രദേശത്തു നടന്നതും 30 ദിവസത്തിനുശേഷം റിപ്പോർട്ടു ചെയ്തതുമായ സംഭവങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് DDP യ്ക്ക് അപേക്ഷ നൽകുമ്പോഴും ബന്ധപ്പെട്ട രജിസ്ട്രേഷൻ യൂണിറ്റിൽ പ്രസ്തുത രജിസ്ട്രേഷൻ നടത്തിയിട്ടില്ലെന്നുള്ള സർട്ടിഫിക്കറ്റ് (Non Availability Certificate) കൂടി നൽകണം.

*ആശുപത്രിയിൽ നടക്കുന്ന ജനനവും മരണവും രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ എന്താണ്?*

ആശുപത്രിയിൽ നടക്കുന്ന ജനനമരണങ്ങൾ ചുമതലയുള്ള മെഡിക്കലാഫീസറോ (M.O.-in-charge) അദ്ദേഹം ഇതിനായി ചുമതലപ്പെടുത്തുന്ന വ്യക്തിയോ ആണ് റിപ്പോർട്ടു ചെയ്യേണ്ടത്. രജിസ്ട്രേഷനിൽ കൃത്യമായ വിവരങ്ങൾ ഉൾപ്പെടുത്തുന്നതിനുവേണ്ടി റിപ്പോർട്ടു ഫാറത്തിൽ ബന്ധുക്കൾ വിവരങ്ങൾ രേഖപ്പെടുത്തി നൽകുകയും അത് മെഡിക്കലാഫീസർ പരിശോധിച്ച് മേലൊപ്പുവച്ച് രജിസ്ട്രേഷൻ യൂണിറ്റിൽ നൽകുകയാണ് ചെയ്യുന്നത്. റിപ്പോർട്ടു ഫാറങ്ങളിൽ വളരെ കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തി നൽകുന്നതിന് ബന്ധുക്കൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ഈ പ്രവർത്തനം വേഗത്തിൽ നടത്തി സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിന് ഇപ്പോൾ ധാരാളം ആശുപത്രികളിൽ Hospital kiosk സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഈ സംവിധാനത്തിൽ ആശുപത്രിയിൽ സ്ഥാപിച്ചിട്ടുള്ള കിയോസ്കിലുള്ള കമ്പ്യൂട്ടറിൽ വിവരങ്ങൾ ഡാറ്റാ എൻട്രി നടത്തി ടെലഫോൺ ലൈൻ വഴി തദ്ദേശസ്വയംഭരണ സ്ഥാപനത്തിലേയ്ക്ക് നൽകുകയാണ് ചെയ്യുന്നത്.



പേരു ചേർക്കുന്നതിന് നിശ്ചിത ഫാറത്തിലൂടെ അപേക്ഷ മാതാപിതാക്കൾ നൽകണം. കുട്ടിയെ സ്ക്കൂളിൽ ചേർത്ത ശേഷമാണ് അപേക്ഷിക്കുന്നതെങ്കിൽ സ്ക്കൂൾ രേഖയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് നൽകണം.

*വീട്ടിൽ വച്ചു നടക്കുന്ന ജനനമരണങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന്റെ നടപടിക്രമങ്ങൾ?*

വീടുകളിൽ നടക്കുന്ന ജനനവും മരണവും ഗൃഹനാഥനാണ് രജിസ്ട്രാറെ അറിയിക്കേണ്ടത്. ഗൃഹനാഥൻ സ്ഥലത്തില്ലെങ്കിൽ അദ്ദേഹത്തിന്റെ ഏറ്റവും അടുത്ത ബന്ധുവും ഇവരുടെ രണ്ടുപേരുടെയും അഭാവത്തിൽ ഭവനത്തിൽ ഹാജരുള്ള മുതിർന്ന പുരുഷനുമാണ് റിപ്പോർട്ട് നൽകേണ്ടത്. വീട് സ്ഥിതിചെയ്യുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ രജിസ്ട്രാർക്കാണ് റിപ്പോർട്ടു നൽകേണ്ടത്.

ഇക്കാലത്ത് ജനനം സാധാരണയായി വീടുകളിൽ നടക്കാറില്ല. ആശുപത്രികളിൽ നടക്കുന്ന ജനനവും മരണവും വീട്ടിൽ നടന്നതായി റിപ്പോർട്ടുചെയ്യാറുമുണ്ട്. അതുപോലെ, സംഭവിക്കാത്ത മരണങ്ങളും സ്വത്തവകാശം, ഇൻഷ്വറൻസ് ക്ലെയിം മുതലായവയ്ക്കുവേണ്ടി മനപൂർവ്വം തെറ്റായി റിപ്പോർട്ടു ചെയ്യപ്പെടുന്നുണ്ട്. ഇക്കാര്യങ്ങൾ കണക്കിലെടുത്ത് വീടുകളിൽ നടന്നതായി റിപ്പോർട്ടു ചെയ്യപ്പെടുന്ന സംഭവങ്ങൾ കൃത്യമായി അന്വേഷിച്ചുമാത്രമേ രജിസ്ട്രേഷൻ നടത്തുകയുള്ളൂ.

*വിദേശത്തു നടക്കുന്ന ജനന മരണങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന്റെ നടപടിക്രമങ്ങൾ?*

വിദേശത്തു നടക്കുന്ന ഇന്ത്യക്കാരുടെ ജനന മരണങ്ങൾ രാജ്യത്തെ ഇന്ത്യൻ കോൺസുലേറ്റിൽ രജിസ്റ്റർ ചെയ്താൽ ഇന്ത്യയിലെ നിയമപ്രകാരം രജിസ്ട്രേഷൻ നടത്തിയതായി പരിഗണിക്കുന്നതാണ്.

ഇതുകൂടാതെ ഇന്ത്യക്കാരായ മാതാപിതാക്കൾക്ക് വിദേശത്തുവച്ച് ജനിക്കുന്ന കുട്ടികളുടെ ജനനം, മാതാപിതാക്കൾ സ്ഥിരതാമസത്തിനായി ഇന്ത്യയിലേയ്ക്ക് മടങ്ങിയെത്തിയാൽ 60 ദിവസത്തിനകം താമസസ്ഥലത്തെ പഞ്ചായത്തിൽ/നഗരസഭയിൽ രജിസ്റ്റർ ചെയ്യാം. എന്നാൽ, വിദേശത്തു നടക്കുന്ന

മരണം ഇന്ത്യയിൽ രജിസ്റ്റർ ചെയ്യാൻ സാധിക്കില്ല.

*മേൽപ്പറഞ്ഞ കേസുകളിൽ 60 ദിവസം കഴിഞ്ഞാൽ രജിസ്ട്രേഷൻ സാദ്ധ്യമാണോ?*

60 ദിവസം വരെ സാധാരണ ഗതിയിൽ രജിസ്ട്രേഷൻ നടത്തുന്നതിനുള്ള സമയമാണ്. അതു കഴിഞ്ഞാൽ താമസിച്ചുള്ള (delayed) രജിസ്ട്രേഷൻ നടപടിക്രമങ്ങൾ പാലിക്കണം.

*ഇത് ഒന്നുകൂടി വിശദമാക്കാമോ? അതായത് വിദേശത്തു ഒരു കുട്ടി ജനിച്ചശേഷം കുടുംബം ഇന്ത്യയിലേയ്ക്ക് സ്ഥിരതാമസത്തിനായി മടങ്ങുന്നത് കുട്ടിക്ക് 10 വയസ്സായ ശേഷമാണ്. ഈ കേസിൽ ഇന്ത്യയിലെ രജിസ്ട്രേഷൻ സംബന്ധിച്ച വ്യവസ്ഥ എന്താണ്?*

ഈ കേസിലും ഇന്ത്യയിൽ മടങ്ങിവന്ന് 60 ദിവസത്തിനകം ജനന റിപ്പോർട്ടും ജനനത്തിന്റെയും വിദേശത്തുനിന്ന് മടങ്ങിയതിന്റെയും തെളിവുകളും സഹിതം അപേക്ഷിച്ചാൽ സാധാരണപോലെ രജിസ്ട്രേഷൻ നടത്തും. അതിനുശേഷം രജിസ്ട്രേഷൻ നടത്തുന്നതിന് RDO യുടെ അനുവാദവും 10/ രൂപ ലേറ്റ് ഫീസും വേണം. എന്നാൽ ജനനം നടന്ന് ഒരു വർഷത്തിനകമാണെങ്കിൽ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ അനുവാദം മതിയാകും.


*അമ്മത്തൊട്ടിൽ മുഖേന ലഭിക്കുന്ന കുട്ടികളുടെ ജനനം രജിസ്റ്റർ ചെയ്യുന്നതെങ്ങനെ?*

അമ്മത്തൊട്ടിലിൽ കുട്ടിയെ ലഭിക്കുന്നത് കുട്ടി ഉപേക്ഷിക്കപ്പെടുമ്പോഴാണല്ലോ. ഇങ്ങനെ പൊതുസ്ഥലത്ത് ഉപേക്ഷിക്കുന്ന കുട്ടികളുടെ ജനനം റിപ്പോർട്ടു ചെയ്യേണ്ടത് ഗ്രാമത്തലവൻ അല്ലെങ്കിൽ പോലീസ് ആണ്. എന്നാൽ ഇത്തരം കേസുകൾ കൃത്യമായി രജിസ്റ്റർ ചെയ്യപ്പെടുന്നതിന് കുട്ടികളെ ലഭിച്ചുകഴിഞ്ഞാൽ ബന്ധപ്പെട്ട ഏജൻസികൾ ഉടൻതന്നെ രജിസ്ട്രേഷൻ നടത്തണമെന്ന് സംസ്ഥാന സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്.

*ഈ ജനനം റിപ്പോർട്ടു ചെയ്യുമ്പോൾ ജനനതീയതി, ജനനസ്ഥലം, അച്ഛന്റെയും അമ്മയുടെയും പേര്, വിലാസം മുതലായ വിവരങ്ങൾ എങ്ങനെയാണ് എഴുതുന്നത്?*

ഇവിടെ നവജാതശിശുക്കളെ ലഭിക്കുന്ന കേസിൽ–അമ്മത്തൊട്ടിലിൽ ലഭിക്കുന്നത് ജനിച്ച ഉടനെയാണ്– കുട്ടിയെ ലഭിച്ച തീയതി, ജനനതീയതിയായും ലഭിച്ച സ്ഥലം ജനനസ്ഥലമായും കാണിക്കാം. പക്ഷേ ജനനസ്ഥലം കാണിക്കുമ്പോൾ അമ്മത്തൊട്ടിൽ, അനാഥാലയം തുടങ്ങിയവ എഴുതാൻ പാടില്ല. സ്ഥലം മാത്രം രേഖപ്പെടുത്തിയാൽ മതിയാകും. മാതാവിന്റെയും പിതാവിന്റെയും പേര് ലഭ്യമല്ലാത്തതിനാൽ അവിടെ ഒന്നും എഴുതേണ്ടതില്ല.





*കുട്ടികളെ ദത്തെടുക്കുന്ന സമയത്ത് രജിസ്ട്രേഷൻ നടപടി എന്ത്?*

ദത്തെടുക്കുന്ന കുട്ടിയുടെ ജനനരജിസ്ട്രേഷനുമായി ബന്ധപ്പെട്ട് 2 സാഹചര്യമുണ്ടാകാം.

1. കുട്ടിയുടെ ജനനം നേരത്തെ രജിസ്റ്റർ ചെയ്തതാകാം.
2. രജിസ്ട്രേഷൻ നടത്തിയിട്ടില്ലാത്തതാകാം.

ജനനം രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ ദത്തെടുക്കുന്ന മാതാപിതാക്കളുടെ പേര് (Adoptive parents) രജിസ്ട്രേഷനിൽ മാതാപിതാക്കളുടെ പേരായി ബന്ധപ്പെട്ട കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ രേഖപ്പെടുത്തണം. ആവശ്യമെങ്കിൽ കുട്ടിയുടെ പേരിലും മാറ്റം വരുത്താം.

ജനനം രജിസ്റ്റർ ചെയ്തിട്ടില്ലെങ്കിൽ ദത്തെടുക്കൽ അനുവദിച്ച കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഏജൻസി തന്നെ പ്രസ്തുത സ്ഥലത്തെ രജിസ്ട്രേഷൻ യൂണിറ്റിൽ അപേക്ഷ നൽകി രജിസ്ട്രേഷൻ നടത്തി കോടതി ഉത്തരവിലെ ജനന തീയതിയും ദത്തെടുക്കലിന് കുട്ടിയെ നൽകുന്ന സ്ഥാപനം സ്ഥിതി ചെയ്യുന്ന സ്ഥലം ജനനസ്ഥലമായും കാണിച്ചാണ് രജിസ്ട്രേഷൻ നടത്തേണ്ടത്. 22.11.08 നു മുമ്പ് ദത്തെടുത്ത കുട്ടികളുടെ ജനനം രജിസ്റ്റർ ചെയ്തിട്ടില്ലെങ്കിൽ ദത്തെടുത്ത മാതാപിതാക്കൾ താമസിക്കുന്ന സ്ഥലത്തെ രജിസ്ട്രേഷൻ യൂണിറ്റിൽ ദത്തെടുക്കൽ അനുവദിച്ച കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ രജിസ്ട്രേഷൻ നടത്താം.

*ജനനം രജിസ്റ്റർ ചെയ്യുമ്പോൾത്തന്നെ കുട്ടിയുടെ പേരു ചേർക്കണമോ?*

വേണമെന്നില്ല. കുട്ടിയുടെ പേര് രേഖപ്പെടുത്താതെ തന്നെ ജനനറിപ്പോർട്ട് നൽകാവുന്നതാണ്. ജനനറിപ്പോർട്ട് ഫാറത്തിൽത്തന്നെ ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്.

*ജനന രജിസ്റ്ററിൽ പേര് ഉൾപ്പെടുത്തുന്നതിന്റെ നടപടിക്രമം എന്താണ്?*

കുട്ടിയുടെ പേര് ചേർക്കാതെയാണ് രജിസ്ട്രേഷൻ നടത്തിയിട്ടുള്ളതെങ്കിൽ മാതാപിതാക്കളുടെ സംയുക്താപേക്ഷ പ്രകാരം, ജനനം രജിസ്റ്റർ ചെയ്ത തീയതി മുതൽ 12 മാസം വരെ സൗജന്യമായും അതിനുശേഷം 5/–രൂപ ലേറ്റ് ഫീ ഒടുക്കിയും പേരു ചേർക്കാവുന്നതാണ്.

ജനനവും മരണവും ഒരിക്കൽ മാത്രം നടക്കുന്നതാണ്. ആ തീയതി ഒരു കാരണവശാലും മാറ്റാൻ ആർക്കും തന്നെ സാധിക്കുകയില്ല. ജനനമരണ രജിസ്ട്രേഷനുകളിലെ തെറ്റിപ്പോയ ഏതൊരു എൻട്രിയും തിരുത്താൻ സാധിക്കും. എന്നാൽ മറ്റൊരു രേഖയിലുള്ളതുപോലെ അവയിൽ മാറ്റം വരുത്താൻ സാധിക്കില്ല.

*പേരു ചേർക്കുന്നതിന് നിശ്ചിത ഫാറമുണ്ടോ? എന്തൊക്കെ രേഖകളാണ് ഇതിന് നൽകേണ്ടത്?*

പേരു ചേർക്കുന്നതിന് നിശ്ചിത ഫാറത്തിലൂള്ള അപേക്ഷ മാതാപിതാക്കൾ നൽകണം. കുട്ടിയെ സ്കൂളിൽ ചേർത്ത ശേഷമാണ് അപേക്ഷിക്കുന്നതെങ്കിൽ സ്കൂൾ രേഖയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് നൽകണം. കുട്ടിക്ക് 6 വയസ്സ് കഴിഞ്ഞാൽ രജിസ്ട്രേഷൻ യൂണിറ്റിന്റെ പരിധിക്ക് പുറത്ത് താമസിക്കുന്നവർ താമസസ്ഥലത്തെ ജനനമരണ രജിസ്ട്രാർ നൽകുന്ന ജനനക്രമ ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റ് കൂടി ഹാജരാക്കണം.

*സംസ്ഥാനത്തിനു പുറത്ത് താമസിക്കുന്നവരും ജനനക്രമ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതുണ്ടോ?*

ഇല്ല. മാതാപിതാക്കൾ സംസ്ഥാനത്തിനു പുറത്താണ് താമസമെങ്കിൽ നോട്ടറി പബ്ലിക് സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലം സമർപ്പിച്ചാൽ മതിയാകും.

*ഒരിക്കൽ ചേർത്ത പേര് പിന്നീട് മാറ്റുന്നതിന് സാധിക്കുമോ? എങ്കിൽ അതിന്റെ നടപടിക്രമങ്ങൾ?*

ജനന രജിസ്റ്ററിൽ ഒരിക്കൽ പേരു ചേർത്തു കഴിഞ്ഞാൽ പിന്നീട് അതിൽ മാറ്റം വരുത്തുന്നതിന് വ്യവസ്ഥയില്ല. എന്നാൽ രജിസ്ട്രേഷൻ സമയത്ത് വിളിപേര്/ഓമനപ്പേര് റിപ്പോർട്ടിൽ ചേർത്തുപോയെങ്കിൽ പിന്നീട് കുട്ടിക്ക് ഔദ്യോഗികമായ പേര് നിശ്ചയിക്കുമ്പോൾ മാതാപിതാക്കളുടെ അപേക്ഷയുടെയും യഥാർത്ഥ പേര് വ്യക്തമാക്കുന്ന രേഖകളുടെയും അടിസ്ഥാനത്തിൽ തിരുത്താൻ കഴിയും.

*ഓമനപ്പേരും അല്ലാത്ത പേരും എങ്ങനെയാണ് വേർതിരിച്ചിരിക്കുന്നത്?*

നിയമത്തിൽ, ജനിച്ച കുട്ടിക്ക് മാതാപിതാക്കൾ തീരുമാനിച്ച് നിശ്ചയിക്കുന്ന പേര് ആണ് Name എന്ന് വിവക്ഷിക്കുന്നത്. അല്ലാതെ ഓമനപ്പേരെന്നോ യഥാർത്ഥ പേരെന്നോ ഉള്ള വേർതിരിവ് നിയമത്തിൽ ഇല്ല. എന്നാൽ നമ്മുടെ നാട്ടിൽ കുട്ടി ജനിക്കുമ്പോൾത്തന്നെ പേരു നൽകുന്ന ഒരു പതിവില്ലാത്തതിനാൽ ആദ്യം വിളിക്കുന്ന ഓമനപ്പേര് മാറ്റുന്നതിനുള്ള ഒരു സൗകര്യമാണ് നിയമത്തിന്റെ വ്യവസ്ഥകൾക്കുള്ളിൽ നിന്നുകൊണ്ട് അനുവദിച്ചിട്ടുള്ളത്. എന്നാൽ രജിസ്ട്രേഷൻ സമയത്തുതന്നെ ചേർത്ത പേര് ഇനിഷ്യലോ,സർനെയിമോ ഉൾപ്പെടെ പൂർണ്ണമായ ഒരു പേര് ആണെങ്കിൽ ഓമനപ്പേരാണെന്ന് ഒരിക്കലും പറയാൻ കഴിയില്ല.

*രജിസ്റ്ററിൽ ചേർത്ത പേരിൽ ഇനിഷ്യൽ ചേർത്തിട്ടില്ല. അത് ചേർക്കാൻ കഴിയുമോ?*

കഴിയും. ഇനിഷ്യലോ സർനെമോ ഇല്ലാത്ത ഒരു പേരാണ് രജിസ്ട്രേഷനിൽ ഉള്ളതെങ്കിൽ അപേക്ഷപ്രകാരം അത് ചേർക്കാം. ഉദാഹരണമായി 'അനൂപ്' എന്ന് പേരു ചേർത്തിരിക്കുന്നു. 'അനൂപ്കുമാർ വി.എം.' എന്നാണ് യഥാർത്ഥ പേര്. ഇതു മാറ്റാം.

*പേരിലെ അക്ഷരത്തെറ്റുകൾ തിരുത്തണമോ? ഉദാഹരണമായി NASAR എന്ന പേര് NAZAR എന്ന് തിരുത്താമോ?*

തിരുത്താം. അക്ഷരത്തെറ്റുകൾ തിരുത്താം. എന്നാൽ ഒന്നോ രണ്ടോ അക്ഷരങ്ങളേ മാറുന്നുള്ളുവെങ്കിൽക്കൂടി അത് മറ്റൊരു പേരായി മാറുന്ന രീതിയിൽ തിരുത്തൽ അനുവദിക്കാനാകില്ല. ഉദാ: SIBIN/ BIBIN എന്ന് തിരുത്താൻ കഴിയുകയില്ല.

*പേരിലെ ഇനിഷ്യൽ വികസിപ്പിച്ച് ജനന രജിസ്റ്ററിൽ ചേർക്കാൻ കഴിയുമോ?*

ആദ്യമായി രജിസ്റ്ററിൽ പേരു ചേർക്കുമ്പോൾ സ്കൂൾ രേഖയിലോ മറ്റ് ഔദ്യോഗിക രേഖകളിലോ രേഖപ്പെടുത്തിയിട്ടുള്ള പേരിലെ ഇനിഷ്യൽ വികസിപ്പിച്ച് ചേർക്കാൻ സാധിക്കും. എന്നാൽ ഒരിക്കൽ പേര് ചേർത്തു കഴിഞ്ഞാൽ അതിലെ ഇനിഷ്യൽ വികസിപ്പിക്കാനോ ചുരുക്കാനോ സാധിക്കില്ല.

*കുട്ടിയുടെ ജനന രജിസ്ട്രേഷനിൽ ഒരു പേര് ചേർത്തു. എന്നാൽ പിന്നീട് സ്കൂളിൽ ചേർത്തപ്പോൾ മറ്റൊരു പേരാണ് നൽകിയത്. ഇപ്പോൾ കുട്ടി ഒരു പുതിയ പേരിലാണ് അറിയപ്പെടുന്നത്. ഈ പേരു മാറ്റം രജിസ്ട്രേഷനിൽ വരുത്താൻ കഴിയുമോ?*

ഒരിക്കൽ ചേർത്ത പേര് പിന്നീട് മാറ്റാൻ കഴിയില്ല. എന്നാൽ അറിയപ്പെടുന്ന പേര് ഇതോടൊപ്പം ചേർക്കാം. സ്കൂൾ രേഖപ്രകാരം കുട്ടിയുടെ അറിയപ്പെടുന്ന പേര് രജിസ്റ്ററിൽ ചേർത്ത പേരിനൊപ്പം ചേർക്കണം. (ഉദാ: സിന്ധു എന്ന മാളവിക കെ.എൻ – Sindhu alias Malavika K.N)

*മാതാപിതാക്കൾ ജീവിച്ചിരിപ്പില്ലെങ്കിൽ എങ്ങനെ പേരു ചേർക്കാൻ കഴിയും?*

ജനന രജിസ്റ്ററിൽ പേരു ചേർക്കാൻ മാതാപിതാക്കളുടെ രേഖാമൂലമുള്ള സംയുക്താപേക്ഷ വേണമെന്നു പറഞ്ഞല്ലോ? മാതാപിതാക്കളിൽ ഒരാൾ ജീവിച്ചിരിപ്പില്ലെങ്കിൽ അത് ബോദ്ധ്യപ്പെടുത്തി അതായത്, മരണ സർട്ടിഫിക്കറ്റ് ഹാജരാക്കി മറ്റേയാളുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ പേരു ചേർക്കാം. കുട്ടിക്ക് പ്രായപൂർത്തിയായിട്ടുണ്ടെങ്കിൽ കുട്ടിയുടെ അപേക്ഷയുടെ അടിസ്ഥാനത്തിലും മാതാപിതാക്കൾ രണ്ടുപേരും മരണപ്പെട്ട സംഗതിയിൽ രക്ഷകർത്താവിന്റെ അപേക്ഷപ്രകാരവും പേരു ചേർക്കാം.

*ജനനതീയതി തിരുത്താൻ കഴിയുമോ?*

ജനനവും മരണവും ഒരിക്കൽ മാത്രം നടക്കുന്നതാണ്. ആ തീയതി ഒരു കാരണവശാലും മാറ്റാൻ ആർക്കും തന്നെ സാധിക്കുകയില്ല. ജനനമരണ രജിസ്ട്രേഷനുകളിലെ തെറ്റിപ്പോയ ഏതൊരു എൻട്രിയും തിരുത്താൻ സാധിക്കും. എന്നാൽ മറ്റൊരു രേഖയിലുള്ളതുപോലെ അവയിൽ മാറ്റം വരുത്താൻ സാധിക്കില്ല. ജനനത്തീയതി തിരുത്തുന്നതിനുള്ള ആവശ്യം സാധാരണയായി വരുന്നത് സ്കൂൾ രേഖയിലും മറ്റും തെറ്റായ തീയതി ജനനതീയതിയായി ചേർക്കുന്നതുമൂലമാണ്. ഇത് അനുവദനീയമല്ല. എന്നാൽ യഥാർത്ഥ ജനന തീയതി രേഖപ്പെടുത്തിയതിൽ –റിപ്പോർട്ടു ചെയ്തതിൽ–തെറ്റുപറ്റിയിട്ടുണ്ടെങ്കിൽ തിരുത്താൻ സാധിക്കും. ഉദാഹരണമായി രാത്രി 12 മണിക്കുശേഷം നടക്കുന്ന ജനനം തലേദിവസത്തെ തീയതിയിൽ നൽകുന്നത്. ഇത് തെളിയിക്കുന്നതിനുള്ള വ്യക്തവും കൃത്യവുമായ രേഖകൾ ഉണ്ടായിരിക്കണം.

*റോഡപകടങ്ങളിൽ മരിക്കുന്നത്, ആത്മഹത്യ, വാഹനങ്ങളിൽ നടക്കുന്ന മരണം ഇവ എങ്ങനെ രജിസ്റ്റർ ചെയ്യും?*

റോഡപകടത്തിന്റെ മരണ റിപ്പോർട്ട് നൽകേണ്ടത് പോലീസാണ്. ആത്മഹത്യ മൂലമുള്ള മരണം നടക്കുന്നത് വീട്ടിലാണെങ്കിൽ ഗൃഹനാഥനും സ്ഥാപനങ്ങളിലാണെങ്കിൽ പോലീസും ആണ് റിപ്പോർട്ട് നൽകേണ്ടത്.


സഞ്ചരിക്കുന്ന വാഹനങ്ങളിൽ വച്ച് നടക്കുന്ന ജനനം/മരണം, വാഹനം ആദ്യം നിർത്തുന്ന സ്ഥലത്താണ് റിപ്പോർട്ട് ചെയ്യേണ്ടത്. വാഹനത്തിന്റെ ചാർജ്ജുള്ള ആൾ ആണ് വിവരം അറിയിക്കേണ്ടത്

*ഗസറ്റ് വിജ്ഞാപനം നൽകി പേര് മാറ്റിയാൽ അത് ജനന/മരണ സർട്ടിഫിക്കറ്റിൽ ഉൾപ്പെടുത്താൻ കഴിയുമോ?*

ജനനം നടക്കുന്ന അല്ലെങ്കിൽ മരണം നടക്കുന്ന സമയത്തുള്ള വിവരങ്ങളാണ് രജിസ്ട്രേഷനിൽ ചേർക്കേണ്ടത്. അതനുസരിച്ചാണ് ജനന മരണ സർട്ടിഫിക്കറ്റുകൾ തയ്യാറാക്കുന്നത്. പിന്നീട് ഗസറ്റ് വിജ്ഞാപനം നൽകി പേരു മാറ്റിയാൽ അത് രജിസ്ട്രേഷനിൽ തിരുത്താൻ സാധിക്കില്ല. സർട്ടിഫിക്കറ്റുകളിലും ഉൾപ്പെടുത്താൻ സാധിക്കുകയില്ല. ■

*തയ്യാറാക്കിയത്: ജനന മരണ വിഭാഗം, പഞ്ചായത്ത് ഡയറക്ടറേറ്റ്*

എം. ഹരിദാസൻ



# സുസ്ഥിര ആരോഗ്യം യോഗവിദ്യയിലൂടെ...

മനസ്സമാധാനവും രോഗശാന്തിയും നാമെല്ലാം ആഗ്രഹിക്കുന്നു. എന്നാൽ ഇവ രണ്ടും നമ്മെ കൈവിട്ടുകൊണ്ടിരിക്കുന്നു. എന്തുകൊണ്ട്? തെറ്റായ ജീവിതരീതിയും അമിതമായ മാനസിക സംഘർഷവും നമ്മെ മാറാവ്യാധികളുടെ പിടിയിലൊതുക്കുന്നു. പ്രമേഹവും, രക്തസമ്മർദ്ദവും ഇന്ന് പുതിയ തലമുറയുടെ കൂടപ്പിറപ്പായി മാറിയിരിക്കുന്നു. ഈ രക്തസമ്മർദ്ദം നിയന്ത്രിക്കാതിരുന്നാൽ നമുക്ക് ഹൃദ്രോഗവും പക്ഷാഘാതവും വൃക്കരോഗവും മസ്തിഷ്കാഘാതവും ഉണ്ടാകാവുന്നതാണ്. രക്തത്തിലെ ഗ്ലൂക്കോസിനെ വിഘടിപ്പിച്ച് ഊർജ്ജമാക്കി മാറ്റാൻ സഹായിക്കുന്ന ഇൻസുലിന്റെ ഉൽപാദനം കുറയുന്നതാണ് പ്രമേഹത്തിന് മുഖ്യ കാരണം. ഇത് രണ്ടിനും ചികിത്സ അത്യാവശ്യമാണ്. എന്നാൽ ചികിത്സകൊണ്ട് ഇതിന്റെ മൂലകാരണങ്ങൾ ഇല്ലാതാക്കാൻ സാധിക്കുന്നില്ല. ആയതിനാൽ മരുന്നില്ലാതെ ഈ രോഗങ്ങൾ നിയന്ത്രിക്കുന്നതാണ് ഉത്തമം. ഇവിടെയാണ് നമ്മുടെ പൈതൃക സമ്പത്തായ യോഗയുടെ പ്രസക്തി. യോഗാസനം, സൂര്യനമസ്കാരം, പ്രാണായാമം, ധ്യാനം എന്നിവയിലൂടെ രോഗ പ്രതിരോധ ശക്തി വർദ്ധിപ്പിച്ച് ശാന്തിയും സമാധാനവും നൽകി ആരോഗ്യപൂർണ്ണമായ ഒരു ജീവിതം നയിക്കാമെന്ന് ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടുള്ളതാണ്.

പല മാറാവ്യാധികൾക്കും യോഗയിലൂടെ പരിഹാരം കാണാൻ കഴിയും. ഇത് മനസ്സിനേയും ശരീരത്തേയും ശുദ്ധീകരിക്കുന്നു. ഹഠയോഗ പരിശീലനത്തിലൂടെ ശരീരത്തിലെ മാലിന്യങ്ങൾ നീക്കം ചെയ്യപ്പെടുമ്പോൾ മനുഷ്യ ശരീരത്തിന്റെ നാഡീവ്യൂഹങ്ങളുടെ പ്രവർത്തനം ത്വരിതപ്പെടുന്നു. പ്രധാന നാഡികളിലുണ്ടാകുന്ന തടസ്സങ്ങൾ നീക്കം ചെയ്യപ്പെടുകയും തലച്ചോറിലേയ്ക്കുള്ള വൈദ്യുത പ്രവാഹം സുഗമമാക്കുകയും ചെയ്യുന്നു. ഇന്ന് ആധുനിക മനുഷ്യന്റെ ആരോഗ്യ സംരക്ഷണ വിദ്യയായി മാറിയിരിക്കുകയാണ് യോഗവിദ്യ. അമേരിക്കൻ ജനത ഇതിനെ ജീവൻ രക്ഷാ മാർഗ്ഗമായി കാണുന്നു.

ഗ്യാസ് ട്രബിൾ, പ്രമേഹം, മലബന്ധം, നടുവേദന, രക്തസമ്മർദ്ദം, വാതം, ശീഘ്രസ്കലനം, ലൈംഗികശേഷിക്കുറവ്, അമിത വണ്ണം, വിഷാദരോഗം, ഉറക്കമില്ലായ്മ, മൂത്രാശയകല്ല്, വെരിക്കോസ് വെയിൻ, മൂലക്കുരു, പ്രോസ്റ്റേറ്റ് ഗ്ലാന്റ് വീക്കം, ആർത്തവ പ്രശ്നങ്ങൾ, ആസ്ത്മ, അലർജി, സൈനസൈറ്റിസ് തുടങ്ങിയ നിരവധി അസുഖങ്ങൾക്ക് താഴെപറയുന്ന ആസനങ്ങൾ സ്ഥിരമായി ശീലിക്കുന്നത് വളരെ ഫലപ്രദമായിരിക്കും. ശവാസനം, ഉത്ഥിത പാദാസനങ്ങൾ, മേരുദണ്ഡാസനം, പവനമുക്താസനം, ശലഭാസനം, ഭുജംഗാസനം, ധനുരാസനം, സർവ്വാംഗാസനം, മത്സ്യാസനം, ഹലാസനം, വജ്രാസനം, പശ്ചിമോത്താനാസനം, സുപ്തവജ്രാസനം, പത്മാസനം, അർദ്ധമത്സ്യേന്ദ്രാസനം, യോഗമുദ്ര, തൃകോണാസനം തുടർന്ന് സൂര്യനമസ്കാരവും ലഘു പ്രാണായാമങ്ങളും.

### യോഗയും ഹൃദയത്തിന്റെ പ്രവർത്തനവും

ശരീരത്തിലെ രക്തചംക്രമണ വ്യവസ്ഥ പരിപോഷിപ്പിച്ച് എല്ലാ കോശങ്ങളിലും ശുദ്ധരക്തം എത്തിക്കുന്നതിന് യോഗാസനങ്ങൾക്കുള്ള പങ്ക് വളരെ വലുതാണ്. ധമനികളിൽ കൂടിയുള്ള രക്തത്തിന്റെ ഒഴുക്ക് സുഗമമാക്കുന്നതിലൂടെ ധമനികളിൽ അടിഞ്ഞുകൂടുന്ന കൊഴുപ്പ് ഇല്ലാതാക്കി ആർട്ടീരിയോ ക്ലീറോസിസ് എന്ന മുഖ്യ രോഗത്തെ ഇല്ലാതാക്കാൻ സഹായിക്കുന്നു. (രക്ത ധമനികളുടെ ഉൾഭാഗം തടിച്ച് ദ്വാരം ചെറുതാകുമ്പോൾ രക്തം പ്രവഹിക്കു




സൂര്യ നമസ്ക്കാരം

ന്നതിന് ഹൃദയത്തിന് അമിത ശക്തി ഉപയോഗിക്കേണ്ടിവരുന്ന അവസ്ഥ- അഥവാ ഹൃദ്രോഗ കാരണം.)

### യോഗയും അന്തസ്രാവ ഗ്രന്ഥികളും


അന്തസ്രാവ ഗ്രന്ഥികളായ പിറ്റ്യൂട്ടറി, തൈറോയിഡ്, പാരാതൈറോയിഡ്, തൈമസ്, അഡ്രിനൽ, പാൻക്രിയാസ്, തുടങ്ങിയ ഗ്രന്ഥികളുടെ പ്രവർത്തനത്തേയും അത് വഴി അവ ഉൽപ്പാദിപ്പിക്കപ്പെടുന്ന ഹോർമോണിന്റെ അളവിലുണ്ടാകുന്ന വർദ്ധനവ് നമ്മുടെ ആരോഗ്യത്തേയും, ജീവനേയും, വ്യക്തിത്വത്തേയും ഏറെ സഹായിക്കുന്നുണ്ട്. സർവ്വാംഗാസനം പോലുള്ള ആസനങ്ങൾ തൈറോയിഡ് ഗ്രന്ഥിയുടെ പ്രവർത്തനം ത്വരിതപ്പെടുത്തി യുവത്വം നിലനിർത്തുന്നതിനും വാർദ്ധക്യസഹജമായ അസുഖങ്ങൾ കുറയ്ക്കുന്നതിനും ദഹനക്കേട്, അപ്പന്റിസൈറ്റിസ് എന്നിവ ഇല്ലാതാക്കുന്നതിനും സഹായിക്കുന്നു.

### യോഗയും നട്ടെല്ലും

യോഗാസനങ്ങൾ മിക്കതും നട്ടെല്ലിനെ ബലപ്പെടുത്തുന്നു. നട്ടെല്ലിന്റെ ആരോഗ്യ സംരക്ഷണം ഒരു മുഖ്യ വിഷയമാണ്. നട്ടെല്ലിന്റെ ചലനം കുറയുമ്പോൾ ആ ഭാഗത്ത് രക്തപ്രവാഹം കുറയുകയും മാംസ പേശികളുടെ പ്രവർത്തനം തടസ്സപ്പെടുകയും ചെയ്യുന്നു. മേരുദണ്ഡാസനം, ശലഭാസനം, ഭുജാംഗാസനം, ധനുരാസനം, തൃകോണാസനം, അർദ്ധമന്ത്രാസനം തുടങ്ങിയവ നട്ടെല്ലിന്റെ ആരോഗ്യം സംരക്ഷിക്കുന്നതിൽ പ്രധാന പങ്ക് വഹിക്കുന്നു. ആരോഗ്യമുള്ള നട്ടെല്ല് ആരോഗ്യമുള്ള ശരീരത്തിന്റെ ലക്ഷണമായി കാണുന്നു.

### യോഗയും വിദ്യാർത്ഥികളും

ഹൈസ്ക്കൂൾ തലം തൊട്ട് സ്ക്കൂളുകളിൽ യോഗ പരിശീലിപ്പിക്കുന്നത് നമ്മുടെ വിദ്യാർത്ഥികളിൽ അഭൂതപൂർവ്വമായ മാറ്റങ്ങൾ ഉണ്ടാക്കിയെടുക്കുന്നതിന് സഹായിക്കും. കുട്ടികളിൽ കാണുന്ന അലസത, ഓർമ്മക്കുറവ്, കർമ്മശേഷിയില്ലായ്മ എന്നിവ അകറ്റി മെച്ചപ്പെട്ട ഒരു തലമുറയെ വാർത്തെടുക്കാൻ യോഗ പരിശീലനം കൊണ്ട് സാധിക്കും. കൂടാതെ സാത്വിക ഭാവം വളർത്തുന്നതിനും യോഗയ്ക്ക് പ്രധാന പങ്കുണ്ട്. ആരോഗ്യ രംഗത്ത് കോടികൾ ചെലവഴിക്കുന്ന നമ്മുടെ സർക്കാർ ഈ രംഗത്ത് മതിയായ ശ്രദ്ധ കേന്ദ്രീകരിക്കുകയാണെങ്കിൽ തുച്ഛമായ ചെലവിൽ മാനവശേഷി വികസനം സാധ്യമാക്കുന്നതിനും അതുവഴി ഇംഗ്ലീഷ് മരുന്നിന്റെ പാർശ്വ ഫലങ്ങളിൽനിന്നും യുവതലമുറയെ രക്ഷപ്പെടുത്താനും സഹായകരമായിരിക്കും. ആർഷ ഭാരതത്തിന്റെ പൈതൃക സമ്പത്തായ യോഗയും, സൂര്യനമസ്ക്കാരവും പ്രാണായാമവും ഉൾപ്പെടുന്ന ഒരു പാഠ്യ പദ്ധതി നമ്മുടെ സ്ക്കൂളുകളിൽ നടപ്പിലാക്കേണ്ടത് അത്യാവശ്യമാണ്. ഇത്തരം അനുഷ്ഠാനങ്ങൾ സ്വർണ്ണത്തേക്കാൾ മൂല്യമുള്ളതാണെന്ന തിരിച്ചറിവ് നമ്മുടെ വിദ്യാഭ്യാസ കരിക്കുലം കമ്മിറ്റിക്ക് ഉണ്ടാകേണ്ടതുണ്ട്. സ്കൂളുകളിൽ നിത്യവും ഒരു പിരീഡ് ഇതിനായി മാറ്റിവെച്ച് ഇതിന്റെ അത്ഭുത ഫലപ്രാപ്തി അനുഭവിച്ചറിയാവുന്നതാണ്. ഇത് നമ്മുടെ വിദ്യാർത്ഥികളിൽ ഒരു പുത്തൻ ഉണർവ്വും, ആവേശവും പകരുന്നതോടൊപ്പം ആരോഗ്യം സംരക്ഷിക്കപ്പെടുകയും ചെയ്യുന്നു.



### യോഗയും വൃദ്ധജനങ്ങളും

യോഗ വിദ്യക്ക് പ്രായം ഒരു തടസ്സമല്ല. യുവാവിനും, വൃദ്ധനും, അതിവൃദ്ധനും, രോഗിക്കും യോഗ പരിശീലിക്കാം എന്ന് ഗ്രന്ഥങ്ങളിൽ പറയുന്നുണ്ട്. വാർദ്ധക്യ സഹജമായ അസുഖങ്ങളിൽപെട്ട് വിഷമിക്കുന്നവർ ഒട്ടും വ്യാകുലപ്പെടേണ്ടതില്ല. പ്രായം എത്രയുമായിക്കൊള്ളട്ടെ, കൃത്യമായ യോഗാസനം ശീലിക്കൂ. അത് നിങ്ങളിൽ അത്ഭുതകരമായ മാറ്റങ്ങൾ ഉളവാക്കും എന്നതിന് സംശയമില്ല.

### സൂര്യ നമസ്ക്കാരം

യോഗാസനവും പ്രാണായാമവും ഉൾപ്പെട്ട ഒരു അനുഷ്ഠാന ക്രമമാണ് സൂര്യ നമസ്കാരം. വളരെ പ്രാചീന കാലം തൊട്ട് അനുഷ്ഠിച്ചു വരുന്ന ക്രിയയാണിത്. ശ്വാസ കോശങ്ങളെ ബലപ്പെടുത്തുന്നത് അതു വഴി ആസ്ത്മ, അലർജി, സൈനസൈറ്റിസ് എന്നിവയ്ക്ക് ശാശ്വത പരിഹാരം ലഭിക്കുന്നു. സന്ധിബന്ധങ്ങൾക്ക് വേണ്ടത്ര അയവ് വരുത്തി രക്ത സഞ്ചാരം വർദ്ധിപ്പിക്കുന്നതിനും ശരീരത്തിലെ അമിത കൊഴുപ്പ് ഇല്ലാതാക്കി ആരോഗ്യവും സൗന്ദര്യവും വർദ്ധിപ്പിക്കുന്നതിന് സൂര്യ നമസ്കാരത്തിനുള്ള കഴിവ് അപാരമാണ്. ഭൂമിയിൽ ഊർജ്ജത്തിന്റെ സ്രോതസ്സായ സൂര്യനെ നോക്കി രാവിലേയും വൈകുന്നേരവും ചെയ്യാവുന്ന ഏതാനും ആസനങ്ങളുടെ സങ്കലനമാണ് സുര്യ നമസ്കാരം. ഇതിന് 12 ചുവടുകളുണ്ട്. കൃത്യമായി നമസ്സും, ശ്വസനവും, ചലനവും കോർ ത്തിണക്കിക്കൊണ്ട് സൂര്യ നമസ്കാരം ശീലമാക്കിയാൽ ഫലം സുനിശ്ചിതമാണ്. സൂര്യനമസ്കാരത്തിന്റെ വിവിധ ഘട്ടങ്ങൾ രേഖാചിത്രത്തിൽ കാണിച്ചിട്ടുണ്ട്.



ആരോഗ്യ രംഗത്ത് ഇന്ന് നടപ്പിലാക്കി വരുന്ന പബ്ലിക്ക് ഹെൽത്ത് സെന്ററുകൾ, ഹോമിയോ ഡിസ്പെൻസറികൾ ആയുർവ്വേദ ഡിസ്പെൻസറികൾ, എന്നിവ പോലെ യോഗ സെന്ററുകളും പഞ്ചായത്ത് തലത്തിൽ ഉണ്ടാകണം. അങ്ങനെ വന്നാൽ ആരോഗ്യ രംഗത്ത് സർക്കാരിന്റെ ചെലവ് ഏറെ കുറയ്ക്കാൻ സാധിക്കും. കൂടാതെ ജയിലുകളിലും ഇതിന്റെ ആവശ്യകത ഏറി വരികയാണ്. ആരോഗ്യ രംഗത്ത് ഒരു പുത്തൻ ഉണർവ്വ് ഉണ്ടാക്കിയെടുക്കാൻ ഇത് സാധിക്കും എന്നതിൽ സംശയമില്ല.

ലോകത്തിൽ മറ്റൊരു വ്യായാമത്തിനും യോഗവിദ്യയുടെ കഴിവില്ല. ""Yoga is the King of all exercises". ശരീരത്തിൽ രോഗം വരാതിരിക്കാനും വന്ന രോഗത്തെ പുറംതള്ളി ശരീരത്തേയും മനസ്സിനേയും സ്വസ്ഥതയിലാക്കി ശാന്തവും സുഖകരവുമായ ജീവിതം നയിക്കാൻ യോഗാസനം പ്രയോജനപ്പെടുന്നു. ■

READY FOR SALE

SWAMY LAW SERIES

LAW OF REGISTRATION OF

BIRTHS DEATHS & MARRIAGES

CORRECTION OF DATE OF BIRTHS

CHANGE OF NAME, RELIGION AND COMMUNITY

ISSUE OF NON-CREAMY LAYER & COMMUNITY CERTIFICATES

Edited by S. SANTHOSH KUMAR
ADVOCATE, ERNAKULAM.

THIRD EDITION 2009

CONTENTS OF THE BOOK

REGISTRATION OF BIRTHS & DEATHS : *THE REGISTRATION OF BIRTHS AND DEATHS ACT, 1969 & KERALA RULES *ALL NOTIFICATIONS & CIRCULARS REGISTRATION OF MARRIAGES : *KERALA REGISTRATION OF MARRIAGES (COMMON) RULES, 2008 [ENG. & MALA.] *DEPARTMENT CIRCULARS *SPECIAL MARRIAGE ACT [Relevant Provisions] & KERALA RULES *HINDU MARRIAGE ACT [Relevant Provisions] *KERALA HINDU MARRIAGE REGISTRATION RULES *INDIAN CHRISTIAN MARRIAGE ACT *COCHIN CHRISTIAN CIVIL MARRIAGE ACT *BIRTHS, DEATHS & MARRIAGES REGISTRATION ACT CORRECTION OF DATE OF BIRTH IN SERVICE BOOKS & SCHOOL RECORDS // CHANGE OF NAME, RELIGION AND COMMUNITY ISSUE OF NON-CREAMY LAYER & COMMUNITY CERTIFICATES *GUIDELINES TO IDENTIFY THE CREAMY LAYER AMONG THE BACK-WARD CLASSES IN KERALA *AMENDMENTS TO CREAMY LAYER GUIDE-LINES *REVISION OF INCOME CRITERIA FOR CREAMY LAYER BY CENTRAL GOVT. *CASTE STATUS OF CHILDREN OF INTER CASTE MARRIED COUPLES *VALIDITY PERIOD OF CERTIFICATES AND APPLICATION FORMS *THE KERALA (SC&ST) REGULATION OF ISSUE OF COMMUNITY CERTIFICATES ACT & RULES *ALL NOTIFICATIONS & CIRCULARS *NOTES *SUBJECT INDEX

*378 PAGES *PRICE RS. 250/-

SO AS TO GET THE BOOK

PLEASE SEND BOOK PRICE ONLY BY M.O. OR DD IN FAVOUR OF 'SWAMY LAW HOUSE, ERNAKULAM'. BOOK WILL BE DESPATCH BY COURIER.
PLEASE MENTION YOUR ADDRESS WITH TELE. NO. FOR COURIER PURPOSE. ALSO, WE SEND BOOKS BY VPP. (POSTAGE CHARGE FREE)

DISTRIBUTORS

SWAMY LAW HOUSE
LAW BOOK SELLERS AND PUBLISHERS
DORAISWAMY IYER ROAD, (OPP. MY-KINGDOM SHOWROOM M.G.ROAD), KOCHI - 35.
PH : 0484 2361341, 2366285. FAX : 2366285

SWAMY LAW BOOK HOUSE
LAW BOOK SELLERS
ROOM NO. 5, INFANT JESUS BUILDING 3, HIGH COURT VIEW, HIGH COURT ROAD, KOCHI - 17. MOB : 9446061341

## ബയോഡൈവേഴ്സിറ്റി മാനേജ്മെന്റ് കമ്മിറ്റി രൂപീകരണം

**GOVERNMENT OF KERALA**

## Abstract

Local Self Government Department - Constitution of Biodiversity Management Committee (BMCs) - Sanction accorded - Orders issued.

**LOCAL SELF GOVERNMENT (DA) DEPARTMENT**

**G.O.(MS) 86/08/LSGD Dated, Thiruvananthapuram 18.03.2008**

Read:- 1. G.O.(Rt).No.1589/07/LSGD dated 5.06.2007
2. Letter No. 92/BMC/2008 dated 2.2.2008 of Chairman, Kerala State Biodiversity Board

### ORDER

As per G.O read as first paper above Biodiversity Management Committee has been constituted in the pilot Village Panchayats viz Vithura (Thiruvananthapuram), Kumarakam (Kottayam), Malampuzha (Palakkad), Chirakkal (Kannur) and Neeleswaram (Kasaragode), under the provisions of National Biological Diversity Act 2002.

In the letter read as second paper above the Chairman, Kerala State Biodiversity Board has requested to constitute Biodiversity Management Committee in all Village Panchayats, Municipalities and Corporations in order to start the preparation of the People's Biodiversity Register for their respective jurisdictions.

After examining the matter in detail, Government are pleased to accord sanction for constituting a Biodiversity Management Committee in all the Village Panchayats, Municipalities and Corporations with the following structure.

| | | |
|---|---|---|
| 1. Chairperson | : | President of the Panchayat/Chairperson of the Municipality/Mayor of the Corporation. |
| 2. Secretary | : | Agriculture Officer |
| 3.Six nominees | : | To be nominated by the Local Governments from among agriculturists, herbalists, Non-Timber forest Produces collectors/ traders, fisher folk, representative of user associations, community workers, academicians and any person/ representative of organizations, whom the localgovernments consider that he/she can significantly contribute to the mandate of the Biodiversity Management Committee |
| 4. Special Invitees | : | Representative of the departments of Forest & Wildlife, Animal Husbandry, Health, Fisheries, Education and Research Institutions and Local MLA and MP. |


The nominees should include at least two women and one from among SC/ST communities.

By Order of the Governor
**S.M. Vijayanand**
Principal Secretary

*(Panchayat News Service)*

പഞ്ചായത്ത് അക്കൗണ്ട്
ചോദ്യങ്ങളും ഉത്തരങ്ങളും
6

മറുപടി തയ്യാറാക്കിയത് : ഉദയഭാനു കണ്ടേത്ത്
ഓഡിറ്റ് കൺസൾട്ടന്റ്
മൊബൈൽ 9447454221



# പഞ്ചായത്ത് അക്കൗണ്ട് : ചോദ്യങ്ങളും ഉത്തരങ്ങളും

*ചോദ്യം 1: ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിച്ചെലവുകൾക്ക് ഗ്രാമപഞ്ചായത്തുകൾക്കുള്ള ഫണ്ട് ബ്ലോക്ക് പഞ്ചായത്ത് മുഖേനയാണ് വിതരണം ചെയ്യുന്നത്. ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറുന്ന ഫണ്ട് സംബന്ധിച്ച വരവും ചെലവും ബ്ലോക്ക് പഞ്ചായത്തിന്റെ അക്കൗണ്ടിൽ റവന്യൂ ഹെഡിലാണോ ഋണശീർഷഹെഡിലാണോ രേഖപ്പെടുത്തേണ്ടത്.? ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ബ്ലോക്ക് പഞ്ചായത്ത് യാതൊരു പ്രവൃത്തിയും ഏറ്റെടുത്ത് നടത്തുന്നില്ല. എന്നാൽ ബ്ലോക്ക് പഞ്ചായത്തിൽ നിയമിക്കപ്പെട്ട അക്രഡിറ്റഡ് എഞ്ചിനിയർ, അക്കൗണ്ടന്റ്- കം-കമ്പ്യൂട്ടർ ഓപ്പറേറ്റർ എന്നിവരുടെ വേതനവും പരിശീലന പരിപാടികൾക്കുള്ള ചെലവും പ്രസ്തുത ഫണ്ടിൽനിന്ന് ബ്ലോക്ക് പഞ്ചായത്ത് നേരിട്ട് ചെലവഴിക്കുന്നു. ഈ ചെലവ് ഏത് ക്ലാസിഫിക്കേഷൻ പ്രകാരമാണ് രേഖപ്പെടുത്തേണ്ടത് എന്നുകൂടി വിശദീകരിച്ചുതരാൻ അപേക്ഷ.*

*എസ്. മേഘനാദൻ, യു.ഡി. ക്ലാർക്ക്, ബ്ലോക്ക് പഞ്ചായത്ത് ഓഫീസ്, വടകര പി.ഒ., ചോമ്പാല*

ഉത്തരം:- ഗ്രാമപഞ്ചായത്തുകൾക്ക് ദേശീയതൊഴിലുറപ്പു പദ്ധതി പ്രകാരം ലഭിക്കേണ്ട തുക മൊത്തമായി ബ്ലോക്ക് പഞ്ചായത്തിനു ലഭിക്കുകയും ബ്ലോക്ക് പഞ്ചായത്ത് പ്രസ്തുത തുക ഗ്രാമപഞ്ചായത്തുകൾക്ക് വീതിച്ചു നൽകുകയും ചെയ്യുന്ന സാഹചര്യത്തിൽ ഉയരുന്ന ചോദ്യമാണ് മുകളിൽ നൽകിയിരിക്കുന്നത്. ഇപ്രകാരമുള്ള തുകയിൽ ഒരു ഭാഗം അക്രഡിറ്റ് എഞ്ചിനീയർ അക്കൗണ്ടന്റ്-കം-കംപ്യൂട്ടർ ഓപ്പറേറ്റർ എന്നിവർക്കുള്ള വേതനവും പരിശീലന പരിപാടികൾക്കുള്ള ചെലവുമായി ബ്ലോക്ക് പഞ്ചായത്ത് നേരിട്ട് ചെലവഴിക്കുകയും ചെയ്യുന്നു.

**(i) ബ്ലോക്ക് പഞ്ചായത്തിനു ചെക്ക് ആയി ഫണ്ട് ലഭിക്കുമ്പോൾ**

"8443-800-80 മറ്റിനങ്ങൾ' എന്ന് ക്ലാസിഫിക്കേഷൻ നൽകി കാഷ്ബുക്കിൽ വരവ് ഭാഗത്ത് കാഷ് കോളത്തിൽരേഖപ്പെടുത്തുന്നു. വരവ് രജിസ്റ്ററിൽ പോസ്റ്റ് ചെയ്യുന്നു. ഇപ്രകാരം ഋണശീർഷക്കണക്കിൽ വരവ് ഉൾപ്പെടുത്തുന്നു.

**(ii) ചെക്ക് ബാങ്കിൽ നിക്ഷേപിക്കുമ്പോൾ**

കാഷ്ബുക്കിൽ ചെലവ് ഭാഗത്ത് കാഷ് കോളത്തിൽ തുക രേഖപ്പെടുത്തുന്നു. സി (കോൺട്രാ) എന്ന ക്ലാസിഫിക്കേഷൻ നൽകുന്നു. ഒപ്പം തന്നെ വരവ് ഭാഗത്ത് ബാങ്ക് കോളത്തിൽ രേഖപ്പെടുത്തി വീണ്ടും 'സി' എന്ന് ക്ലാസിഫിക്കേഷൻ നൽകുന്നു. കോൺട്രാ എൻട്രി ആയതിനാൽ വരവ് രജിസ്റ്ററിലും ചെലവ് രജിസ്റ്ററിലും രേഖപ്പെടുത്തുന്നില്ല. എന്നാൽ നിക്ഷേപവിവരം ബന്ധപ്പെട്ട ചെക്ക് ഇഷ്യു രജിസ്റ്ററിൽ രേഖപ്പെടുത്തുന്നു.

**(iii) ഗ്രാമപഞ്ചായത്തിനു ചെക്ക് നൽകുമ്പോൾ**

ചെക്ക് ഇഷ്യു രജിസ്റ്ററിൽ 'തുക പിൻവലിക്കൽ' കോളത്തിൽ എഴുതുന്നു. കാഷ്ബുക്കിൽ ചെലവ് ഭാഗത്ത് ബാങ്ക് കോളത്തിൽ രേഖപ്പെടുത്തുന്നു. '8443-800-80 മറ്റിനങ്ങൾ' ക്ലാസിഫിക്കേഷൻ നൽകുന്നു. ചെലവ് രജിസ്റ്ററിൽ പോസ്റ്റ് ചെയ്യുന്നു. ഇപ്രകാരം ഗ്രാമപഞ്ചായത്തിനു നൽകുന്ന ഫണ്ട് ബ്ലോക്ക് പഞ്ചായത്തിന്റെ അക്കൗണ്ടിൽ ഋണശീർഷക്കണക്കിൽ മാത്രം ഉൾപ്പെടുത്തുന്നു. ഗ്രാമപഞ്ചായത്തിനു നൽകുന്ന ഫണ്ട് ബ്ലോക്ക് പഞ്ചായത്തിന്റെ റവന്യൂ ചെലവിൽ ഉൾപ്പെടുത്തുന്നില്ല.

**(iv) ലഭിച്ച ഫണ്ടിന്റെ ഒരു ഭാഗം ബ്ലോക്ക് പഞ്ചായത്തിന്റെ റവന്യൂ ചെലവായി ഉൾപ്പെടുത്തുന്ന രീതി**

അക്രഡിറ്റ് എഞ്ചിനീയർക്കും അക്കൗണ്ടന്റിനും നൽകുന്ന വേതനവും പരിശീലന പരിപാടിക്കുള്ള ചെലവും ബ്ലോക്ക് പഞ്ചായത്തിന്റെ റവന്യൂ ചെലവാണ്. അതിനാൽ പ്രസ്തുത ചെലവുകൾക്കുള്ള തുകയ്ക്കുവേണ്ടി ട്രാൻസ്ഫർ എൻട്രി തയ്യാറാക്കുന്നു. 8443-800-80 മറ്റിനങ്ങൾ എന്ന ഹെഡിലാണല്ലോ ഫണ്ട് ലഭിച്ചപ്പോൾ വരവ് രേഖപ്പെടുത്തിയിരിക്കുന്നത്. അതിനാൽ പ്രസ്തുത ഹെഡിന് ഡെബിറ്റ് നൽകുന്നു. '1601-02 കേന്ദ്ര സർക്കാരിൽ നിന്നുള്ള പ്ലാൻ ഗ്രാന്റുകൾ 800-80' മറ്റിനങ്ങൾ എന്ന ഹെഡിന് ക്രെഡിറ്റും നൽകുന്നു.

ട്രാൻസ്ഫർ എൻട്രിക്ക് വൗച്ചർ നമ്പർ നൽകി ഡെബിറ്റ് തുക കാഷ്ബുക്കിൽ കാഷ് കോളത്തിൽ രേഖപ്പെടുത്തുന്നു. തുടർന്ന് ചെലവ് രജിസ്റ്ററിൽ '8443-800-80 മറ്റിനങ്ങൾ' എന്ന കോളത്തിൽ ചെലവ് രേഖപ്പെടുത്തുന്നു. തുടർന്ന് അതേ വൗച്ചർ നമ്പറിൽ കാഷ്ബുക്കിൽ വരവ് ഭാഗത്ത് കാഷ് കോളത്തിൽ തുക രേഖപ്പെടുത്തുന്നു. വരവ് രജിസ്റ്ററിൽ '1601-02-800-80 മറ്റിനങ്ങൾ' എന്ന കോളത്തിൽ പോസ്റ്റ് ചെയ്യുന്നു. ഇപ്പോൾ ബ്ലോക്ക് പഞ്ചായത്ത് ചെലവഴിക്കാനുള്ള തുക റവന്യൂവരവായി രേഖപ്പെടുത്തിക്കഴിഞ്ഞു.

തുടർന്ന്, ചെലവിനുവേണ്ടി കണ്ടിജന്റ് ബിൽ തയ്യാറാക്കുന്നു. പ്രസിഡന്റിന്റെ ഓതറൈസേഷൻ വാങ്ങുന്നു. ബില്ലിന് '2505-ഗ്രാമീണ തൊഴിൽ-01-800-60 മറ്റു പരിപാടികൾ' എന്ന് ക്ലാസിഫിക്കേഷൻ നൽകുന്നു. ചെക്ക് എഴുതി ചെക്ക് ഇഷ്യു രജിസ്റ്ററിലും കാഷ് ബുക്കിൽ ചെലവ് ഭാഗത്തും രേഖപ്പെടുത്തുന്നു. തുടർന്ന് ചെലവ് രജിസ്റ്ററിലും പോസ്റ്റ് ചെയ്യുന്നു.

**(v) ശ്രദ്ധിക്കേണ്ട മറ്റൊരു കാര്യം**

കേന്ദ്രാവിഷ്കൃത പരിപാടികൾ പൂർണമായോ ഭാഗികമായോ മറ്റു പരിപാടികളെ പോലെതന്നെ, ബ്ലോക്ക് പഞ്ചായത്താണ് നടപ്പാക്കുന്നത്. ഒരു പക്ഷേ ചെക്ക് ലഭിക്കുന്നത് ബി ഡി ഒ എന്ന പേരിലായിരിക്കാം. ആ ഒരു കാരണംകൊണ്ട് ദേശീയ തൊഴിലുറപ്പു പദ്ധതിയുടെ വരവുംചെലവും ബിഡിഒയുടെ ടിആർ 7എ കാഷ്ബുക്കിൽ ഉൾപ്പെടുത്തുന്നത് ശരിയല്ല. ബ്ലോക്ക് പഞ്ചായത്തിന്റെ കാഷ്ബുക്കിലും തുടർന്ന് അക്കൗണ്ടിലും ഉൾപ്പെടുത്തണം.

*ചോദ്യം 2 : 2009 ഏപ്രിൽ മാസത്തെ ലക്കത്തിൽ ഗുണഭോക്തൃവിഹിതം സംബന്ധിച്ച് നിർവഹണ ഉദ്യോഗസ്ഥന്റെ അപേക്ഷപ്രകാരം അഡ്വാൻസായി അനുവദിക്കുകയും ചെലവ് സ്റ്റേറ്റ്മെന്റ് ലഭിക്കുമ്പോൾ നെൽകൃഷിവികസനം എന്ന് ക്ലാസിഫിക്കേഷൻ നൽകുകയും ചെയ്യുന്നതായി പറയുന്നുണ്ട്. എന്നാൽ അഡ്വാൻസ് ക്രമീകരിക്കുന്നതിനെക്കുറിച്ച് പരാമർശിച്ചതായി കണ്ടില്ല. അഡ്വാൻസ് ക്രമീകരിക്കുന്നതിനെക്കുറിച്ച് വിശദീകരിച്ചു തരാനപേക്ഷ.*

ഉത്തരം: അഡ്വാൻസ് ക്രമീകരിക്കുന്നതിനെക്കുറിച്ച് പരാമർശിക്കാൻ വിട്ടുപോയി. അക്കാര്യം ചൂണ്ടിക്കാണിച്ചതിന് നന്ദി. നിർവഹണ ഉദ്യോഗസ്ഥന്റെ ചെലവ് സ്റ്റേറ്റ്മെന്റ് ലഭിക്കുമ്പോൾ പ്രസ്തുത സ്റ്റേറ്റ്മെന്റിനെ ഒരു ജേണൽ വൗച്ചർ ആയി കണക്കാക്കണം. വൗച്ചർ നമ്പർ നൽകി ആദ്യം കാഷ്ബുക്കിന്റെ ചെലവുഭാഗത്ത് കാഷ് കോളത്തിൽ രേഖപ്പെടുത്തണം. നേരത്തേ ചൂണ്ടിക്കാണിച്ചതുപോലെ '2401-00-102-99 നെൽകൃഷി വികസനം' എന്ന് ക്ലാസിഫിക്കേഷൻ നൽകണം; ചെലവ് രജിസ്റ്ററിൽ രേഖപ്പെടുത്തണം. തുടർന്ന് അതേ വൗച്ചർ നമ്പറിൽ കാഷ് ബുക്കിൽ വരവ് ഭാഗത്ത് കാഷ്കോളത്തിൽ തുക രേഖപ്പെടുത്തണം. '8550-00-103-99 നിർവഹണ ഉദ്യോഗസ്ഥർക്കുള്ള അഡ്വാൻസുകൾ' എന്ന് ക്ലാസിഫിക്കേഷൻ നൽകണം. വരവു രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ചെയ്യണം.

ഇപ്രകാരം ചെയ്യുന്നതുവഴി അഡ്വാൻസ് ക്രമീകരിക്കുകയും ചെലവ് യഥാർത്ഥ ഹെഡിൽ രേഖപ്പെടുത്തുകയും ചെയ്യുന്നു. ■



## പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്ത്

## ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി

# പരാതി പരിഹാര അദാലത്ത്

എം.കെ. രാധാകൃഷ്ണൻ നായർ

ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്തിൽ പരാതി പരിഹാര അദാലത്ത് നടത്തി. പത്തനംതിട്ട ജില്ലയിലെ പരമ്പരാഗത കാർഷിക ഗ്രാമമായ പന്തളംതെക്കേക്കര ഗ്രാമപഞ്ചായത്തിൽ 2008–09 വർഷത്തിൽ നടപ്പാക്കാൻ തുടങ്ങിയ ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, കാർഷിക രംഗത്ത് ഇതിനോടകം മെച്ചപ്പെട്ട പുരോഗതി കൈവരിക്കാൻ ഇടയാക്കിയിട്ടുണ്ട്.

പഞ്ചായത്ത് പ്രസിഡന്റ് കെ.തങ്കപ്പന്റെ നേതൃത്വപരമായ പ്രവർത്തനം ഈ പദ്ധതിയുടെ നടത്തിപ്പിന് ഊർജ്ജം പകർന്നു. കുടുംബശ്രീ, എ.ഡി.എസ്സ്., സി.ഡി.എസ്സുകളുടെ യോഗങ്ങൾ വിളിച്ചുകൂട്ടി തൊഴിലുറപ്പ് പദ്ധതിയുടെ സന്ദേശം സാധാരണക്കാരിൽ എത്തിക്കാനും കൂടുതൽ ആൾക്കാരെ രജിസ്റ്റർ ചെയ്ത് തൊഴിൽകാർഡ് നൽകുന്നതിനും മറ്റും ഊർജ്ജിതമായ നടപടികൾ സ്വീകരിച്ചു.

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ടുണ്ടായ പരാതികൾ പരിഹരിക്കുന്നതിന് അദാലത്ത് എന്ന ആശയം നാമ്പിട്ടു. തുടർന്ന് പഞ്ചായത്തു ഹാളിൽവച്ച് എൻ.ആർ.ഇ.ജിയുടെ പരാതി പരിഹാര അദാലത്ത് സംഘടിപ്പിക്കുന്നതിന് അടൂർ താലൂക്ക് ലീഗൽ സർവ്വീസ് സൊസൈറ്റിയുമായി ചേർന്ന് തീരുമാനിക്കുകയും അതിന് ആവശ്യമായ ക്രമീകരണങ്ങൾ പഞ്ചായത്ത് തലത്തിൽ നടത്തുകയും ചെയ്തു. കോടതി നടപടികളെ കുറിച്ച് വേണ്ടത്ര അറിവോ പരിചയമോ ഇല്ലാതിരുന്ന കുടുംബശ്രീ വനിതകൾക്ക് ഇത്തരത്തിൽ സംഘടിപ്പിച്ച അദാലത്ത് ഒരു പുത്തൻ അനുഭവമായിരുന്നു. തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് 12 പരാതികൾ ചുരുങ്ങിയ ദിവസത്തിനുള്ളിൽ തന്നെ അദാലത്തിന്റെ പരിഗണനയ്ക്കായി സമർപ്പിക്കപ്പെട്ടു. അടൂർ താലൂക്ക് ലീഗൽ സർവ്വീസ് സൊസൈറ്റി ഭാരവാഹികളായ പോൾ, മീരാസാഹിബ്ബ് തുടങ്ങിയവർ വേണ്ട ക്രമീകരണങ്ങൾ ചെയ്തു. പന്തളം ജോയിന്റ് ബി.ഡി.ഒ ബാലകൃഷ്ണൻ, അഡ്വക്കേറ്റ് പ്രവീൺ, പഞ്ചായത്ത് വൈസ് പ്രസിഡന്റ് പി.കെ. അനിൽകുമാർ, സെക്രട്ടറി എം.കെ. രാധാകൃഷ്ണൻ നായർ തുടങ്ങിയവർ അദാലത്ത് നടത്തുന്നതിൽ സജീവ പങ്കാളിത്തം വഹിച്ചു.

കൃത്യ സമയത്തിനു മുൻപ് തന്നെ പഞ്ചായത്ത് ആഫീസിൽ അദാലത്തു നടത്തുന്നതിന് അടൂർ ഫസ്റ്റ് ക്ലാസ്സ് ജുഡീഷ്യൽ മജിസ്ട്രേറ്റ് സി. അറുമുഖൻ എത്തിയിരുന്നു. ഓരോ പരാതിക്കാരെയും നേരിൽ കണ്ട് പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും അപ്പപ്പോൾ വിശദീകരണവും കേട്ടതിനുശേഷം പരാതികൾ ഒന്നൊന്നായി തീർപ്പുകൽപ്പിച്ചു. അദാലത്തിന്റെ പരിഗണനയ്ക്കുവന്ന 32 പരാതികൾക്കും തീർപ്പുണ്ടാക്കി. ഒട്ടുമിക്ക പരാതികളും നിശ്ചിത സമയത്തിനുള്ളിൽ വേതനം ലഭിക്കാത്തത് സംബന്ധിച്ചവ ആയിരുന്നു. തൊഴിൽ ഉപകരണങ്ങളുടെ വാടക ലഭിക്കാത്തതും ഫസ്റ്റ് എയ്ഡ് മരുന്നുകളുടെ ലഭ്യതക്കുറവ് തുടങ്ങിയ പരാതികളും ഉണ്ടായിരുന്നു. നിയമാനുസരണം നിശ്ചിത തീയതിക്കുള്ളിൽ തന്നെ എൻ.ആർ.ഇ.ജി.എ വർക്കുകളുടെ വേതന വിതരണം അവരവരുടെ അക്കൗണ്ട് വഴി നൽകുന്നതിന് ശ്രദ്ധിക്കണമെന്ന് മജിസ്ട്രേറ്റ് പ്രത്യേകം നിർദ്ദേശിച്ചു.

തങ്ങളുടെ പരാതികൾ പഞ്ചായത്തിലേയ്ക്ക് വന്ന് നേരിട്ട് കേൾക്കാനും പരിഹാരം ഉണ്ടാക്കാനും ഇടയാക്കിയ എൻ.ആർ.ഇ.ജി.എ പരാതിപരിഹാര അദാലത്ത് പാവപ്പെട്ട തൊഴിൽകാർഡ് ലഭിച്ച കുടുംബശ്രീ അംഗങ്ങൾക്ക് പ്രത്യേക ചാരിതാർത്ഥ്യത്തിന് കാരണമായി. ■

*ലേഖകൻ പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയാണ്.*



സി.എസ്.വിജയകുമാർ

# വിളപ്പിൽ ഗ്രാമം മാതൃക

## ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

## 165 കുടുംബങ്ങൾ 100 തൊഴിൽദിനം പൂർത്തിയാക്കി

തിരുവനന്തപുരം നഗരത്തിനോട് ചേർന്ന് സ്ഥിതിചെയ്യുന്ന വിളപ്പിൽ ഗ്രാമപഞ്ചായത്ത് വികസന കാര്യത്തിൽ ഇന്ന് ഏറെ മുന്നിലാണ്. എങ്കിലും തിരുവനന്തപുരം നഗരത്തിന്റെ മുഴുവൻ മാലിന്യങ്ങളും പേറാനുള്ള ഗതികേടിലാണ് വിളപ്പിൽ ഗ്രാമപഞ്ചായത്ത്. മാരകമായ അസുഖവും, ശുദ്ധജലവും, ശുദ്ധവായുവും കിട്ടാനാവാത്ത അവസ്ഥയിലാണ് ഈ പഞ്ചായത്തിലെ ജനങ്ങൾ. ഈ അവസ്ഥയിലും ശുചീകരണ കാര്യത്തിൽ പഞ്ചായത്ത് വളരെ ശ്രദ്ധാലുവാണ് എന്നതിനുള്ള തെളിവാണ് ശുചിത്വ രംഗത്ത് വിളപ്പിൽ പഞ്ചായത്തിന് ലഭിച്ച നിർമ്മൽ ഗ്രാമ പുരസ്കാരം.

ഇന്ത്യയുടെ സാമൂഹിക സാമ്പത്തിക മേഖലകളിൽ അടിസ്ഥാനപരമായ മാറ്റം വിഭാവനം ചെയ്തുകൊണ്ട് ഭാരതത്തിൽ ആകമാനം രൂപീകൃതമായ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി കേരളത്തിൽ മാതൃകാപരമായി നടപ്പിലാക്കി കൊണ്ടിരിക്കുന്ന ഗ്രാമപഞ്ചായത്തുകളിലൊന്നാണ് വിളപ്പിൽ.

19 വാർഡുകൾ ഉള്ള വിളപ്പിൽ പഞ്ചായത്തിൽ 2008 ഒക്ടോബർ മാസത്തിൽ തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചു. 2009 മാർച്ച് 31 വരെ 4600 തൊഴിൽ കാർഡുകൾ വിതരണം ചെയ്തു. 136 പദ്ധതികളിലായി 1,03,111 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചു. 1 കോടി 22 ലക്ഷം രൂപ ചെലവഴിക്കുവാൻ ആറുമാസം കൊണ്ട് വിളപ്പിൽ പഞ്ചായത്തിന് സാധിച്ചു. ഇത് കൂടാതെ തന്നെ പണിപൂർത്തിയാക്കിയ പ്രവർത്തികൾക്ക് 51 ലക്ഷം രൂപ മാർച്ച് 31 ന് ശേഷം തൊഴിലാളികൾക്ക് കൊടുത്തുതീർക്കുവാനും ഉണ്ട്. 70 ലക്ഷം രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്ന പ്രവർത്തികൾ 2009-10 ൽ നടന്നുകൊണ്ടിരിക്കുന്നു. ഈ സാമ്പത്തിക വർഷം 165 കുടുംബങ്ങൾക്ക് 100 തൊഴിൽദിനങ്ങൾ പൂർത്തിയാക്കുവാൻ സാധിച്ചു. 100 ദിവസം പൂർത്തിയാക്കി എന്നത് അഭിമാനിക്കാവുന്ന നേട്ടമാണ്.

തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് 2009 ഫെബ്രുവരി 2-ാം തീയതി ഡൽഹിയിൽ വച്ച് നടന്ന മേളയിൽ തിരുവനന്തപുരം ജില്ലയിൽ നിന്നും 100 ദിവസം പൂർത്തിയായ 2 തൊഴിലാളികളെ തെരഞ്ഞെടുത്തത് വിളപ്പിൽ ഗ്രാമപഞ്ചായത്തിൽ നിന്നാണ്. കൂടാതെ ഈ മേളയിൽ പ്രസിഡന്റും ഈ ലേഖകനും പങ്കെടുക്കുകയുണ്ടായി.

ബഹുഭൂരിപക്ഷം സ്ത്രീകളും ഈ പദ്ധതിയിൽ പങ്കാളികളായി എന്നതാണ് മറ്റൊരു സവിശേഷത. 5 ശതമാനത്തോളം മാത്രമേ പുരുഷൻമാരുടെ പങ്കാളിത്തം ഉണ്ടായിട്ടുള്ളു. ആത്മാഭിമാനത്തോടെ ഈ ജോലിക്ക് വരുവാൻ ഇന്ന് വീട്ടമ്മമാർ തയ്യാറാണ്.


വിളപ്പിൽ പഞ്ചായത്തിൽ പുതിയ തോടുകൾ നിർമ്മിക്കുവാനും നിലവിലുള്ള തോടുകൾ വൃത്തിയാക്കുവാനും, നീരുറവകൾ സംരക്ഷിക്കുവാനും, കുളങ്ങൾ ഉപയോഗ യോഗ്യമാക്കുവാനും, കാടുകൾ വെട്ടിതെളിച്ച് വൃത്തിയാക്കുവാനും മൺപണികൾ ചെയ്ത് നടപ്പാതകൾ നിർമ്മിക്കുവാനും പദ്ധതിയിലൂടെ ഇതിനകം കഴിഞ്ഞിട്ടുണ്ട്.■

*ലേഖകൻ വിളപ്പിൽ ഗ്രാമ പഞ്ചായത്ത് വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാനാണ്*





# തമിഴ്നാട്ടിലെ ഗ്രാമക്കാഴ്ചകൾ



റോയ് ചാക്കോ ഇളമണ്ണൂർ

സുനാമി ആഞ്ഞടിച്ച കന്യാകുമാരി, നാഗപട്ടണം മാവട്ടങ്ങളിൽ (ജില്ലയ്ക്ക് തമിഴിൽ “മാവട്ടം’ എന്നാണ് പറയുന്നത്) ഒരു മാസക്കാലം ജെ.സി.ബി. എന്ന ബ്രാൻഡ് നെയിമിൽ ഇപ്പോൾ പ്രചാരത്തിലായിരിക്കുന്ന ബുൾഡോസറുൾക്ക് തുടർച്ചയായി വലിയ ജോലിഭാരമായിരുന്നു. ആദ്യ രണ്ടുമൂന്നു ദിവസം അവശിഷ്ടങ്ങൾക്കിടയിൽനിന്ന് ശവം കണ്ടെടുക്കുക, കുഴിയുണ്ടാക്കി ശവം മൂടുക തുടങ്ങിയ ജോലികൾ ആയിരുന്നു. പിന്നീടുള്ള ദിവസങ്ങളിൽ പൊളിഞ്ഞു കിടക്കുന്ന കെട്ടിടങ്ങളുടെ അവശിഷ്ടങ്ങൾ നീക്കം ചെയ്യുക എന്ന ദൗത്യമായിരുന്നു.

സുനാമി ഉണ്ടായിക്കഴിഞ്ഞ് ഒരാഴ്ചക്കാലം കന്യാകുമാരി ജില്ലയിലേയ്ക്ക് മരുന്നുകൾ, അവശ്യ വസ്തുക്കൾ, ആഹാര സാധനങ്ങൾ എന്നിവ ട്രക്കുകളിൽ ധാരാളം എത്തി. ചില സന്നദ്ധ സംഘടനകൾ ജനങ്ങളിൽ നിന്നു സമാഹരിച്ച പഴയ വസ്ത്രങ്ങളും ടെംപോകളിൽ നിറയെ എത്തി. ദുരിതബാധിതരുടെ ഉടുതുണിയൊഴിച്ച് മറ്റെല്ലാ സമ്പാദ്യവും വീട്ടുസാധനങ്ങളും കടൽ കൊണ്ടുപോയിരുന്നു. ദുരിതാശ്വാസ ക്യാമ്പുകളിൽ വസ്ത്രം, ആഹാരം, വെള്ളം, മരുന്ന് എന്നിവ എത്തിക്കുന്നതിനായിരുന്നു മുൻഗണന. അങ്ങനെയാണ് വസ്ത്രങ്ങൾ എത്തിച്ചത്. എന്നാൽ പഴയ വസ്ത്രങ്ങൾ സ്വീകരിക്കുവാൻ ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്ന ഭൂരിഭാഗം പേരും മടികാണിച്ചു. “ആഹാരം സ്വീകരിക്കാം. എന്നാൽ ഒരാൾ ഉപയോഗിച്ച തുണി ഉപയോഗിക്കുവാൻ മനസ്സു വരുന്നില്ല” എന്നാണ് പലരും പറഞ്ഞത്.

പഴയ വസ്ത്രത്തോട് ജനത്തിന് താൽപര്യമില്ലാതെ വന്നപ്പോൾ ക്യാമ്പുകളിൽ വസ്ത്രങ്ങൾ കുന്നുകൂടാൻ തുടങ്ങി. നാഗർകോവിലിലെ കളക്ടറേറ്റ് പരിസരത്ത് ദിവസങ്ങളോളം ആർക്കും വേണ്ടാതെ വലിയ കൂനകളായി കിടന്ന പഴയ വസ്ത്രങ്ങളുടെ “ദയനീയ കഥ” പത്രമാധ്യമങ്ങളിൽ വരികയും ചെയ്തു. ഒരു മനുഷ്യനെക്കാളും ഉയരത്തിലുള്ള വലിയ കൂനകൾ അങ്ങനെ ആവശ്യമില്ലാതെ കിടക്കുന്നത് കാണാമായിരുന്നു.

വീടുനഷ്ടപ്പെട്ടവർക്കായി ഗവൺമെന്റ് ഷെൽറ്റർ ക്യാമ്പുകൾ തുറന്നു. പള്ളികൾ, സ്ക്കൂളുകൾ എന്നിവയായിരുന്നു പ്രധാന ഷെൽറ്റർ ക്യാമ്പുകൾ. ആകെ 62 ദുരിതാശ്വാസ ക്യാമ്പുകളാണ് ആരംഭിച്ചത്. 42000 പേർ ഈ ക്യാമ്പുകളിൽ ദിവസങ്ങളോളം കഴിഞ്ഞു. അതായത് ഒരു ക്യാമ്പിൽ ശരാശരി 700 പേർ. ജനുവരി 8 വരെ, അതായത്, രണ്ടാഴ്ചക്കാലം ഈ 42000 പേർ ക്യാമ്പുകളിൽ കഴിഞ്ഞു. ജനുവരി 8 ആയപ്പോഴേയ്ക്കും 48 ക്യാമ്പുകളിൽ നിന്നുള്ളവർ ബന്ധുവീടുകളിലേയ്ക്കും ഭാഗികമായി തകർന്ന സ്വന്തം വീടുകളിലേയ്ക്കും പോയി.

ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്നവർക്ക് ആദ്യത്തെ 2 ദിവസം ആഹാരമൊക്കെ നൽകിയത് പോതുജനങ്ങളും സാമൂഹ്യ പ്രവർത്തകരും സന്നദ്ധ സംഘടനകളും ആയിരുന്നു. പള്ളികളും ക്യാമ്പുകളായി മാറി. പള്ളികളിലെത്തിയവർക്ക് പള്ളി ഭരണാധികാരികൾ തന്നെ ആഹാരം നൽകി. ഒരു ദേശീയ വിപത്ത് ഉണ്ടായപ്പോൾ കന്യാകുമാരി ജില്ലയിലെ തീരദേശത്തുള്ള പള്ളികളൊക്കെ വീടില്ലാത്തവർക്ക് താൽക്കാലിക വീടായി മാറി. പള്ളിമുറ്റം അവരുടെ അടുക്കളയായി മാറി. ക്യാമ്പുകളിൽ കഴിയുന്നവർക്കു വേണ്ടി ആഹാരസാധനങ്ങൾ, പുതപ്പുകൾ, പുതു വസ്ത്രങ്ങൾ തുടങ്ങിയവയെല്ലാം ആദ്യത്തെ 2 ദിവസത്തിനു ശേഷം ജില്ലാ ഭരണകൂടം വിതരണം ചെയ്തു തുടങ്ങി.

താത്ക്കാലിക ദുരിതാശ്വാസ ക്യാമ്പുകളിലേയ്ക്കും ജനങ്ങൾ ബന്ധുവീടുകളിലേയ്ക്കും സ്വന്തം വീടുകളിലേയ്ക്കും ഒക്കെ തിരികെപോയപ്പോൾ സുനാമിയിൽ വീടിന്റെ അടിത്തറവരെ ഒലിച്ചുപോയ ഹതഭാഗ്യർ മാത്രം അവശേഷിച്ചു. അവർക്കായി ഗവൺമെന്റ് താത്ക്കാലിക ഷെൽറ്ററുകൾ പണിതു നൽകിയത് വലിയ വിവാദമായി. ചുട്ടുപൊള്ളുന്ന വേനൽക്കാലത്ത് മരത്തിന്റെ ഒരല്പം പോലും നിഴലില്ലാത്ത തീരപ്രദേശങ്ങളിൽ ഒരു കക്കൂസ് മുറിയുടെ വലിപ്പത്തിൽ തകര ഷീറ്റുകൾകൊണ്ട് മുറിയുണ്ടാക്കി ഒരു കുടുംബത്തെ മുഴുവൻ അതിൽ താമസിപ്പിക്കുന്ന അവസ്ഥ വലിയ വാർത്താപ്രാധാന്യവും വിമർശനവും നേടി. വലിയ ഒരു പന്തൽപോലെ പണിത് അത് ചെറിയ മുറികളായി തിരിച്ചാണ് ഭവനരഹിതരായ കുടുംബങ്ങൾക്ക് ഓരോ മുറി വീതം നൽകിയത്. പകൽ തകിടെല്ലാം പഴുത്ത് ആർക്കും അകത്തേയ്ക്കു കയറാൻ പറ്റാത്ത വിധം ചൂട്. ജനുവരി രാത്രികളിലെ തണുപ്പ് പുറത്ത്. മനുഷ്യന് താമസിക്കാൻ പറ്റാത്ത അവസ്ഥയിലാണ് താത്ക്കാലിക മുറികളെന്ന് പരാതി ഉയർന്നപ്പോൾ അതിൽ താമസിക്കുന്നവരോട് അനുഭാവം പുലർത്തി ജില്ലാ കളക്ടർ ഒരു നാൾ ഒരു ക്യാമ്പിൽ പോയി താമസിക്കാനും തയ്യാറായി.

തമിഴ്നാട്ടിൽ ജില്ലാ കളക്ടർമാർക്ക് പ്രത്യേക സ്ഥാനമാനങ്ങൾ നൽകുന്ന ഒരു രീതി ഞാനവിടെ കണ്ടു. റിപ്പബ്ളിക്ക് ദിനത്തിൽ തമിഴ്നാട്ടിൽ ജില്ലാ ആസ്ഥാനങ്ങളിൽ പതാക ഉയർത്തുന്നതും പരേഡിൽ അഭിവാദ്യം സ്വീകരിക്കുന്നതും ജില്ലാ കളക്ടർമാരായിരുന്നു.

*(തുടരും)*

*ലേഖകൻ തമിഴ്നാട്ടിൽ ഫീൽഡ് പബ്ലിസിറ്റി ആഫീസറായിരുന്നു. ഇപ്പോൾ തിരുവനന്തപുരം ആകാശവാണിയിൽ ന്യൂസ് എഡിറ്ററാണ്*



# കൗമാരരോഗങ്ങളും പ്രശ്നങ്ങളും



ഡോ. തോമസ് വർഗ്ഗീസ്
MBBS, DCH, DPH, PHD

10–19 വയസ്സാണ് കൗമാരകാലഘട്ടം എന്നു പറയപ്പെടുന്നത്. കൗമാര പ്രായക്കാരിൽ ഈ സമയത്ത് കൂടുതൽ പ്രശ്നങ്ങളും രോഗങ്ങളും കാണപ്പെടുന്നുണ്ട്. അവയിൽ പ്രധാനപ്പെട്ടവ ചുവടെ ചേർക്കുന്നു.

**അനീമിയ**

കൗമാരകാലത്ത് കാണപ്പെടുന്ന രോഗമാണ് അനീമിയ. ആഹാരത്തിൽ പോഷകാഹാര ഘടകങ്ങൾ കുറയുന്നതാണ് അനീമിയയുടെ കാരണം. ആഹാരത്തിൽ വിറ്റാമിനുകൾ, ഇരുമ്പ് തുടങ്ങിയവയെല്ലാം ഉൾപ്പെടുത്തണം.

**വിര അസുഖങ്ങൾ**

വ്യക്തിശുചിത്വം പാലിക്കാത്തതുകൊണ്ട് ഏറ്റവും കൂടുതൽ വിരഅസുഖങ്ങളും കാണപ്പെടുന്നു. Antiworm drugs ശരിയായ തോതിൽ കൊടുത്താൽ ഈ രോഗം തടയാൻ സാധിക്കും.

**ഗൈനക്കോ മാസ്റ്റിയ**

ആൺകുട്ടികളിൽക്കാണുന്ന സ്തന വളർച്ചയാണ് ഗൈനക്കോമാസ്റ്റിയ (Gynacomastia). സ്തനവളർച്ച തുടങ്ങി 2 വർഷത്തിനുശേഷവും മാറ്റമൊന്നും കാണാതിരിക്കുകയോ സ്തനഞെട്ടിന് 4 സെന്റിമീറ്ററിൽ കൂടുതൽ വലിപ്പം കാണുകയോ ചെയ്താൽ ചികിത്സ ആവശ്യമാണ്. ഹോർമോൺ ചികിത്സയിലൂടെയോ ശസ്ത്രക്രിയയിലൂടെയോ ഇത് ചികിത്സിച്ചു മാറ്റാവുന്നതാണ്.

**ഫിമോസിസ് (Phymosis)**

ലിംഗചർമ്മം പുറകിലേയ്ക്ക് നീങ്ങാത്ത അവസ്ഥയാണിത്. ലിംഗചർമ്മം പുറകിലേയ്ക്കു മാറ്റി അഴുക്ക് വൃത്തിയാക്കാൻ കഴിയാതെ വരുമ്പോൾ അണുബാധയുണ്ടാകുന്നു. ശസ്ത്രക്രിയ (circumcision) നടത്തിയാൽ ഈ രോഗം ഇല്ലാതാക്കാം.

**അമിതവണ്ണം**

കൗമാരക്കാരുടെ മറ്റൊരു പ്രശ്നം അമിതവണ്ണമാണ്. കണ്ടമാനം ഭക്ഷണം കഴിച്ചുള്ള അമിതവണ്ണവും അതിന്റെ പ്രത്യാഘാതങ്ങളായ Hypertension തുടങ്ങിയവയൊക്കെയുണ്ടാകാനിടയുണ്ട്.

**ഹിപ്പോസ്പഡിയാസിസ് (Hypospediasis)**

ലിംഗത്തിന്റെ അടിയിലായി ദ്വാരം വരുന്ന അവസ്ഥയാണിത്. ഇതു പ്രശ്നങ്ങളുണ്ടാക്കുന്നില്ലെങ്കിൽ ചികിത്സ ആവശ്യമില്ല. എന്തെങ്കിലും പ്രശ്നങ്ങളുണ്ടാക്കിയാൽ ഡോക്ടറെ കാണിക്കണം.

**വൃഷണ തകരാറുകൾ**

വൃഷണം ഒരു ഭാഗത്തേയ്ക്ക് കയറിയിരിക്കുക, വലിപ്പ കുറവ്, വൃഷണം ഇറങ്ങിവരാതിരിക്കുക, ഇവയൊക്കെ വൃഷണ തകരാറുകളാണ്. വൃഷണം ഇറങ്ങിവരാതിരിക്കുകയാണെങ്കിൽ അവ വയറിനുള്ളിലാകാം. ഇതു നിർബന്ധമായും ഒരു സർജനെ കാണിച്ച് ചികിത്സ നടത്തേണ്ടതാണ്.

**ലൈംഗിക പ്രശ്നങ്ങൾ**

യൗവനകാലത്ത് തെറ്റായ ധാരണകൾ, സ്വപ്ന സ്ഖലനം, പേടി ഇവയൊക്കെയുണ്ടാകാം. പ്രേമനൈരാശ്യം, ഡിപ്രഷൻ എന്നിവയും കാണാം. വേണ്ട വിധമുള്ള കൗൺസലിംഗ് കൊടുത്താൽ ഇവ മാറ്റാവുന്നതാണ്.

**വർണ്ണാന്ധത**

വർണ്ണങ്ങൾ തിരിച്ചറിയാനുള്ള കഴിവ് നഷ്ടപ്പെടുന്ന അവസ്ഥയാണിത്. ചുരുക്കം ചില കുട്ടികളിൽമാത്രമെ ഈ അസുഖം ഉണ്ടാകാറുള്ളൂ. ഇത് സുഖപ്പെടുത്താൻ സാധ്യമല്ല.

**ഹിമോഫിലിയ (Haemophilia)**

ശരീരത്ത് ചെറിയ മുറിവുണ്ടായാൽ പോലും രക്തം കട്ടപിടിക്കാതിരിക്കുന്ന അവസ്ഥയാണിത്. ആൺകുട്ടികളിലാണ് ഈ അസുഖം കാണപ്പെടുന്നത്. ക്രോമോസോമുകളിൽ കാണുന്ന വൈവിധ്യമാണിതിനു കാരണം. ഇതു പെൺകുട്ടികളിൽ പ്രസവത്തോടൊപ്പം ഉണ്ടാകുന്നു. എങ്കിലും പെൺകുട്ടികളിൽ രോഗം പ്രകടമാകുന്നില്ല.

**സ്കിസോഫ്രിനിയ (Schizophrenia)**

ചില കുട്ടികളിൽ കാണപ്പെടുന്ന രോഗമാണ്. ഇതുപല തരമുണ്ട്. ഹാലൂസിനേഷൻസ് (Hallucinations), ഡിലൂഷൻസ് (Delusions), ശബ്ദങ്ങൾ കേൾക്കുക, റേഡിയോ, ടിവി എന്നിവയിൽ

ക്കൂടി ആരോ സംസാരിക്കുന്നു എന്നു തോന്നുക, പലതരം ലക്ഷണങ്ങളാണ്. ജനറൽ പ്രാക്ടീഷണറെ കാണിച്ചാൽ മരുന്നുകൾ നല്കി രോഗം തടയാൻ സാധിക്കും.

**പഠന വൈകല്യങ്ങൾ**
**Learning disability**

ചില കൗമാരക്കാരിൽ കാണുന്ന പ്രശ്നങ്ങളിലൊന്നാണ് learning disability. പഠിക്കാൻ ആവശ്യമായ കഴിവുകളുടെ അഭാവം മൂലം വായിക്കാനും എഴുതാനും കഴിയാതെ വരുക. കണക്ക് കൈകാര്യം ചെയ്യാൻ കഴിവു കുറവ് എന്നിവ പ്രശ്നങ്ങളാണ്. ഇത്തരം തകരാറുള്ള കുട്ടികളെ പഠിപ്പിക്കുന്നതിന് പ്രത്യേക പരിശീലനം നൽകേണ്ടതാണ്. 10 വയസ്സുള്ള കുട്ടികളിൽ ഇതു കാണപ്പെടുന്നു. ഈ പ്രശ്നമുള്ള കുട്ടികൾക്ക് സിബിഎസ്സി പോലുള്ള പാഠ്യപദ്ധതിയിൽ പരീക്ഷയ്ക്കു കൂടുതൽ സമയം അനുവദിക്കുന്നുണ്ട്.

**അറ്റൻഷൻ ഡഫിസിറ്റ് ഹൈപ്പർ ആക്ടിവിറ്റി ഡിസോഡർ**

ഇത് കുട്ടികളിലും യൗവനക്കാരിലും കാണപ്പെടുന്ന ഒരു മാനസിക പ്രശ്നമാണ്. കൗമാരക്കാരായ കുട്ടികളിൽ ഇത് കൂടുതൽ കാണപ്പെടുന്നുണ്ട്. സൈക്കിൾ ഓടിക്കുമ്പോഴോ വാഹനം ഓടിക്കുമ്പോഴോ യാതൊരു ശ്രദ്ധയും ഇവർ കാണിക്കാറില്ല. പുസ്തകങ്ങൾ വായിക്കാൻ ബുദ്ധിമുട്ടും താല്പര്യക്കുറവും കാണപ്പെടുന്നു. പിരിപിരിപ്പൻ സ്വഭാവവും എവിടെയും അടങ്ങിയിരിക്കാൻ സാധിക്കാത്ത അവസ്ഥയും ഉണ്ടാകാം. ഇതിനും ചികിത്സ ആവശ്യമാണ്.

**ആത്മഹത്യ പ്രവണത**

ചില കൗമാരക്കാരിൽ കാണുന്ന മറ്റൊരു പ്രവണതയാണിത്.നേരത്തെ കണ്ടുപിടിച്ചും കൗൺസലിംഗിലൂടെയും ആത്മഹത്യ പ്രവണതയുള്ള കുട്ടികളെ ചികിത്സിക്കാവുന്നതാണ്. പരീക്ഷ തോൽവി, പ്രേമനൈരാശ്യം ഇവയൊക്കെ ആത്മഹത്യയിലേയ്ക്ക് നയിക്കുന്നതിനുള്ള കാരണങ്ങളാണ്. ഈയിടെ കേരളത്തിന്റെ കൗമാരക്കാരിൽ ആത്മഹത്യ പ്രവണത കൂടിവരുന്നതായി കാണപ്പെടുന്നു. വേണ്ട കൗൺസിലിംഗിന്റെ അഭാവമാണ് ഇതിനുകാരണം. കൊച്ചി നഗരസഭയിലെ UPAD വിഭാഗം കൊച്ചിയിലെ കൗമാരക്കാരിൽ ആത്മഹത്യയ്ക്കെതിരെ ക്ലാസുകൾ എടുത്തു വരുന്നു. ഇതു മറ്റു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ചെയ്യുന്നത് അഭിലഷണീയമാണ്. ■

*ലേഖകൻ*
*നഗരകാര്യവകുപ്പിലെ ആരോഗ്യ വിഭാഗം ജോയിന്റ് ഡയറക്ടറാണ്*
*email:drthomasvarghese2003@yahoo.co.in*
*Mobile:* 9847430210



സംസ്കാരത്തിന്റെ ശൈശവദശ മുതൽ മനുഷ്യന്റെ തൊഴിലുകളിൽ ഒന്നാണ് പശുവളർത്തൽ. കന്നുകാലി പരിപാലനം അതിപ്രധാനമായ ഒന്നാണെന്ന് പുരാതന പ്രാർത്ഥനകൾ നമ്മെ പഠിപ്പിക്കുന്നു. കാലി സമ്പത്തിന്റെ സംരക്ഷണത്തിനും അഭിവൃദ്ധിക്കും വേണ്ടിയുള്ള വേദപ്രാർത്ഥനകൾ മുതൽ നാട്ടു ദൈവങ്ങൾക്കു നടത്തുന്ന കുരുതിയും ഉരുളം വരെ ഇതിന്റെ പരിധിയിൽ വരും. ശബ്ദങ്ങളുടെ സഹായം ഭാഷയായി രൂപപ്പെട്ടുവന്ന കാലങ്ങളിൽ ഓരോന്നിനും അതാതിന്റേതായ പദാവലികൾ ഉണ്ടായി. ഗോത്രസ്മൃതി മുതൽ ആധുനിക കാലം വരെ കൊണ്ടും കൊടുത്തും അത് വളർന്നു. കാലിവളർത്തലുമായി ബന്ധപ്പെട്ട ശബ്ദങ്ങളുടെ രണ്ടാം ലക്കമാണിത്.

**കാടി**

പുളിയരിയും കടലപിണ്ണാക്കും കൂടി അവിച്ചതും കഞ്ഞിവെള്ളവും എല്ലാം കൂടി കലക്കി ദ്രവരൂപത്തിൽ അരിത്തവിടും കൂടിയിട്ട് ദിവസം ഒന്നും രണ്ടും പ്രാവശ്യം കന്നുകാലികൾക്ക് കൊടുത്തിരുന്നു. ഇതിന് "കാടി' എന്നാണ് മിക്ക പ്രദേശങ്ങളിലും പറഞ്ഞുപോന്നത്. പശുവിന് കാടി കൊടുത്തോ? എന്നത് ഒരു ചോദ്യമായിരുന്നു. "കാടിയായാലും മൂടി കുടിക്കണം" എന്നത് ഭാഷയിലെ ഒരു പ്രയോഗവുമാണല്ലോ? തെക്കൻ കേരളത്തിൽ അരി വേവിക്കുന്നതിനായി കഴുകിയ വെള്ളത്തിനെയും കാടി എന്നു പറയും. ഇതും കന്നുകാലികൾക്ക് കുടിക്കുന്നതിന് നൽകും.

**കൈത്തീറ്റ**


പഴയകാലത്ത് നാടൻ ഇനത്തിൽപ്പെട്ട കന്നുകാലികളെ അഴിച്ചുവിട്ട് വളർത്തുമായിരുന്നു, പുല്ലും, കാടിയും, മരച്ചീനി ഇലയും തണ്ടും മറ്റും കൊടുത്താണ് വളർത്തിയിരുന്നത്. എന്നാൽ ഉല്പാദനശേഷിയാർന്ന കന്നുകാലികൾ ഉണ്ടായതോടെ അവയെ ചാക്കിൽ നിറച്ചുവരുന്ന കാലിത്തീറ്റയും വിലകൊടുത്ത് വാങ്ങുന്ന കച്ചിത്തിരിയും നൽകിയാണ് വളർത്തുന്നത്. എരുത്തിലിൽ തന്നെ നിർത്തി പണം കൊടുത്ത് വാങ്ങുന്ന തീറ്റമാത്രം നൽകി വളർത്തുന്ന രീതിക്കാണ് "കൈത്തീറ്റ' നൽകി വളർത്തുക എന്ന് പറയുന്നത്.

**കട്ടുപിടിക്കുക**

മരച്ചീനിയുടെ ഇലയും തണ്ടും മറ്റും സാധാരണയായി കന്നുകാലികൾക്ക് തീറ്റയായി നൽകാറുണ്ട്. അവ പച്ചയായി നൽകാതെ ചെറുതായി വെയിലിൽ ഉണക്കിയാണ് നൽകുന്നത്. എന്നാൽ ഇളം താളിച്ച് നല്കുന്ന മരച്ചീനി ഇല അതേപോലെ കന്നുകാലികൾ തിന്നാൻ ഇടയായാൽ "കട്ടുകയറി' അവ ചത്തുപോകാൻ വളരെ സാദ്ധ്യതയുണ്ട്. ഇപ്രകാരം മരച്ചീനി ഇല തിന്ന് കന്നുകാലികൾ ചാകുന്നതിന് കട്ടുകയറി അഥവാ "കട്ടുപിടിച്ച്' ചത്തു എന്നാണ് പറയുന്നത്. ഇതിൽ അടങ്ങിയിരിക്കുന്ന ഹൈഡ്രോസൈനിക് ആസിഡിന്റെ വിഷാംശം കാരണമാണ് കന്നുകാലി ചാകുന്നത്.

**തണുപ്പ് കൊടുക്കുക**

പ്രസവാനന്തരം പശുക്കൾക്ക് വിശിഷ്യാ തയ്യാറാക്കി നൽകുന്ന ഔഷധ പ്രധാനമായ ആഹാരത്തിനാണിങ്ങനെ



ഗ്രാമ നന്മകളിലേയ്ക്കുള്ള തിരിച്ചുപോക്ക് ഇന്ന് ആഗോളാടിസ്ഥാനത്തിൽ ചിന്താവിഷയമാണ്. അത് പ്രകൃതിയിലേയ്ക്കും മനുഷ്യനിലേയ്ക്കുമുള്ള യാത്ര കൂടിയാണ്. കാലത്തിന്റെ പ്രവാഹത്തിൽ ഉപഭോഗ തൃഷ്ണയുടേയും പ്രകൃതി ചൂഷണത്തിന്റെയും വഴിയിലാണ് മനുഷ്യൻ മുന്നേറ്റം അധികവും നടത്തിയത്. അത് സർവ്വനാശത്തിന്റെ പടിവാതിലിൽ നമ്മെ എത്തിച്ചു. ലോകത്തിന്റെ പല കോണുകളിൽ അന്ധകാരത്തിൽ ചെറിയ ചില ദീപങ്ങൾ പോലെ, പരിശ്രമങ്ങൾ തുടങ്ങി – തിരിച്ചു വരവിനായി. അതിന്റെ പരിണതഫലമായിരുന്നു ഗ്രാമീണ കാർഷിക വിജ്ഞാനത്തിന്റെ തിരിച്ചുവരവ്. കേരളത്തിലും പല കോണുകളിലായി അതിനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്. അത്തരമൊരു അബോധ പ്രവർത്തനത്തിന്റെ ഫലമാണ് ഗ്രാമീണവും കാർഷികവുമായ സംജ്ഞകളുടെ സമാഹരണത്തിനായുള്ള ശ്രമം. ഇതൊരു തുടക്കം മാത്രമാണ് – എങ്കിലും സാർത്ഥകമായ തുടക്കം.

മുരളീധരൻ തഴക്കര

# തേഞ്ഞു മാഞ്ഞു പോകുന്ന ഗ്രാമീണ മൊഴിമുത്തുകൾ

പറയുന്നത്. ആശാളി, ഉലുവ, ഉഴുന്ന് തുടങ്ങിയ ധാന്യങ്ങൾ വെള്ളത്തിലിട്ട് കുതിർത്ത് ആട്ടുകല്ലിൽ അരച്ച് പശുക്കൾക്ക് നൽകുന്നതിന് "തണുപ്പ് കൊടുക്കുക' എന്നാണ് പറയുക.

**കൂത്താടുക**

പ്രസവിച്ച് മൂന്ന് നാലുദിവസം മാത്രമായ കിടാക്കളെ കയറിട്ട് കെട്ടിയിടുന്നതിന് മുമ്പായി അവ മുറ്റത്തും എരുത്തിലിന് സമീപത്തായും വാൽ ഉയർത്തിപ്പിടിച്ച് അങ്ങോട്ടുമിങ്ങോട്ടും ഓടി നടക്കും. ഇതിന് കിടാവ് "കൂത്താടുക' എന്നാണ് പറയുന്നത്. കൊച്ചു കിടാവ് കൂത്താടിയാൽ കാണാൻ രസമുണ്ട്, തള്ളപ്പശു കൂത്താടിയാലോ?" എന്നത് ഒരു ശൈലിയായി നാം പ്രയോഗിക്കാറുണ്ടല്ലോ?

**കിടാവിനെവിട്ട്–കറക്കുക**

കറവയ്ക്ക് മുമ്പായി പശു ചുരത്തുന്നതിനായി കിടാവിനെ അഴിച്ചുവിട്ട് അവയെകൊണ്ട് പാൽ കുടിപ്പിക്കും. ഈ സമയത്ത് പശുക്കൾ നന്നായി ചുരത്തികൊടുക്കും. പശു നല്ലതുപോലെ ചുരത്തിക്കഴിയുമ്പോൾ കിടാക്കളെ മാറ്റിയിട്ട് പാൽ കറന്നെടുക്കുന്നു. ഈ രീതിക്ക് "കിടാവിനെ വിട്ട് കറക്കുക" എന്നാണ് പറയുക. പ്രസവിക്കുമ്പോൾ തന്നെ കിടാക്കളെ ഒഴിവാക്കി പാൽ കറക്കുന്ന രീതിയുമുണ്ട്.

**ചെന പിടിക്കുക**

വളർച്ചയെത്തി പ്രായപൂർത്തിയായ പശുക്കിടാവുകളെ കൃത്രിമ ബീജസങ്കലനത്തിന് (കൃഷിക്കാരുടെ ഭാഷയിൽ പറഞ്ഞാൽ കുത്തി വെയ്പിക്കുക) വിധേയമാക്കി അവ ഗർഭം ധരിക്കുന്നതിനാണ് ചെന പിടിക്കുക എന്ന് പറയുന്നത്.

**കിടാരി**

പശുകിടാക്കൾ വളർച്ചയെത്തി-ഗർഭധാരണശേഷി കൈവരിക്കാനുള്ള പ്രായമെത്തുന്ന വളർച്ചാഘട്ടത്തെയാണ് 'കിടാരികൾ' എന്ന് പറയുന്നത്.

**മൂരി**

കാളകിടാക്കളെ "മൂരി' കിടാക്കൾ എന്നാണ് പറയുക. നല്ല മൂരികളെ വളർത്തി ഇണ ചേർക്കുവാനായി ഉപയോഗിച്ചിരുന്നു. കൃത്രിമ ബീജദാന സംവിധാനം പ്രചാരത്തിലായതോടെ ഇണ ചേർക്കുവാനായി മൂരിക്കാളകളെ വളർത്തുന്ന രീതി നിലച്ചു. ഇപ്പോൾ മൂരികളെ കൂടുതലായും മാംസാവശ്യത്തിന് അറവിനായി ഉപയോഗിക്കുകയാണ്.

**ലാടം തറയ്ക്കുക**

കാളവണ്ടിക്ക് കെട്ടുന്ന കാളകളുടെ കുളമ്പ് തേഞ്ഞുപോകാതിരിക്കുന്നതിനായി അവയുടെ കുളമ്പിനടിയിൽ അതേ രൂപത്തിൽ കനം കുറഞ്ഞ ഇരുമ്പ് തകിട് ചെറിയ ആണികൊണ്ട് അടിച്ചുറപ്പിക്കുന്നു. ഇതിനാണ് "ലാടം തറയ്ക്കുക' എന്ന് പറയുക. നല്ല പ്രാവീണ്യമുള്ള ഇരുമ്പ് പണിക്കാരാണ് അത് ചെയ്തു പോന്നത്. കാളകളുടെ കാലുകൾ കൂട്ടികെട്ടി നിലത്ത് കിടത്തിയാണ് ലാടം തറക്കുന്നത്.

**ഗോമൂത്രം**

കന്നുകാലികളുടെ മൂത്രത്തിന് പൊതുവേ പറയുന്നത് 'ഗോമൂത്രം' എന്നാണ്. ഗോമൂത്രം ഒന്നാംതരം വളമാണ്, ഇത് ശേഖരിച്ച് കൃഷിക്കുപയുക്തമാക്കുവാൻ കൃഷിക്കാർ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. വെള്ളം കൂടി ചേർത്ത് നേർപ്പിച്ചാണ് കാർഷിക വിളകൾക്ക് തളിക്കേണ്ടത്. ഏറ്റവും വിശുദ്ധമായി കരുതുന്ന പഞ്ചഗവ്യത്തിലെ ഒരു ഘടകമാണ് ഗോമൂത്രം.

**ചാണകക്കുഴി**

തൊഴുത്തിൽ നിന്നും വാരുന്ന ചാണകം സംഭരിച്ചു സൂക്ഷിക്കുന്നതിനായി തൊഴുത്തിന് സമീപത്തായി തന്നെഒരു വലിയ കുഴി ശരിയാക്കി, മഴയും വെയിലും ഏല്ക്കാത്തവിധം ഒരു മേൽക്കൂരയുണ്ടാക്കുകയും ചെയ്യും. ഈ രീതിയിൽ ചാണകം സംഭരിച്ചിടുന്ന സംവിധാനത്തിനാണ് "ചാണകക്കുഴി'എന്ന് പറയുക. ചാണകക്കുഴി തൊഴുത്തിൽ നിന്നും അല്പം അകലെയായിരിക്കുവാനും, ഈ കുഴിയിൽ ചെള്ളിയും മറ്റും വംശവർദ്ധന നടത്താതിരിക്കുന്നതിനായി ഇടയ്ക്കിടെ കുമ്മായം ചേരുവാനും ശ്രദ്ധിക്കേണ്ടതുമുണ്ട്. ■

*(തുടരും)*

*ലേഖകൻ*
*തിരുവനന്തപുരം ആകാശവാണിയിൽ*
*പ്രോഗ്രാം എക്സിക്യൂട്ടീവാണ്.*




# പ്രമേഹരോഗികൾക്കായി 'ഗൃഹശ്രീ'യുടെ സവിശേഷ ധാന്യപ്പൊടി

പ്രമേഹരോഗികൾക്കായി പുറത്തിറങ്ങുന്ന പ്രത്യേക ഭക്ഷണപദാർഥങ്ങൾക്കും മരുന്നുകൾക്കും മാർക്കറ്റിൽ ഇന്ന് യാതൊരു പഞ്ഞവുമില്ല. പ്രമേഹരോഗികളുടെ എണ്ണം നാൾക്കുനാൾ വർദ്ധിക്കുമ്പോൾ മാർക്കറ്റിൽ മൽസരിക്കാൻ ഇത്തരം ഉല്പന്നങ്ങളുടെ പരസ്യങ്ങളും ഒഴുകിയെത്തുന്നു. ഇതിനിടയിലേക്കാണ് തിരുവനന്തപുരം ജില്ലയിലെ ആര്യനാട് പഞ്ചായത്തിൽ കുടുംബശ്രീ പ്രവർത്തകരായ 12 സ്ത്രീകൾ പഞ്ചായത്തിന്റെ പൂർണ പിന്തുണയോടെ ആരംഭിച്ച സംരംഭത്തിലൂടെ പ്രത്യേകതരം ധാന്യപ്പൊടിയുമായി കടന്നുവരുന്നത്.

പഞ്ചായത്തും കുടുംബശ്രീയും തമ്മിലുള്ള ബന്ധത്തിന് ഉചിതമായ ഒരു ഉദാഹരണമാണ് ആര്യനാടുള്ള 'ഗൃഹശ്രീ' എന്നു പറയാം. പതിനൊന്നാം പദ്ധതിയിൽ മുൻതൂക്കം നല്കിയിരി ക്കുന്ന പ്രാദേശിക സാമ്പത്തിക വികസനം, ദാരിദ്ര്യ ലഘൂകരണം, സദ്ഭരണം, വനിതാ-ശിശു-ബാല-വൃദ്ധ ക്ഷേമ പരിപാടികൾ എന്നിവയ്ക്കുള്ള സാമൂഹ്യ പങ്കാളിത്തം കുടുംബശ്രീ സംവിധാനത്തിലൂടെയാണ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ പ്രാവർത്തികമാക്കിവരുന്നത്. അതിന്റെ ഭാഗമായി കുടുംബശ്രീ സംരംഭങ്ങളെ പരമാവധി സഹായിക്കുക എന്ന ഉത്തരവാദിത്ത പൂർണ്ണമായ നിലപാടുകളാണ് ഗ്രാമപഞ്ചായത്തുകൾ കൈക്കൊണ്ടിട്ടുള്ളത്. ആ നിലയ്ക്ക് ഗൃഹശ്രീയ്ക്കു വേണ്ടി ആര്യനാട് പഞ്ചായത്ത് നൽകിയ സഹായം പ്രശംസനീയമാണ്.

ആര്യനാട് പഞ്ചായത്തുവക മൂന്നുനില കെട്ടിടത്തിന്റെ താഴത്തെ നിലയിൽ ദിവസം ഒരു ടൺ ധാന്യം ഉണക്കാനും പൊടിക്കാനും കഴിയുന്ന യന്ത്രങ്ങളാണ് ഗൃഹശ്രീക്കുവേണ്ടി സ്ഥാപിച്ചിരിക്കുന്നത്. ധാന്യത്തിൽനിന്നും കല്ലും മണ്ണും വേർതിരിക്കാനും ഉമി കളഞ്ഞെടുക്കാനും പ്രത്യേകം യന്ത്രങ്ങളുണ്ട്. ഉണക്കാനും പൊടിക്കാനും മിക്സ് ചെയ്യാനും സംവിധാനങ്ങൾ ഉള്ളതുകൊണ്ട് അദ്ധ്വാനം വളരെ കുറവാണ്. കെട്ടിടവും മെഷിനറികളും പഞ്ചായത്ത് നൽകിയതോടെ ഗൃഹശ്രീയുടെ അംഗങ്ങൾ വളരെ സജീവമായി മുന്നോട്ടുവന്നു. ഒരു സ്വകാര്യക്കമ്പനി ഇവരുടെ ഉല്പന്നങ്ങൾ മൊത്തമായി വാങ്ങി വിൽക്കാനുള്ള ധാരണയിലെത്തിയെങ്കിലും പിന്നീട് ചില സാങ്കേതിക കാരണങ്ങളാൽ അത് മുന്നോട്ടുപോയില്ല. ഇപ്പോൾ പ്രാദേശികവിപണിയെ ആശ്രയിച്ചാണ് വിപണനം.

ഒരു വർഷം മുമ്പ് 50,000 രൂപ ബാങ്ക് വായ്പയെടുത്തുകൊണ്ട് യൂണിറ്റ് ആരംഭിക്കാനായി 500 രൂപ വീതം ഉപഭോക്തൃവിഹിതമായി ഓരോരുത്തരും നൽകി. അങ്ങനെ ഇവർ വലിയൊരു ധാന്യമില്ലിന്റെ ഉടമകളായി മാറി.

ഗൃഹശ്രീ ഉണ്ടാക്കുന്ന ധാന്യപ്പൊടികളിൽ പ്രധാനം ഡയബറ്റിക് ഫുഡ് ആണ്. വളരെ വ്യത്യസ്തവും സ്വാദിഷ്





ടവുമാണ് ഗൃഹശ്രീ ഡയബറ്റിക് ഫുഡ്. ചപ്പാത്തിയും പുട്ടും ദോശയുമൊക്കെ ഉണ്ടാക്കിക്കഴിക്കാവുന്ന തരത്തിൽ പതിനേഴുതരം ധാന്യങ്ങളും ഔഷധങ്ങളും ചേർത്താണ് ഡയബറ്റിക് ഫുഡ് ഉണ്ടാക്കുന്നത്. ഗോതമ്പ്, സോയ, ഉലുവ, ജീരകം, മഞ്ഞൾ, കായം തുടങ്ങിയവ ചേർന്ന ഈ മാവ് ഒരിക്കൽ ഉപയോഗിച്ചുനോക്കിയവർ വീണ്ടും അന്വേഷിച്ചെത്തുന്നുണ്ട്. ബാംഗ്ലൂരിലെ സി എഫ് ടി ആർ ഐ യിൽനിന്നുമാണ് സംരംഭകർക്ക് പരിശീലനം ലഭിച്ചത്. അസംസ്കൃതവസ്തുക്കൾ തിരുവനന്തപുരം നഗരത്തിലെ ചാല കമ്പോളത്തിൽനിന്നും മൊത്ത വിലയ്ക്കു വാങ്ങി ഉല്പാദന ച്ചെലവ് പരമാവധി കുറയ്ക്കാൻ ഇവർ ശ്രദ്ധിക്കുന്നുണ്ട്. ഗൃഹശ്രീ എന്ന പേരിൽ ആകർഷകമായ പാക്കിങ്ങോടെയാണ് ഡയബറ്റിക് ഫുഡ് വിപണിയിൽ എത്തിക്കുന്നത്. ഒരു വർഷം വരെ ഗൃഹശ്രീ ഡയബറ്റിക് ഫുഡ് കേടുകൂടാതെ സൂക്ഷിക്കാനാകുമെന്ന് സംഘത്തിന്റെ ലീഡർ രേണു പറയുന്നു. അത്രയേറെ ശുദ്ധവൃത്തിയോടെയാണ് അവർ ഇത് തയ്യാറാക്കുന്നത്. നന്നായി ഉണക്കിപ്പൊടിച്ച് വളരെ ശ്രദ്ധയോടെ പാക്ക് ചെയ്യുന്നു. ആര്യനാട് ഭാഗത്തെ മെഡിക്കൽ സ്റ്റോറുകളിലെല്ലാം ഈ ഗൃഹശ്രീ ഉല്പന്നം ലഭ്യമാണ്. അര കിലോയ്ക്ക് 30 രൂപയാണ് വില.

എല്ലാ ദിവസവും രാവിലെ 9 മണിക്ക് ഗൃഹശ്രീയിലെ മെഷീനുകൾ പ്രവർത്തിച്ചുതുടങ്ങും. 12 പേരും ഒരുപോലെയാണ് യൂണിറ്റിന്റെ പ്രവർത്തനങ്ങൾ നടത്തുന്നത്.

ഗൃഹശ്രീ ഉല്പന്നങ്ങൾക്ക് സംസ്ഥാന വ്യാപകമായി ഒരു വലിയ മാർക്കറ്റാണ് ഇവർ സ്വപ്നം കാണുന്നത്. എത്ര വലിയ ഓർഡർ വന്നാലും തങ്ങൾ ഏറ്റെടുക്കുമെന്ന ആത്മധൈര്യത്തോടെയാണ് സംഘത്തിലെ സ്ത്രീകൾ ഓർഡറുകൾക്കായി കാത്തിരിക്കുന്നത്. കുടുംബശ്രീ ഉല്പന്നങ്ങൾക്ക് ബൃഹത്തായ മാർക്കറ്റിങ്ങ് ശൃംഖലയുണ്ടാക്കാൻ കുടുംബശ്രീ മാർക്കറ്റിങ്ങ് വിഭാഗം ശ്രമം നടത്തിക്കൊണ്ടിരിക്കുന്നുണ്ട്. ടി.വി. പരസ്യങ്ങളിലൂടെയല്ലാതെ പ്രാദേശികതലത്തിൽ പ്രചാരമുണ്ടാക്കിക്കൊണ്ട് സംരംഭകർക്ക് പിടിച്ചുനിൽക്കാൻ കഴിയത്തക്കവിധത്തിൽ ഭാവനാപൂർണമായ പദ്ധതികൾ മിഷൻ വിഭാവനം ചെയ്യുന്നുണ്ട്. ഗൃഹശ്രീ പോലുള്ള കേരളത്തിലെ നിരവധി സംരംഭകർക്ക് ഇതിലൂടെ നേട്ടങ്ങളുണ്ടാക്കാനാവും.

വരുന്ന ഓണക്കാലത്തേയ്ക്ക് കുടുംബശ്രീ മേളകളിൽ ഗൃഹശ്രീയുടെ ഡയബറ്റിക് ഫുഡ് ശ്രദ്ധ പിടിച്ചുപറ്റുമെന്ന വിശ്വാസത്തിലാണ് ആര്യനാട്ടെ ഈ പന്ത്രണ്ടംഗസംഘം. അതിനായി പാക്കിങ്ങിലും വിപണനത്തിലും സൂക്ഷ്മതയോടെയുള്ള പരീക്ഷണങ്ങളാണ് ഇവർ നടത്തിവരുന്നത്. ■

*ലേഖിക കുടുംബശ്രീ മിഷനിൽ അസിസ്റ്റന്റ് എഡിറ്ററാണ്*

# വയലമ്മയും വേഴാമ്പലും



ഭാനുമതി മേനോൻ

വിഭാതമന്ദാനിലനകലെ നിന്നൂ–ദീപ്ത–
ഗഗനവും ചിരികോട്ടി നോക്കി നിന്നു.
വയലമ്മയ്ക്കുൾത്തടം വിണ്ടുകീറിപ്പതം–
പലതും പറഞ്ഞവൾ കേണുനിന്നു.
ആറ്റുവഞ്ചീമരക്കൊമ്പുണങ്ങി നിഴ–
ലേൽക്കാൻ കൊതിച്ചു വേഴാമ്പലോതി
ക്കുളിർമാരി വരുവതും കാത്തിരിക്കാൻ ഭൂമി–
ക്കൊരു കുഞ്ഞിക്കിളികൂടി കൂട്ടിനുണ്ടേ...
തോട്ടുവരമ്പീർപ്പമില്ലാഞ്ഞു പൂക്കൈത–
ക്കൂട്ടങ്ങളാടിത്തിമിർത്തുകെഞ്ചി
മഴവരാൻ താമസമെങ്കിൽ കുഞ്ഞിക്കാറ്റൊ–
ന്നടിമുടിത്തഴുകിക്കടന്നു പോകൂ...
പാടവരമ്പിന്റെ കാഞ്ഞമാളങ്ങളിൽ
നീർക്കോലിനാക്കണച്ചെത്തിനോക്കി
ആവേശപൂർവ്വം തവളകളൊന്നിച്ചി–
ട്ടാക്രോശ ഭാവമാർന്നേറ്റു ചൊല്ലി
മരമെല്ലാം കട്ടുമുടിച്ചവർക്കഴലില്ല
മഴവേണ്ട പുഴ വേണ്ട നിഴലു വേണ്ട
ദുരമൂത്തുതോണ്ടുന്നതവരുടെ പിൻമുറ–
ക്കുരുതിയ്ക്കു പാവുകുഴികളല്ലോ
ഒരു മാത്ര ചിന്തിക്കിലൊരുതുള്ളി വെള്ളത്തി–
നുഴലുന്ന നമ്മളിന്നന്യരാണോ...?
അറിവീല നമ്മളില്ലെങ്കിൽ മനുഷ്യർക്കു–
പുതുയുഗമൊരു വ്യർത്ഥ സ്വപ്നമല്ലോ!

# വാർത്തകളും വിശേഷങ്ങളും

## ഹരിതകേരളം പദ്ധതിക്ക് തുടക്കമായി



സംസ്ഥാനത്ത് ഒരു കോടി മരം വച്ചുപിടിപ്പിക്കുന്ന ഹരിത കേരളം പദ്ധതിക്ക് തുടക്കമായി. തിരുവനന്തപുരം ജില്ലയിലെ കല്ലിയൂർ പഞ്ചായത്തിലെ നേമം യു.പി. സ്കൂളിൽ മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ പദ്ധതി ഉദ്ഘാടനം ചെയ്തു. സാമൂഹ്യവനവൽക്കരണത്തിന്റെ ഭാഗമായി മണ്ണിലെ ജലാംശം വറ്റിക്കുന്ന മരങ്ങൾക്കുപകരം മാവും, പ്ലാവും, മഹാഗണിയും, നെല്ലിയും, ആഞ്ഞിലിയും അശോകവുമൊക്കെയാണ് നട്ടുവളർത്തേണ്ടതെന്ന് മുഖ്യമന്ത്രി പറഞ്ഞു. വനം-ഭവന നിർമ്മാണ മന്ത്രി ബിനോയ് വിശ്വം അദ്ധ്യക്ഷത വഹിച്ചു. ചടങ്ങിൽ തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി പാലോളി മുഹമ്മദ് കുട്ടി പ്രതിപക്ഷ നേതാവ് ഉമ്മൻ ചാണ്ടിക്ക് ആദ്യ തൈ വിതരണം ചെയ്തു. എൻ.ശക്തൻ എം.എൽ.എ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ആനാവൂർ നാഗപ്പൻ തുടങ്ങിയവർ പങ്കെടുത്തു.

## ഇംഎം.എസ്. സമ്പൂർണ്ണ ഭവന പദ്ധതി - അഞ്ച് ലക്ഷം വീടുകൾ

ഇംഎം.എസ്. സമ്പൂർണ്ണ ഭവന പദ്ധതി, ഫ്രണ്ട് ആഫീസ് സംവിധാനം, കമ്പ്യൂട്ടർവൽക്കരണം എന്നിവയ്ക്ക് പ്രാധാന്യം നൽകി ഗ്രാമപഞ്ചായത്തുകൾ പദ്ധതി പ്രവർത്തനം നടത്തണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി പാലോളി മുഹമ്മദ് കുട്ടി പറഞ്ഞു. പഞ്ചായത്ത് വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരുടെ യോഗത്തിൽ പങ്കെടുത്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. രണ്ട് ഘട്ടങ്ങളിലായി 5 ലക്ഷം പേർക്ക് വീട് നൽകുന്നതിനാണ് തീരുമാനിച്ചിരിക്കുന്നത്. അതിനുവേണ്ടി ഗുണഭോക്തൃ ലിസ്റ്റിലെ അപാകതകൾ പരിഹരിച്ച് നടപടി കൈകൊള്ളണം. കംപ്യൂട്ടർവൽക്കരണം 1997 ൽ ആരംഭിച്ചുവെങ്കിലും കാര്യമായ പുരോഗതി കൈവരിച്ചിട്ടില്ല. അതിനു സജീവ പരിഗണന നൽകണമെന്നും അദ്ദേഹം പറഞ്ഞു.

ഇ.എം.എസ് സമ്പൂർണ്ണഭവന പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റിന്റെ ആദ്യഘട്ട പരിശോധന ഈ മാസം 25 നകം പൂർത്തിയാക്കണമെന്ന് യോഗത്തിൽ പങ്കെടുത്ത തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എസ്.എം. വിജയാനന്ദ് പറഞ്ഞു. 79,000 വീടുകൾക്ക് ഇന്ദിര ആവാസ് യോജനയിൽപെടുത്തി കേന്ദ്രസഹായം ലഭിക്കും. അതിനു നൽകേണ്ട ഗുണഭോക്തൃ ലിസ്റ്റ് അടിയന്തരമായി പഞ്ചായത്തുകൾ നൽകണം. നിർമ്മൽ ഗ്രാമപുരസ്ക്കാരത്തിന് ഇനി അപേക്ഷിക്കേണ്ട ഗ്രാമപഞ്ചായത്തുകൾ പ്രത്യേക ഗ്രാമസഭായോഗം ചേർന്നതിന് ശേഷം മാത്രമേ അപേക്ഷിക്കാൻ പാടുള്ളു.കംപ്യൂട്ടറൈസേഷന്റെ പൂർണ്ണചുമതല ഇനി മുതൽ പഞ്ചായത്ത് വകുപ്പിനാണ്. ഇൻഫർമേഷൻ കേരള മിഷൻ സാങ്കേതിക സഹായം മാത്രമേ നൽകുകയുള്ളൂ. അതാത് ജില്ലയിലെ പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർമാർ ജില്ലാതലത്തിൽ കംപ്യൂട്ടർവത്ക്കരണം മോണിറ്റർ ചെയ്ത് റിപ്പോർട്ട് പഞ്ചായത്ത് ഡയറക്ടർക്ക് നൽകണം. ഈ വർഷം കൃത്യമായി എല്ലാ പഞ്ചായത്തുകളും ജൂലൈ 31ന് മുമ്പ് തന്നെ വാർഷിക ധനകാര്യ പത്രിക ആഡിറ്റിന് നൽകണം. നൽകാത്തവരെ പ്രോസിക്യൂട്ട് ചെയ്യുന്ന കാര്യത്തിൽ വിട്ടുവീഴ്ചയില്ലാത്ത സമീപനമായിരിക്കും സർക്കാർ കൈക്കൊള്ളുക. ജില്ലാതലത്തിൽ ആഡിറ്റ് മോണിറ്ററിംഗ് സമിതി കൃത്യമായി 3 മാസത്തിലൊരിക്കൽ യോഗം ചേരണം. ഓരോ വർഷത്തെയും അക്കൗണ്ട് ജില്ലാതലത്തിൽ സമാഹരിച്ച് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ അക്കൗണ്ടന്റ് ജനറലിന് നൽകണം. പുതുക്കിയ നിരക്കിൽ വസ്തു നികുതി തിട്ടപ്പെടുത്തുന്ന പ്രവർത്തനം യാതൊരു പുരോഗതിയും കൈവരിച്ചിട്ടില്ല. അസസ്മെന്റ് തയ്യാറാക്കി ഡിമാന്റ് നോട്ടീസ് നൽകുന്ന നടപടി ആഗസ്റ്റ് 31 നകം പൂർത്തിയാക്കണമെന്നും അദ്ദേഹം പറഞ്ഞു.പഞ്ചായത്ത് ഡയറക്ടർ ഡോ. വി.എം. ഗോപാലമേനോൻ, അഡീഷണൽ ഡയറക്ടർ ഈപ്പൻ ഫ്രാൻസിസ്, ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടർ എം.കെ. പ്രസാദ് വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.


## നെല്ലനാട് പെർഫോമൻസ് യൂണിറ്റ് വീണ്ടും മാതൃക

നെല്ലനാട് പെർഫോമൻസ് യൂണിറ്റിലെ മുഴുവൻ ഗ്രാമപഞ്ചായത്തുകളും (15) 2008-09 വർഷത്തെ വാർഷിക ധനകാര്യ പത്രിക മെയ് 31 നകം ലോക്കൽ ഫണ്ട് ആഡിറ്റിന് നൽകി സംസ്ഥാനത്തിനാകെ മാതൃകയായി. 2007-08 ലും വാർഷിക ധനകാര്യപത്രിക 2008 ജൂൺ 30 നകം ആഡിറ്റിന് നൽകി യൂണിറ്റിലെ ഗ്രാമപഞ്ചായത്തുകൾ ശ്രദ്ധ പിടിച്ചുപറ്റിയിരുന്നു. യൂണിറ്റ് അംഗങ്ങളെയും പഞ്ചായത്ത് ജീവനക്കാരെയും പഞ്ചായത്ത് ഡയറക്ടർ അനുമോദിച്ചു.

## പകർച്ചവ്യാധികൾക്കെതിരെ പ്രതിരോധ നടപടികൾ ഊർജ്ജിതപ്പെടുത്തി

കാലവർഷം ആരംഭിച്ചതോടെ സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്യപ്പെട്ട പകർച്ചവ്യാധികൾ നിയന്ത്രിക്കാൻ സത്വര പ്രതിരോധ നടപടികൾ സ്വീകരിച്ചതായി ആരോഗ്യവകുപ്പ് ഡയറക്ടർ അറിയിച്ചു. എല്ലാ ജില്ലകളിലും പകർച്ചവ്യാധികൾ നിയന്ത്രിക്കാൻ കൺട്രോൾ റൂമുകൾ തുറക്കാൻ നടപടി സ്വീകരിച്ചു. എല്ലാ ആരോഗ്യകേന്ദ്രങ്ങളിലും മരുന്നുകൾ. ബ്ലീച്ചിംഗ് പൗഡർ, ഒ.ആർ.എസ് എന്നിവയുടെ ലഭ്യത ഉറപ്പുവരുത്താനും, എലിപ്പനി ബാധിത മേഖലകളിൽ തൊഴിലെടുക്കുന്നവർക്ക് ഡോക്സിസെക്ലീൻ മരുന്നു ലഭ്യമാക്കുക, ആശുപത്രികളിൽ പ്രത്യേക പനിവാർഡ് സജ്ജമാക്കുക തുടങ്ങിയ നടപടികൾ ആരംഭിച്ചു കഴിഞ്ഞു. കൊതുകുജന്യ രോഗങ്ങൾ പ്രതിരോധിക്കുന്നതിന് കൊതുകുകളുടെ സാന്ദ്രത കൃത്യമായി നിരീക്ഷിക്കാനും വിവിധ കൊതുകുനിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കാനും നടപടിയെടുത്തു. വാർഡ് തലത്തിൽ ആരോഗ്യ ശുചിത്വ സമിതികളുടെ പ്രവർത്തനം ശക്തിപ്പെടുത്തി. ആവശ്യമായ സന്ദർഭങ്ങളിൽ മൊബൈൽ മെഡിക്കൽ ടീമിനെ നിയോഗിക്കും. പനി ബാധിക്കുന്നവർ സ്വയം ചികിത്സ നടത്താതെ തൊട്ടടുത്തുള്ള ആരോഗ്യ കേന്ദ്രങ്ങളിൽ വിദഗ്ദ്ധ പരിശോധനയ്ക്ക് വിധേയമാകണമെന്നും ഡയറക്ടർ അറിയിച്ചു. സാംക്രമിക രോഗങ്ങളെ പ്രതിരോധിക്കാൻ റസിഡൻഷ്യൽ അസോസിയേഷനുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സന്നദ്ധസംഘടനകൾ, പൊതുജനങ്ങൾ എന്നിവർ സഹകരിക്കണമെന്ന് ഡയറക്ടർ അഭ്യർത്ഥിച്ചു.

Edited and Published by Dr. V.M. Gopala Menon IAS, Director of Panchayats, Govt. of Kerala, Thiruvananthapuram - 695 033
and Printed for GLM at Akshara Offset, Thiruvananthapuram.




ഗ്രാമ നഗര ഭരണത്തിന്റെ
നേർക്കാഴ്ചകളുമായി




# പഞ്ചായത്ത് രാജ്

- ലേഖനങ്ങൾ
- മാതൃകകൾ
- അനുഭവങ്ങൾ
- ഫീച്ചറുകൾ
- അവലോകനങ്ങൾ
- വാർത്തകൾ

## വായിക്കുക വരിക്കാരാകുക

### പരസ്യ നിരക്ക്

| | | തുക (രൂപയിൽ) |
|---|---|---|
| കവർ (അവസാനപുറം) കളർ | : | 12000/- |
| കവർ (ഉൾവശം) കളർ | : | 10000/- |
| കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ് | : | 8000/- |
| മറ്റു പേജുകൾ (കളർ) | : | 8000/- |
| മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്) | : | 6000/- |
| അര പേജ് (കളർ) | : | 5000/- |
| അര പേജ് (ബ്ലാക്ക് & വൈറ്റ്) | : | 3000/- |

**വാർഷിക വരിസംഖ്യ : 120 രൂപ**

ഡിമാന്റ് ഡ്രാഫ്റ്റായോ,
മണിഓർഡറായോ അയയ്ക്കുക.

വിലാസം:

എഡിറ്റർ / പഞ്ചായത്ത് ഡയറക്ടർ,
പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്,
മ്യൂസിയം പി.ഒ., തിരുവനന്തപുരം-695033

Reg. No. KL/TV(N) 391/2009-11 PANCHAYATRAJ June 2009 Annual Subscription Rs. 120/-
License No. KL/TV(N) WPP-85/2009-11 Licensed to Post without Prepayment on 25th & 26th of every month

www.ammini.com

Ammini ENERGY SYSTEMS ™

ISO 9001 : 2000

ഊർജ്ജസംരക്ഷണത്തിന്റെ
വിജയഗാഥയുമായി

അമ്മിണി എനർജി സിസ്റ്റംസിന്റെ

# ലൈട്രോൺ

CFL വഴിവിളക്കുകൾ



- കേരളത്തിൽ മാത്രം 1.5 ലക്ഷത്തിൽ പരം ഇൻസ്റ്റലേഷൻസ്
- 575 ൽപരം ലോക്കൽ ബോഡി കസ്റ്റമേഴ്സ്
- ഇന്ത്യയിലെ ഏക ISI മാർക്ക്ഡ് CFL സ്ട്രീറ്റ്ലൈറ്റ്
- ISO 9001:2000 സർട്ടിഫൈഡ് ഉത്പാദനപ്രക്രിയ
- 15 മാസം വാറന്റി; കുറഞ്ഞ പരിപാലന ചെലവ്
- വാറന്റിക്കുശേഷം AMC മുഖാന്തിരം മെയിന്റനൻസ്
- മൊബൈൽ സർവ്വീസ് യൂണിറ്റുകൾ
- സ്റ്റോർ പർച്ചേസ് രജിസ്റ്റേർഡ്
- PWD രജിസ്റ്റേർഡ്
- NSIC രജിസ്റ്റേർഡ്
- SIDCO രജിസ്റ്റേർഡ്

BIS CERTIFIED
IS 10322 (Part 5/Section 3): 1987
Licence No. CM/L-6628278

ഇപ്പോൾ ടെണ്ടർ
വിളിക്കാതെ
സിഡ്കോ (SIDCO)
മുഖാന്തിരം
വാങ്ങാവുന്നതാണ്

സ്ട്രീറ്റ്മെയിൻ ഇല്ലാത്ത സ്ഥലങ്ങളിൽ
ഉപയോഗിക്കാവുന്ന
ഓട്ടോമാറ്റിക് സെൻസറോടു കൂടിയ
മോഡലുകൾ

ISO 9001:2000

BLENDING TECHNOLOGY
WITH NATURE

അമ്മിണി എനർജി സിസ്റ്റംസ്
ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്, പാപ്പനംകോട്,
തിരുവനന്തപുരം– 695 019
ഫോൺ: 0471-249 5588 ഫാക്സ്: 249 5599
ഇ–മെയിൽ: mail@ammini.com; www.ammini.com

കൂടുതൽ വിവരങ്ങൾക്ക് 0471-249 5588; 94473-20011; 93881-76974; 94473-20033